സാംഖ്യ സോഫ്റ്റ് വെയറിൽ കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പറുകൾ മാന്വൽ ആയി വൗച്ചറുകളിൽ നമ്പർ ചേർക്കുന്നു. ക്യാഷ്ബുക്ക്, ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൌച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ തനത് ഫണ്ടിന്റെ വൌച്ചറുകൾ മാത്രം ക്രമമായി സൂക്ഷിച്ചിരിക്കുന്നു. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുമില്ല. മാന്വൽ ക്യാഷ് ബുക്ക് സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്തു വരുന്നത്. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 9/ 19.02.2022)

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-26 വാർഷികകണക്കുകളിൽ ക്ലോസ് ചെയ്യപ്പെട്ട രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ചേർക്കുന്നു.

താഴെ ചേർത്തിരിക്കുന്ന രണ്ട് ബാങ്ക് അക്കൌണ്ടുകളുടെ പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ്ഷീറ്റിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | ബാങ്ക്ബുക്ക്, ബാലൻസ്ഷീറ്റ് എന്നിവ പ്രകാരമുള്ള 31/3/2021 ലെ | പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | കുറിപ്പ് | ഓഡിറ്റിൽ ശുപാർശ ചെയ്യുന്ന തുടർനടപടികൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നീക്കിയിരിപ്പ് | | | |
| 450230100-TDCB Own-3352 | 26516 | ഇല്ല. | 26516 രൂപ 3/7/17 ൽ പിൻവലിച്ച് അക്കൌണ്ട് ക്ലോസ് ചെയ്തിരിക്കുന്നു. (009293000023 എന്ന അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ) | തുക പിൻവലിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുക |
| 450410100-UBI-15443 | 1724 | ഇല്ല. | RBI-DEAF Scheme 2014 Fund ലേക്ക് മുതൽ കൂട്ടിയിരിക്കുന്നു.(നിർജ്ജീവ അക്കൌണ്ടായതിനാൽ മാറ്റിയതാണെന്ന് കാണുന്നു.) | 1.ഈ തുക തിരികെ ലഭിക്കാനുള്ള സാധ്യത പരിശോധിക്കുക<br>2നിലവിൽ നിർജ്ജീവമായ എല്ലാ തനത് ഫണ്ട് അക്കൗണ്ടുകളും പ്രവർത്തിക്കുന്ന അക്കൌണ്ടിലേക്ക് മാറ്റുക.ഗ്രാന്റ് അക്കൌണ്ടുകൾ തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കുക. അക്കൗണ്ട് നിർജ്ജീവമായതിന്റെ പേരിൽ തുക നഷ്ടപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്. |

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-27 മുൻകൂർ തുകയുടെ കണക്കുകൾ -ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വസ്തുനികതി | 350410101-Advance Collection Of Revenues-Property Tax | 186210 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 1770450 |

(ഓഡിറ്റ് എൻക്വയറി നം . 9/ 19.02.2022)
ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

.

## 1-28 Capital Work In Progress - തുക കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| 412100100- Capital Work In Progress-Development Fund | 26176289/- |
| 412100500- Capital Work In Progress- Fund For Transferred Instituition | 1035764/- |

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-29 സ്ഥിരനിക്ഷേപം-വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ഫിക്സഡ് ഡെപ്പോസിറ്റ് റസീറ്റ് പ്രകാരം സ്ഥിരനിക്ഷേപം 30,95,943/- രൂപയും,വാർഷികകണക്ക് പ്രകാരം 31,49,583/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫിക്സഡ് ഡെപ്പോസിറ്റിന് തൻവർഷം ലഭിക്കേണ്ട പലിശ കണക്കാക്കി ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ടി തുക പലിശയിനത്തിൽ വരവായി എടുക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം . 9/ 19.02.2022)

## 1-30 തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

1) 2004-05 വർഷം ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് വേണ്ടി ലഭിച്ച തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല. ടി തുകSBI No.10307104055 അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ അക്കൗണ്ടിൽ 4571235.92 രൂപ അവശേഷിക്കുന്നു.ടി തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഫണ്ട് ലഭിച്ച ഹെഡ്ഡിലേക്ക് തന്നെ തിരിച്ചടവാക്കേണ്ടതാണ്.

2) ഇന്ത്യൻ ബാങ്ക് അക്കൗണ്ടിൽ (നം. 8998 ൽ നിലവിൽ 2486595/- രൂപ നീക്കിയിരിപ്പുണ്ട്.എന്നാൽ ടി അക്കൗണ്ടിൽ തുക അടവാക്കുകയോ,പിൻവലിക്കുകയോ ചെയ്യുന്നില്ല.ഫണ്ട് ലഭ്യതയുടെ ഉദ്ദേശ്യവും ലഭ്യമല്ല..

മേൽ അക്കൗണ്ടുകളിൽ പലിശ ക്രെഡിറ്റ് ചെയ്യുക മാത്രമാണ് ചെയ്യുന്നത്. ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ചട്ട വിരുദ്ധമായി കെട്ടിടമുറികൾ അനന്തരവകാശികൾക്ക് കൈമാറ്റം ചെയ്യുന്നു.

ഫയൽ നമ്പർ R4-9468/18 പരിശോധിച്ചതിൽ നഗരസഭാ മാർക്കറ്റിലെ XIV/336 നമ്പർ മുറിയുടെ ലൈസൻസി ആയിരുന്ന ശ്രീ മാണിക്യൻ പാറമേക്കാട്ടിൽ എന്ന വ്യക്തി 24.12.2005 ൽ മരണപ്പെട്ടു പോയിട്ടുള്ളതും ടി വിവരം നഗരസഭയെ അറിയിക്കാതെ ടിയാന്റെ മകനായ ശ്രീ സുരേഷ് പി എം എന്ന വ്യക്തി കച്ചവടം ചെയ്തു വരികയും ചെയ്തു. 26.06.2018 ലാണ് ശ്രീ സുരേഷിന്റെ പേരിൽ കടമുറി ലൈസൻസ് കൈമാറ്റം ചെയ്യുന്നതിന് അപേക്ഷ നൽകിയത്. ശ്രീ സുരേഷ് 2016-17 വർഷത്തെ എഗ്രിമെന്റിന് മാണിക്യൻ ഒപ്പു വെച്ച അപേക്ഷ സമർപ്പിച്ച് നഗരസഭയെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. ടിയാൻ എല്ലാ രേഖകളും ഹാജരാക്കാത്തതിനാൽ ടിയാന് കടമുറി കൈമാറ്റം ചെയ്യാത്തതും 28.10.2019 ൽ കടമുറി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ സുരേഷ് ഇരിഞ്ഞാലക്കുട മുൻസിഫ് കോടതി മുമ്പാകെ O S No.832/2019 കേസ് നൽകിയതിൽ ടിയാന് പ്രതികൂലമായി 'ശ്രീ മാണിക്യന്റെ മരണത്തോടെ ലൈസൻസ് കാലഹരണപ്പെട്ടതായും ആയത് പാരമ്പര്യമായി കൈമാറാവുന്ന ഒന്നല്ല' എന്നും കോടതി നിരീക്ഷണം നടത്തി (Licence Is Not Heritable And Transferable) വിധി നൽകിയിട്ടുണ്ട്.

മേൽ ഫയൽ പരിശോധിച്ചതിൽ കരാറുടമ്പടി ഒപ്പുവയ്ക്കുന്നതിന് ലൈസൻസി നേരിട്ട് ഹാജരാകാത്തതിനാലാണ് നഗരസഭയെ തെറ്റിദ്ധരിപ്പിക്കാനിടയായതെന്ന് മനസ്സിലാക്കുന്നു.

2020-21 വർഷത്തെ വാടക രജിസ്റ്ററുകൾ/ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൗൺസിൽ അനുമതിയോടെ അനന്തരാവകാശികൾക്ക് കെട്ടിടമുറി കൈമാറിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടമുറി | പഴയ ലൈസൻസി | പുതിയ ലൈസൻസി |
|---|---|---|
| XV/438 | കെ എൽ ജോർജ്ജ്,കാട്ടൂക്കാരൻ | കെ ജി തോമസ് കാട്ടൂക്കാരൻ (R4-10094/19) |
| XV/588 | കുഞ്ഞുവറീത്, പനങ്കുടൻ | വിൽസൻ, പനങ്കുടൻ (R4-15810/19) |

ചട്ടം അനുസരണമല്ലാതെ ലൈസൻസ് കൈമാറ്റം ചെയ്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നമ്പർ 51/3.03.2022) ലൈസൻസി മരണപ്പെടുന്ന സാഹചര്യത്തിൽ മാനുഷിക പരിഗണനയുടെ പേരിൽ കൗൺസിൽ അംഗീകാരത്തോടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക എന്നിവ നിശ്ചയിച്ച് കെട്ടിടമുറി കൈമാറ്റം ചെയ്യുന്നു എന്നാണ് അറിയിച്ചത്.

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(സി) പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതോ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള എല്ലാ സംഗതികളിലും പരസ്യലേലമോ ടെണ്ടർ മുഖാന്തിരമോ മാത്രമേ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ. മേൽ സാഹചര്യങ്ങളിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കരാർ പുതുക്കുന്ന സാഹചര്യത്തിൽ ലൈസൻസികൾ നേരിട്ട് ഹാജരായി കരാറുടമ്പടി ഒപ്പുവയ്ക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 1-32 വാടകയ്ക്കു നൽകിയ നഗരസഭയുടെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ

20-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ 28.02.2022 തീയതിയിൽ നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ പരിശോധിച്ചു.

1) ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സ്

2)റെസ്റ്റ് ഹൌസ് ഷോപ്പിങ്ങ് കോംപ്ലക്സ്

3) പുതിയ ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സ്

4) ടൌൺ ഹാൾ ഷോപ്പിങ്ങ് കോംപ്ലക്സ്

പരിശോധനയിൽ കണ്ട കാര്യങ്ങൾ

1) XXII/259, XXII/260 കടമുറികളിൽ ലോട്ടറി വ്യാപാരം നടത്തുന്നു. XXII/259 നമ്പർ മുറി ശ്രീ.സെബാസ്റ്റ്യൻ തേക്കാനത്ത്(ലൈസൻസി) എന്നവരുടെ പേരിൽ ലൈസൻസ് കൊടുത്ത മുറി ഒഴിഞ്ഞു കിടക്കുന്നു എന്നാണ് റവന്യൂ വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

2) XXII/255 എന്ന മുറി ശ്രീമതി ബിന്ദു ഗോപിനാഥൻ എന്നവരാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി മുറിയിൽ ശ്രീ ഉണ്ണിക്കൃഷ്ണൻ എന്ന വ്യക്തിയാണ് വ്യാപാരം ചെയ്യുന്നത്.

3) XXII/247 എന്ന മുറി ശ്രീമതി രമണി ശാസ്താംകടത്ത് എന്നവരാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി മുറിയിൽ സുകുമാരൻ എന്ന വ്യക്തിയാണ് വ്യാപാരം ചെയ്യുന്നത്.

4) XXIV/441(A) എന്ന മുറി രതീഷ്, അമ്മാപറമ്പിൽ എന്ന വ്യക്തിയാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി മുറിയുടെ ഉപയോഗക്രമം സ്റ്റേഷനറി എന്നാണ് റവന്യൂ വിഭാഗത്തിലും സി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരവും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുറി മൂന്നായി തിരിച്ച് ലോട്ടറി,മോബൈൽ ഫോൺ സർവ്വീസിങ്ങ് എന്നിങ്ങനെ വ്യാപാരം നടത്തുന്നു.

5) XXIV/442 നം. മുറി പീതാംബരൻ വി, വെട്ടിക്കര എന്ന വ്യക്തിയാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി മുറി രണ്ടായി തിരിച്ച് കറി കമ്പനി. ഡിടിപി

വ്യാപാരങ്ങൾ നടത്തുന്നു.

6) XXIV/487 നം. മുറി വി കെ സുഗുണൻ, വേലം പറമ്പിൽ എന്ന വ്യക്തിയാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി കടമുറിയിൽ ശ്രീ മിൻഹാസ് എന്ന വ്യക്തിയാണ് വ്യാപാരം നടത്തുന്നത്. ശ്രീ. സുഗുണൻ എന്ന വ്യക്തി മരണപ്പെട്ടു എന്നാണ് അന്വേഷണത്തിൽ അറിഞ്ഞിട്ടുള്ളത്.

7) റെസ്റ്റ് ഹൗസ് കെട്ടിടങ്ങൾ കാലം പഴക്കം മൂലം ശോച്യാവസ്ഥയിലാണ്.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് - സെക്ഷൻ 215(4) പ്രകാരം വാടകയ്ക്ക് കൊടുത്തിട്ടുള്ള യാതൊരു കെട്ടിടമോ മുറിയോ ലൈസൻസുകാരൻ മുനിസിപ്പാലിറ്റിയുടെ അനുമതി കൂടാതെ മറ്റേതെങ്കിലും ആൾക്ക് വാടകയ്ക്ക് കൊടുക്കാനോ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതാണ്. ഒരാൾക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ള ഏതെങ്കിലും കെട്ടിടമോ മുറിയോ മറ്റൊരാൾക്ക് കൊടുത്തതായി ബോധ്യപ്പെട്ടാൽ ഉത്തരവ് വഴി ലൈസൻസ് റദ്ദാക്കേണ്ടതും കെട്ടിടമുറി കൈവശം വച്ചിരിക്കുന്ന ആളുകളോട് ഒഴിഞ്ഞു പോകാൻ ആവശ്യപ്പെടേണ്ടതുമാണ്. ടി കെട്ടിടമുറികൾ സംബന്ധിച്ച് പരിശോധന നടത്തി മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ- സെക്ഷൻ 215(5) ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ശോച്യാവസ്ഥയിലുള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുകയോ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയോ ചെയ്യാവുന്നതാണ്.

## 1-33 നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങൾ - ലേല നടപടികൾക്ക് കൂടുതൽ പ്രചാരണം നൽകേണ്ടതാണ്.

വാടക ഡി.സി.ബി രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള താഴെ പറയുന്ന കെട്ടിടങ്ങൾ 2020-21 വർഷത്തിൽ 'ഒഴിവ്' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| കെട്ടിടം | മുറികൾ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം വാടക | 2021-22 വർഷത്തെ സ്ഥിതി (ഓഡിറ്റ് എൻക്വയറി നം.13 നുള്ള മറുപടി പ്രകാരം) |
|---|---|---|---|
| കസ്തൂർബാ വനിതാ ഷോപ്പിംഗ് കോംപ്ലക്സ് (താഴത്തെ നില) | XVIII/ 127 H,M,P,Q | 4000/- | XVIII/ 127 M ഒഴികെ മറ്റ് കെട്ടിടങ്ങൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. |
| കസ്തൂർബാ വനിതാ ഷോപ്പിംഗ് കോംപ്ലക്സ് (ഒന്നാം നില) | XVIII/127 S,T,W,Y,Z,1,2,3,4,5,6,7,8,9,10 | 3500/-(XVIII/127 S,W,Y,Z,1,2)<br>3000/-(XVIII/127 (3) To (10))<br>5500/-(XVIII/127 T) | XVIII/127 6,8,9 ഒഴികെ മറ്റ് കെട്ടിടങ്ങൾ ലേലവും പുനർലേലവും ഓഫർ ക്ഷണിക്കലും നടത്തിയിട്ടും ലേലത്തിൽ പോയിട്ടില്ല. നിലവിൽ ഒഴിവാണ്. |
| റാണാ ടൂറിസ്റ്റ് ഹോം | XV/720 To 723 | 2500/- | കാലപ്പഴക്കം മൂലം പൊട്ടിപ്പൊളിഞ്ഞ സ്ഥിതിയിലായതിനാൽ അറ്റകുറ്റപ്പണികൾ നടത്തിയതിനു ശേഷം ലേലം ചെയ്താൽ മതിയെന്ന് കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. (7/ 28.2.21) |
| മത്സ്യ മാംസ മാർക്കറ്റ് | XIV/ 356(20) | 2000/- | ലേലത്തിൽ പോയിട്ടില്ല. |
| ഫിഷ് മാർക്കറ്റ് സ്റ്റാൾ | Single- 7,11,14,15,25,28<br>Double – 1 To 6, 8 To 10, 12,13,16,17,19,23<br>20,21(SC/ST Reservation)<br>22,24,26(Women Reservation) | | എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ലേലത്തിൽ പോകുന്നില്ല. |

(ഓഡിറ്റ് എൻക്വയറി നം 13/23.02.2022)

ടി മുറികൾ 26.2.20, 16.03.20 തീയതികളിൽ ലേലം നടത്തിയിട്ടുള്ളതാണ്. ടി മുറികള് 2021-22 വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് അന്വേഷണക്കുറിപ്പ് നല്കിയതിൽ മറുപടി നൽകിയതിന്റെ വിവരങ്ങൾ മേൽ പട്ടികയിൽ കോളം 4 ൽ ചേർത്തിട്ടുണ്ട്. മേൽ മുറികൾ ലേലവും പുനർലേലവും ഓഫർ ക്ഷണിക്കലും നടത്തിയിട്ടും ലേലത്തിൽ പോകാത്തവയാണെന്നാണ് അറിയിച്ചത്.

ഓഡിറ്റ് ശുപാർശകൾ

1) കസ്തൂർബാ വനിതാ ഷോപ്പിംഗ് കോംപ്ലക്സ് വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നഗരസഭയോട് ചേർന്ന് പണിതിട്ടുള്ള കെട്ടിടമാണ്. നിലവിലുള്ള താഴത്തെ നില കൂടാതെ മുകൾ നില കൂടി ആയതിന് വേണ്ടി 2020-21 വർഷം മുതൽ ഉപയുക്തമാക്കിയിട്ടുള്ളതാണ്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിച്ചിട്ടുള്ളതോ സ്വയം തൊഴിൽ സംരംഭകരായിട്ടുള്ളതോ ആയ വനിതാ തൊഴിൽ സംരംഭകർക്ക് ടി കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് വ്യാപകമായ പ്രചാരണം നടത്താവുന്നതാണ്.

2) ശ്യോച്യാവസ്ഥയിലുള്ള കെട്ടിടങ്ങൾ സമയാസമയങ്ങളിൽ അറ്റകുറ്റ പണി നടത്തി പരിപാലിക്കേണ്ടതും ഫിറ്റ്നസ് ഉറപ്പുവരുത്തി വാടകയ്ക്ക് നൽകേണ്ടതുമാണ്.

3) ഫിഷ് മാർക്കറ്റ് സ്റ്റാളിലെ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക്

വർക്ക് ഓർഡർ നല്കിയതായി അറിയിച്ചിട്ടുണ്ട്. ആയത് എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കി ഉപയോഗപ്പെടുത്തേണ്ടതാണ്. ആയത് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്.

## 1-34 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിലെ കുടിശ്ശിക - കാലഹരണപ്പെടാതെ അടിയന്തിരമായി ലൈസൻസികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2020-21 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിലെ കുടിശ്ശിക താഴെ ചേർക്കുന്നു.

| കെട്ടിടം | കുടിശ്ശിക | കുടിശ്ശിക അടവാക്കിയതിന്റെ വിവരങ്ങൾ |
|---|---|---|
| കസ്തൂർബാ വനിതാ ഷോപ്പിംഗ് കോംപ്ലക്സ് | 49770/- | 24825/-(12160116440/ 21.2.22) |
| ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | 14960/- | 2021-22 വർഷത്തിൽ ഈടാക്കി |
| പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 42909/- | 2021-22 വർഷത്തിൽ ഈടാക്കി |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 22929/- | 2021-22 വർഷത്തിൽ ഈടാക്കി |
| മുനിസിപ്പൽ റസ്റ്റ് ഹൗസ് | 10933/- | 4633/- രൂപ 2021-22 വർഷത്തിൽ ഈടാക്കി |
| പൂതംകളം ഷോപ്പിംഗ് കോംപ്ലക്സ് | 6348/- | 2021-22 വർഷത്തിൽ ഈടാക്കി |
| ഠാണാ ഷോപ്പിംഗ് കോംപ്ലക്സ് | 131635/- | 10060/- 2021-22 വർഷത്തിൽ ഈടാക്കി |
| മാർക്കറ്റ് സ്റ്റാൾ | 48031/- | 43951/- 2021-22 വർഷത്തിൽ ഈടാക്കി |
| പച്ചക്കറി സ്റ്റാൾ | 7545/- | 2021-22 വർഷത്തിൽ ഈടാക്കി |
| മത്സ്യ മാംസ മാർക്കറ്റ് | 125590/- | 40020/- 2021-22 വർഷത്തിൽ ഈടാക്കി |
| പെട്ടിക്കടകൾ | 7099/- | 1455/- 2021-22 വർഷത്തിൽ ഈടാക്കി |
| മോഡേൺ ഫിഷ് മാർക്കറ്റ് | 12786/- | 2021-22 വർഷത്തിൽ ഈടാക്കി |
| മേഖലാ കാര്യാലയത്തിലെ കെട്ടിടങ്ങൾ | 154405/- | വിവരം ലഭ്യമാക്കിയിട്ടില്ല. |
| മുൻവർഷ കുടിശ്ശിക | 97409/- | 2018-19 മുതൽ ഉള്ള കുടിശ്ശിക |
| ആകെ | 732349/- | |

മേൽ ഇനത്തിൽ ശേഷിക്കുന്ന തുക കാലഹരണപ്പെടാതെ അടിയന്തിരമായി ലൈസൻസികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-35 ലൈസൻസികൾ കരാർ ഉടമ്പടികൾ ഒപ്പുവെച്ചിട്ടില്ല.

പൊറത്തിശ്ശേരി മേഖലാ കാര്യാലയത്തിന്റെ ഉടമസ്ഥതയിൽ ഉള്ള താഴെപ്പറയുന്ന കടമുറികളുടെ ലൈസൻസികൾ കരാർ ഉടമ്പടികൾ ഒപ്പുവെച്ചിട്ടില്ല.

| ലൈസൻസിയുടെ പേര് | കെട്ടിട നം. |
|---|---|
| നന്ദനൻ സി.കെ | II-24 |
| പോസ്റ്റ് മാസ്റ്റർ, കരുവന്നൂർ | II-23 |
| പ്രേമാനന്ദൻ, കൈപ്പുള്ളി | X-494 |
| അയ്യപ്പദാസ് വെളിയത്ത് | X-480 |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(3) പ്രകാരം എല്ലാ ലൈസൻസികളും കെട്ടിടം ഉപയോഗിക്കുന്നതിനും കൈവശം വെയ്ക്കുന്നതിനും വാടക / ഫീസിന്റെ നിരക്ക്, അടവാക്കേണ്ട സമയം എന്നിവ സംബന്ധിച്ച് ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതാണ്.

മുൻവർഷങ്ങളിൽ വാടകയ്ക്ക് നല്കിയവരുടെ കാര്യത്തിൽ കെട്ടിടമുറികൾ കൈവശം വെയ്ക്കുന്നതിനുള്ള കരാർ പ്രകാരമുള്ള വാടക കാലാവധി കഴിയുന്നതോടെ വാടക കെട്ടിടം തിരിച്ചേല്പിക്കേണ്ടതാണ്. ആയത് പുതുക്കാത്തവരുടെയും കരാർ ഉടമ്പടി ഒപ്പു വയ്ക്കാത്തവരുടെയും കാര്യത്തിൽ വാടകക്കാരെ കയ്യൊഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ലെഡ്ജർ പ്രകാരമുള്ളവയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടന്നിട്ടുള്ള ലേലഫയലുകൾ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ 150100200- Sale Of Scrap ലെഡ്ജർ പ്രകാരം 500262 രൂപയുടെയും 150120300- Receipts From Auction Of Obselete Assets- ലെഡ്ജർ പ്രകാരം 49500/- രൂപയുടെയും വരുമാനം ലഭിച്ചിട്ടുണ്ട്. ആയതിൽ ആരോഗ്യ വിഭാഗത്തിലെ ഫയലുകളും വാർഡ് 37 ലെ അംഗൻവാടി പൊളിച്ചതിന്റെയും മാത്രമാണ് ഫയലുകൾ ഹാജരാക്കിയത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടന്നിട്ടുള്ള മറ്റ് ലേലഫയലുകൾ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 വസ്തുനികുതി- അരിയർ മുൻവർഷത്തേയും തൻവർഷത്തെയും വാർഡ് തിരിച്ചുള്ള ഡി.സി.ബി പത്രിക ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 4,73,47,275/- രൂപ ഡിമാന്റും 3,63,54,307/- രൂപ തൻവർഷ കളക്ഷനും 2,25,92,415/- രൂപ കുടിശ്ശികയിനത്തിൽ കളക്ഷനും യഥാക്രമം 1,15,42,505/- രൂപ, 2,83,97,241/- രൂപ തൻവർഷ, മുൻവർഷ കുടിശ്ശികയിനങ്ങളിൽ നീക്കിയിരിപ്പുമുണ്ട്. ടി കുടിശ്ശിക 2021-22 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാനും മുൻവർഷങ്ങളിലെ കുടിശ്ശിക ഏതു വർഷം മുതലാണെന്ന് അറിയിക്കാനും അരിയർ മുൻവർഷത്തേയും തൻവർഷത്തെയും വാർഡ് തിരിച്ചുള്ള ഡി.സി.ബി പത്രിക ഹാജരാക്കാനും ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാനായിട്ടില്ല. അരിയർ മുൻവർഷത്തേയും തൻവർഷത്തെയും വാർഡ് തിരിച്ചുള്ള ഡി.സി.ബി പത്രിക തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ആയത് ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു.

## 1-38 ഡി & ഒ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | ഡി & ഒ രജിസ്റ്റർ പ്രകാരം നടത്തുന്ന വ്യാപാരം | സ്ഥാപന ഉടമ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരം | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|
| 18/ 9 | ഗ്യാസ് സിലിണ്ടർ | A. L. ചാക്കോ, അക്കരക്കാരൻ | കെട്ടിട നമ്പർ ഇല്ല. | വ്യാപാര ലൈസൻസ് നൽകുന്നതിന് മുമ്പ് ടി കെട്ടിടത്തിന് 2019-20 വർഷത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 18/ 121 | 3 വീലർ സർവ്വീസ് | P.S. സജി, പേരാത്ത് | ആൻസൻ വിൻസന്റ് എന്ന വ്യക്തിയുടെ വാസഗൃഹം | വ്യാപാര ലൈസൻസ് നൽകുന്നതിന് മുമ്പ് ടി കെട്ടിടത്തിന് 2019-20 വർഷത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ ടി കെട്ടിടത്തിന്റെ വിനിയോഗത്തിന്റെ തരം മാറ്റേണ്ടതാണ്. |
| 19/99, 100, 101, 102 | കശുവണ്ടി, ഫ്രൂട്ട്സ്, കറിപൗഡർ, നെയ്യ്, പാക്ക്ഡ് മീറ്റ് മുതലായ വ്യാപാരം | സജി N.L., നെല്ലിശ്ശേരി | P J ആന്റണി എന്ന വ്യക്തിയുടെ 18.2 + 70.5 + 70.5 + 71.00 ച.മീ. വിസ്തീർണമുള്ള കെട്ടിടങ്ങൾ 100 $M^2$ ന താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 60/- രൂപ നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. | ടി കടമുറികൾ എല്ലാം ചേർത്ത് ഒറ്റ വ്യാപാരമായി ഉപയോഗിക്കുന്നതിനാൽ 100 $M^2$ ന മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 90/- രൂപ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്. ആയത് നിർണയിച്ച് അറിയിക്കേണ്ടതാണ്. |
| 19/ 146 | ഇലക്ട്രോണിക്സ് വ്യാപാരം | ഗ്ലൈസൺ വിൻസന്റ് | കെട്ടിട നമ്പർ ഇല്ല. | വ്യാപാര ലൈസൻസ് നൽകുന്നതിന് മുമ്പ് ടി കെട്ടിടത്തിന് 2019-20 വർഷത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 19/ 196 | ആർ.ആർ. ടൈംസ് & ഒപ്റ്റിക്കൽസ് | ലിജി റൈജു | കെട്ടിട നമ്പർ ഇല്ല. | വ്യാപാര ലൈസൻസ് നൽകുന്നതിന് മുമ്പ് ടി കെട്ടിടത്തിന് 2019-20 വർഷത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 19/ 237 To 240 | സ്മിതാസ് സാരീസ് & റെഡിമെയ്ഡ്സ് | ഒ.എം. സുമ | 19/ 239, 240 കെട്ടിട നമ്പർ ഇല്ല. | വ്യാപാര ലൈസൻസ് നൽകുന്നതിന് മുമ്പ് ടി കെട്ടിടങ്ങൾക്ക് 2019-20 വർഷത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 19/ 261 To 264 | സെന്റ് തോമാസ് കറീസ് & ചിട്ടീസ് | ഫാ. ആന്റു ആലപ്പാട്ട് | 19.5 + 19.5 + 40.5 + 40.5 വിസ്തീർണമുള്ള കെട്ടിടങ്ങൾ 100 $M^2$ ന താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 60/- രൂപ നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. | ടി കടമുറികൾ എല്ലാം ചേർത്ത് ഒറ്റ വ്യാപാരമായി ഉപയോഗിക്കുന്നതിനാൽ 100 $M^2$ ന മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 90/- രൂപ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്. ആയത് നിർണയിച്ച് അറിയിക്കേണ്ടതാണ് |
| 19/ 516 | ആലുക്കൽ ട്രേഡേഴ്സ് | വിനു വിൻസന്റ് ആലുക്കൽ | 34 ച.മീ. വിസ്തീർണമുള്ള വാസഗൃഹം | വ്യാപാര ലൈസൻസ് നൽകുന്നതിന് മുമ്പ് ടി കെട്ടിടത്തിന് 2019-20 വർഷത്തിൽ വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ ടി കെട്ടിടത്തിന്റെ വിനിയോഗത്തിന്റെ തരം മാറ്റേണ്ടതാണ്. |

## 1-39 ഫോറം 6 പ്രകാരം നികുതി നിർണയിച്ചതും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിർണയിച്ചതും വ്യത്യാസപ്പെട്ടിരിക്കുന്നു.

BA 762/18-119, ML-9/20 ഫയലുകൾ പ്രകാരം–രാജീവ്, രമ്യ പൊട്ടയിൽ വീട് എന്ന വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ള 221.84 ച.മീ. വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിന് 19.9.20 തീയതിയിൽ ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. ഫയൽ പ്രകാരമുള്ള ഫോറം 6 പ്രകാരം നികുതി നിർണയിച്ചതിന്റെയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിർണയിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | തറവിസ്തീർണം | ഫോറം 6 പ്രകാരം അടിസ്ഥാന വസ്തു നികുതി | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം അടിസ്ഥാന വസ്തു നികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും മുമ്പുള്ളത്) |
|---|---|---|---|---|
| 1 | XXV/46(2) | 27.73 | 3882/- | 1663.8 |
| 2 | XXV/46(3) | 27.73 | 3882/- | 1663.8 |
| 3 | XXV/46(4) | 27.73 | 3882/- | 2495.7 |

| | | | | |
|---|---|---|---|---|
| 4 | XXV/46(5) | 27.73 | 3882/- | 1663.8 |
| 5 | XXV/46(6) | 27.73 | 3882/- | 1663.8 |
| 6 | XXV/46(7) | 27.73 | 3882/- | 1663.8 |
| 7 | XXV/46(8) | 27.73 | 3882/- | 1663.8 |
| 8 | XXV/46(9) | 27.73 | 3882/- | 1663.8 |
| | ആകെ | 221.84 | | |

ടി കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 140/- രൂപ നിരക്കിലാണ് റിട്ടേൺ പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ നികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 60/-, 90/- നിരക്കുകളിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. മേൽ വ്യത്യാസം സംഭവിച്ചതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 44/03.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായി നികുതി നിർണയിച്ചതിന്റെ സാഹചര്യം അറിയിക്കേണ്ടതും ശരിയായ നിരക്കിൽ നികുതി നിർണയിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-40 അനധികൃത കെട്ടിടങ്ങളുടെ ഡി.സി.ബി പത്രിക ഹാജരാക്കിയിട്ടില്ല

അനധികൃത കെട്ടിടങ്ങളുടെ ഡി.സി.ബി പത്രിക ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നല്കിയതിൽ (ഓഡിറ്റ് എൻക്വയറി നം. 2/15.02.2022) ആയതിന്റെ ഡി.സി.ബി പത്രിക ഹാജരാക്കുന്നതിന് സമയപരിധി ആവശ്യമാണെന്നും ടി നിർമ്മാണങ്ങളിന്മേൽ റവന്യൂ റിക്കവറിയും കേസും നിലവിലുള്ളതിനാൽ കൂടുതൽ കൃത്യതയോടെ തയ്യാറാക്കി സമർപ്പിക്കുന്നതുമാണെന്നാണ് മറുപടി നൽകിയത്.

അനധികൃത കെട്ടിടങ്ങളുടെ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് നോട്ടീസ് നല്കുന്നുണ്ടെന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നുണ്ടെന്നുമാണ് റവന്യൂ വിഭാഗത്തിൽ നിന്നും അറിയിച്ചത്. മേൽപ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെയും റവന്യൂ റിക്കവറിക്കെതിരെയും കെട്ടിട ഉടമകൾ കോടതി മുമ്പാകെ അന്യായം ഫയൽ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കേസുകൾ നിലനില്ക്കുന്നതിനാൽ നഗരസഭയ്ക്ക് നികുതിയിനത്തിൽ വൻനഷ്ടം സംഭവിക്കുന്നുണ്ട്. അനധികൃത കെട്ടിടങ്ങളുടെ ഡി.സി.ബി പത്രിക ഹാജരാക്കാത്തതിനാൽ ഈയിനത്തിലുള്ള നഷ്ടം കണക്കാക്കാനായിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും അനധികൃത കെട്ടിടനിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-41 ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 50/03.03.2022)

## 1-42 അനധികൃത കെട്ടിട നിർമ്മാണങ്ങൾ-ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

റവന്യൂ വിഭാഗത്തിലെ യു.എ. ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. ടി കെട്ടിടങ്ങളിൽ നിലവിൽ വ്യാപാരം നടക്കുന്നുണ്ടോയെന്ന് അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം. 5/17.02.2022) നഗരസഭയിൽ നിന്ന് ഫാക്ടറി/വ്യാപാര ലൈസൻസ് അനുവദിച്ചിട്ടില്ലായെന്നാണ് അറിയിച്ചത്.

| കെട്ടിടനം | ഉടമ | സ്ഥാപനം | തറവിസ്തീർണം (ച.മീ.) | വിനിയോഗം | പ്രാബല്യതിയതി | കുറിപ്പുകൾ(ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം) |
|---|---|---|---|---|---|---|
| XII/193 UA | M.P. JACKSON, M.P.TOMY, M.P.GIJI, M.P.BRITE | കൺവെൻഷൻ സെന്റർ(3 നില) | 10298.02 | കൺവെൻഷൻ സെന്റർ | 01.04.2013 | ലൈസൻസ് നൽകിയിട്ടില്ല |
| XXIII/550 A1 UA | MARY VARGHESE, EDAPPULLY | - | 532.72 | വാണിജ്യം | 01.10.2015 | ലൈസൻസ് നൽകിയിട്ടില്ല |
| VII/362 A1 UA | MANAGING TRUSTY, CHRIST EDUCATION CHARITABLE TRUST, IRINJALAKKUDA | എഞ്ചിനീയറിംഗ് കോളേജ്(5 നില ) ഗ്രൗണ്ട് ഫ്ലോർ ഒഴികെ | 1847 | വിദ്യാഭ്യാസം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XX/170(1) UA | THANKAPPAN KARYNGATTIL | ഷെഡ് | 140 | വാണിജ്യം | 01.10.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XXIV/398(4) UA | MANAGIG PARTNER , SUNNY P C, SUNNY SILKS | ഗോഡൗൺ(സണ്ണി സിൽക്ക്സ്) | 231.04 | വാണിജ്യം | 01.04.2014 | ലൈസൻസ് നൽകിയിട്ടില്ല |
| XXIV/397(A) UA | SINI MANTHRA JOY | ഗോഡൗൺ | 249.08 | വാണിജ്യം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| VI/UA/719(3)old | CHAIRMAN, PENINSULA PRIVATE LIMITED, IRINJALAKKUDA | 3 നില കെട്ടിടത്തിന്റെ ടെറസ് ഭാഗം മറച്ച് ഉപയോഗിക്കുന്നു. | 300.24 | വാണിജ്യം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XXII/558(1) UA | ANILKUMAR , DEEPI , CHEMBIPARAMBIL | ഡോർമിറ്ററി | 93.8 | ഡോർമിറ്ററി | 01.04.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XI/ 534(B) UA | MATHEW, KODIYAN HOUSE | ഗോഡൗൺ | 1367 | ഗോഡൗൺ | 01.04.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XI/ 534 (A) UA | JINITT MATHEWS KODIYAN | സ്റ്റോർ റൂം | 273.11 | വാണിജ്യം | 01.04.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XII/722(1) | JOSEPH DEVASSY VELLANIKKARAN | ആലങ്ങാടൻ വെസ്സൽസ്- | 209.25 | വാണിജ്യം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | ഗോഡൗൺ | | | | |
| XX/261-1 UA | T B BHASI, THARAYIL HOUSE | ശോഭ സിൽക്സ് ( താഴത്തെ നില- 90.30 M2, ഒന്നാം നില 90.30 M2 | 180.60 | വാണിജ്യം | 01.04.2016 | ലൈസൻസ് നൽകിയിട്ടില്ല |
| IV/ 95 C UA(OLD) | SHINTO , PALATHINKAL | പാലത്തിങ്ക ൽ ഹോട്ടല് | 62 | വാണിജ്യം | 01.10.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XXII/620-1, 620-2 | PIYUS KK, LITTY PIYUS KOKKAT | കോക്കാട്ട് ഫർണിച്ചർ | 72+72 | വാണിജ്യം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XXII/405 B,C | P K THOMAS, PUTHELIPARAMBIL HOUSE | അവർ ഓൺ മാർബിൾസ് (ഗോഡൗൺ) | 195.5 + 392.5 | വാണിജ്യം | 01.10.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XX/42-1 UA | THOMAS LEE, EDAPPULLY | എടപ്പുള്ളി എംപോറിയം | 231 | വാണിജ്യം | 01.04.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XX/10(1) | ADMINISTRATOR, CATHOLIC CENTER | ക്ലാസ് റൂം., ഹെൽത്ത് ക്ലബ് | 414 | - | 01.04.2015 | - |
| XII/ 629(1) | A P GEORGE KUNJUVAREED | ആലങ്ങാടൻ വെസ്സൽസ് (ഗോഡൗൺ) | 389.82 | വാണിജ്യം | 01.04.2014 | ലൈസൻസ് നൽകിയിട്ടില്ല |
| XII/ 478(4) | SUNIL LAL, KAVALLOOR | - | 469.38 | വാണിജ്യം | 01.04.2017 | ലൈസൻസ് നൽകിയിട്ടില്ല |
| XII/475 E1 | JOSHI CHERAKKULAM | (ഗോഡൗൺ) | 248.3 | വാണിജ്യം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XII/475 E3 | SANTHOSH, BINDU SANTHOSH CHERAKKULAM | വാണിജ്യം | 218.87 | വാണിജ്യം | 01.04.2017 | ലൈസൻസ് നൽകിയിട്ടില്ല |
| XXIV/ 512 D | A A BABU, K A ROSY, AKKARAKKARAN | വാണിജ്യം | 165 | വാണിജ്യം | 01.04.2017 | ലൈസൻസ് നൽകിയിട്ടില്ല. പ്രവർത്തിക്കുന്നില്ല. |
| XII/ 773(2), XII/773(2)(1) | KALLADA RAMAKRISHNAN SON SURESH KUMAR | വാസഗൃഹം ഓഫീസ് ആയി ഉപയോഗിക്കുന്നു. | 269 | ഓഫീസ് | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XIII/ 509(1) | RAMANKUTTY MATAPPATTIL | വാണിജ്യം | 50 | വാണിജ്യം | 01.04.2014 | ലൈസൻസ് നൽകിയിട്ടില്ല |
| XXIII/559A(1) | CHANDRAN KOCHERI | വാണിജ്യം | 55 | വാണിജ്യം | 01.04.2015 | ലൈസൻസ് നൽകിയിട്ടില്ല |
| XXIV/ 745 A | LIBA & HOBBY AVARAN HOUSE | വാണിജ്യം | 120 | വാണിജ്യം | 01.04.2018 | ലൈസൻസ് നൽകിയിട്ടില്ല. പ്രവർത്തിക്കുന്നില്ല. |
| XXIV/183 B | FRANCIS ALANGADAN | വ്യവസായം | 132 | വ്യവസായം | രേഖപ്പെടുത്തിയിട്ടില്ല | ലൈസൻസ് നൽകിയിട്ടില്ല. പ്രവർത്തിക്കുന്നില്ല. |
| XVI/ 469 -2A | LIJI VALLIVATTATHUKARAN | വാണിജ്യം | 93.2 | വാണിജ്യം | 01.04.2019 | ലൈസൻസ് നൽകിയിട്ടില്ല |
| XX/ 556 A | P C GEORGE Etc.. | വ്യാപാര ഭവൻ | 24.03 | വാണിജ്യം | 01.04.2016 | ലൈസൻസ് നൽകിയിട്ടില്ല |
| XII/ 193 | M P JACKSON Etc.. | കൺവെൻഷൻ സെന്ററിനു ചുറ്റുമുള്ള കെട്ടിടം, നീന്തൽക്കുളം | 359.56 | കൺവെൻഷൻ സെന്റർ | 01.04.2013 | ലൈസൻസ് നൽകിയിട്ടില്ല |

മേൽ കെട്ടിടഭാഗങ്ങൾക്ക് ലൈസൻസ് നല്കിയിട്ടില്ലെങ്കിലും നിലവിൽ അവ വ്യാപാര സ്ഥാപനങ്ങളുടെ ഭാഗമായതിനാൽ അവ അനധികൃതമായി പ്രവർത്തിക്കുന്നവയാണ്.

കേരള മുനിസിപ്പാലിറ്റി ആക്ടിലെയോ അതിന് കീഴിലുണ്ടാക്കിയ ചട്ടത്തിന്റെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെട്ടിടം നിർമ്മിക്കുകയോ മാറ്റം വരുത്തലോ കൂട്ടിച്ചേർക്കലോ നടത്തുകയോ ചെയ്താൽ ലംഘിക്കപ്പെട്ട വ്യവസ്ഥകൾക്കനുസൃതമാക്കി മാറ്റം വരുത്താൻ കേരള മുനിസിപ്പാലിറ്റി ആക്ട് – സെക്ഷൻ 395(C) പ്രകാരം നോട്ടീസ് നൽകാവുന്നതും നിയമരഹിതമായി നടത്തിയ പണിയുടെ ഭാഗം പൊളിച്ച് കളയുന്നതിനോ ആക്ട് / ചട്ടങ്ങൾ /ഉത്തരവുകൾക്ക്/ അനുസൃതമാക്കി മാറ്റാനോ താൽക്കാലിക ഉത്തരവ് നൽകുകയും കാരണം കാണിക്കുന്നതിൽ വീഴ്ച വരുത്തിയാൽ സ്ഥിര ഉത്തരവ് നൽകാവുന്നതുമാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം കെട്ടിടഭാഗം പൊളിച്ചുമാറ്റുകയും അതിന് വേണ്ടി വരുന്ന ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതുമാണ്. (മുനിസിപ്പാലിറ്റി ആക്ട് – സെക്ഷൻ 406) നഗരസഭയിൽ നിന്ന് ഇത്തരത്തിൽ നോട്ടീസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള അനധികൃത നിർമാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥല പരിശോധന നടത്തി അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും ആയത് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവു ദിനങ്ങൾ ഉൾപ്പെടെ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്നും ബിൽ കളക്ടർമാർ ഫീൽഡ് സന്ദർശിക്കുന്ന സാഹചര്യത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നുമാണ് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് സ്വീകരിക്കുന്ന നടപടിയെന്ന് ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 2/15.02.2022) മറുപടി നൽകിയത്. ഇതു കൂടാതെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫയലുകളിൽ ചട്ടലംഘനമുള്ളവയ്ക്ക് നോട്ടീസ് നൽകിയവയിൽ അപാകത പരിഹരിക്കാത്ത കേസുകളിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത കെട്ടിടനിർമ്മാണങ്ങൾ നിയന്ത്രിക്കേണ്ടതുമാണ്.

## 1-43 ചട്ടപ്രകാരമുള്ള രീതിയിൽ യു.എ. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

A) കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 89 പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. നഗരസഭയിൽ ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം

I) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.

Ii) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

Iii) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ ഉടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

Iv) പ്രസ്തുത രജിസ്റ്റർ സർക്കുലർ പ്രകാരമുള്ള അനുബന്ധം I ൽ ചേർത്തിട്ടുള്ള പ്രകാരം സൂക്ഷിക്കേണ്ടതാണ്.

ചട്ട/ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർനടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

B) കേരള മുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ)- ചട്ടം 20 പ്രകാരം ഫോറം 10- ലുള്ള രജിസ്റ്ററിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ സൂക്ഷിക്കുന്ന രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. കെട്ടിടത്തിന്റെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ആയതിൽ നിയമലംഘനത്തിന്റെ തരം എഴുതി സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള രീതിയിൽ യു.എ. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 50/03.03.2022)

## 1-44 പെർമിറ്റ് രജിസ്റ്റർ- അപാകതകൾ

A) കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടന്റ്സ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, കെട്ടിടത്തിന്റെ ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, കെട്ടിടനിർമാണനിയമങ്ങളും മറ്റു അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദാംശങ്ങളും പെർമിറ്റ് അനുവദിക്കുന്നതു സംബന്ധമായ കൃത്യമായ ശുപാർശയും ഉൾപ്പെടുത്തേണ്ടതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്.

നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ടി രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. അപേക്ഷ ലഭിച്ച തീയതി, ക്രമനം, സർവ്വേ നമ്പർ, വില്ലേജ്, വാർഡ് / ഡോർ നം., ഒക്യുപൻസിയുടെ തരം, തറവിസ്തീർണം, തറവിസ്തീർണ്ണാനുപാതം, നിലകളുടെ എണ്ണം, അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ക്ലർക്ക് സബ്മിറ്റ് ചെയ്ത തീയതി, File Transmitted, Date Of Return, വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ,അസസ്മെന്റ് നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിലെ എല്ലാ വിവരങ്ങളും രേഖപ്പെടുത്താത്തതിനാൽ തറവിസ്തീർണ്ണത്തിനും ഒക്യുപൻസിയുടെ തരത്തിനുമാനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നോ എല്ലാ അപേക്ഷകളിലും പെർമിറ്റ് കൊടുത്തിട്ടുണ്ടോ/നിരസിച്ചിട്ടുണ്ടോയെന്ന വിവരങ്ങൾ തുടങ്ങിയവ ലഭ്യമല്ല. വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

B) 2016-17 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 2016-17 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് തീയതി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കി നല്കിയിട്ടുണ്ടോയെന്നോ ഒക്യുപൻസി നല്കിയിട്ടുണ്ടോയെന്നോ ഉള്ള വിവരം പരിശോധിക്കാനായിട്ടില്ല. കെട്ടിട നിർമ്മാണം നടത്തുന്ന സമയത്ത് അനുമതി വാങ്ങുകയും പിന്നീട് പൂർത്തീകരണവിവരവും ഒക്യുപൻസി വിവരവും അറിയിക്കാത്തതിനാൽ അനധികൃത കെട്ടിടനിർമ്മാണത്തിൽ ഉൾപ്പെടുത്തിയ ധാരാളം കെട്ടിടങ്ങളുള്ളതായാണ് ഫയൽ പരിശോധനയിൽ നിന്നും മനസിലായത്. ആയതിനാൽ ഒക്യുപൻസി വിവരം പരിശോധിക്കപ്പെടാതിരിക്കുന്നത് അനധികൃത കെട്ടിടനിർമ്മാണം വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 50/03.03.2022)

മേൽ വിഷയങ്ങളിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പെർമിറ്റ് നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല .

C) 2020-21 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ഫയൽ നം. 223/20-21 / തീയതി 24.11.2020 നം. പെർമിറ്റ് പ്രകാരം 181.87 $M^2$ വാസഗൃഹത്തിന് (ഉടമ- മനോജ് പി.വി.) പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ ഉടമയുടെ പേര് സുകന്യ പി.ജി., പുത്തൻപറമ്പിൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ പെർമിറ്റ് നൽകിയതിന്റെ യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുമില്ല. ഇത്തരത്തിലുള്ള പരിശോധന ഇല്ലാത്തത് ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു.

## 1-45 വസ്തു നികുതി നിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

BA-702/14-15, ML- 17/20 ഫയലുകൾ പരിശോധിച്ചതിൽ ശ്രീ. ജോൺസൺ, ശ്രീമതി ഷീല ജോൺസൺ എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള 267.91 ച.മീ. വിസ്തീർണമുള്ള പുതിയ വാണിജ്യ കെട്ടിടം 25.02.20 ൽ പണി പൂർത്തീകരിക്കുകയും 26.08.20 തീയതിയിൽ ഒക്യുപൻസി അനുവദിക്കുകയും 23/264(2) മുതൽ 264(7) വരെ നമ്പറിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള വാസഗൃഹത്തിന് (കെട്ടിടനം. 23/263) 419.53 ച.മീ. തറവിസ്തീർണമുണ്ട്. [ഗ്രൗണ്ട് ഫ്ലോർ- 260.84 ച.മീ. , ഫസ്റ്റ് ഫ്ലോർ - 158.69 ച.മീ. ആകെ- 419.53 ച.മീ.]. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ടി വാസ കെട്ടിടത്തിന് 294.39 ച.മീ.തറവിസ്തീർണ്ണം മാത്രമാണുള്ളത്[ഗ്രൗണ്ട് ഫ്ലോർ-

294.39 ച.മീ. അടിസ്ഥാന വസ്തു നികുതി- 3532.68/- രൂപ.]

കൂടാതെ കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള മറ്റൊരു വാണിജ്യകെട്ടിടത്തിന് 391.99 ച.മീ. തറവിസ്തീർണമുണ്ട്. ടി കെട്ടിടത്തിന് സഞ്ചയ പ്രകാരം വസ്തു നികുതി ചുമത്തിയതിന്റെ രേഖകൾ, കെട്ടിടനമ്പർ, വസ്തുനികുതി, പ്രാബല്യ തീയതി സഹിതം ഹാജരാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 44/03.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയ കെട്ടിടത്തിന് ഒക്യുപൻസി നൽകിയപ്പോൾ പ്ലോട്ടിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങളുടെ അസസ്മെന്റ് പരിശോധിച്ചതിന്റെ വിവരം ഫയലിലില്ല. പ്രസ്തുത സൈറ്റ് പരിശോധന നടത്തി സൈറ്റിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണവും ഉപയോഗക്രമവും പരിശോധിച്ച് അസസ്മെന്റ് കൃത്യമാക്കേണ്ടതും സഞ്ചയയിൽ വസ്തുനികുതി നിർണയിച്ചതിന്റെയും കുറവ് വന്ന തുക ഈടാക്കിയതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-46 2020-21 ൽ വസ്തുനികുതി നിർണയിച്ച മൊബൈൽ ടവറുകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

R1- 13478/19 ഫയൽ പ്രകാരം മെയിൻ ഓഫീസ് പരിധിയിൽ വരുന്ന 8 മൊബൈൽ ടവറുകളുടെ നികുതി നിർണയം നടത്തി ഫോറം 6 തയ്യാറാക്കി നല്കിയിട്ടുണ്ട് എന്ന് 14.05.20 ലെ നോട്ട് ഫയൽ പ്രകാരം കാണുന്നുണ്ട്. ആയതിന് നികുതി നിർണയിച്ചതിന്റെ സഞ്ചയ ഫോറങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 44/03.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ നികുതി നിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-47 അനധികൃത കെട്ടിടം-നികുതി നിർണയിച്ചതിന്റെയും ഡിമാന്റ് ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഇരിങ്ങാലക്കട നഗരസഭയിൽ പി.സി.ജോർജ്, ടി.വി. ആന്റോ, എൻ.സി. സുധാകരൻ, ടി.സി. ബേബി, വ്യാപാരഭവൻ എന്നവരുടെ ഉടമസ്ഥതയിൽ പെട്ട XVI/ 263 (C) നമ്പർ കെട്ടിടം സ്ഥിതിചെയ്യുന്ന കെട്ടിടസമുച്ചയത്തിന്റെ പാർക്കിംഗ് ഏരിയ അടച്ച് കെട്ടിയിട്ടുള്ളത് 1994 ലെ KMBR(34) ന് വിരുദ്ധമാണെന്നും കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയ പുനസ്ഥാപിക്കുന്നതിനും ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2017-18 ഖണ്ഡിക 2.8.II പ്രകാരം പരാമർശിച്ചിരുന്നു. സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലും രേഖകളുടെ അടിസ്ഥാനത്തിലും കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയക്ക് തെറ്റായി നൽകിയ കെട്ടിട നം. XVI/ 263 (C) നമ്പർ റദ്ദ് ചെയ്ത് 20.03.2020 ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിർണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഫോറം 6 പ്രകാരം നികുതി നിർണയിച്ചതിന്റെ വിവരങ്ങൾ

| | |
|---|---|
| തറവിസ്തീർണം | - 77.4 $M^2$ |
| അടിസ്ഥാന വസ്തു നികുതി | - 77.4 X 140= 10836/- |
| ഇളവ് | - 10 % |
| വർദ്ധനവ് | - 20 % + 15 % |
| ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം നികുതി | - 13545/- |
| 3 ഇരട്ടി വസ്തു നികുതി | - 13545 * 3= 40635/- |
| പ്രാബല്യ തീയതി | 2017-18 |

മേൽ വിഷയത്തിൽ എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം 44/03.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി കെട്ടിടത്തിന് 201 7-18 പ്രാബല്യത്തിൽ വസ്തുനികുതി കണക്കാക്കിയെങ്കിലും ആയത് ഡിമാന്റ് ചെയ്യാത്തതിനാൽ കാലഹരണം മൂലം നികുതി ഈടാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകാനിടയുണ്ട്. ആയതിനാൽ എത്രയും പെട്ടെന്ന് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2017-18 പ്രാബല്യത്തിൽ നികുതി നിർണയിക്കുകയും ഡിമാന്റ് ചെയ്യുകയും ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-48 ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്നും നിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഫയൽ നം. 893/ 17-18(BA File),ML-9/2020(നമ്പറിംഗ് ഫയൽ)

BA-893/ 17-18 നമ്പറായി Partial Occupancy നൽകിയ വികാരി,സെന്റ് തോമസ് കത്തീഡ്രൽ-ന്റെ ഉടമസ്ഥതയിലുള്ള 486.6 ച.മീ തറവിസ്തീർണ്ണമുള്ള കമേഴ്സ്യൽ കെട്ടിടത്തിന് -XIX/275(1),(2),(3) നമ്പറുകൾ നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ പെർമിറ്റ് ഫയലിലെ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഒക്യുപ്പൻസി | കെട്ടിട നമ്പർ | കെട്ടിടം | തറവിസ്തീർണ്ണം ച.മീ |
|---|---|---|---|---|
| 1 | B | XIV/71 | LP സ്കൂൾ | 210.78 |
| 2 | D | XIV/70 | സെന്റ് തോമസ് ചർച്ച് | 1861.62( GF)<br>520.17(FF) |
| 3 | B | XIV/524A | ഹയർ സെക്കന്ററി സ്കൂൾ | 821.79<br>689.06<br>689.06 |
| 4 | B | | ടോയ്‌ലറ്റ് | 38.12 |
| 5 | B | | ,, | 47.19 |
| 6 | B | | ,, | 9.36 |
| 7 | B | | ,, | 48.42 |
| 8 | B | XIV/524 | ഹൈസ്കൂൾ | 1146.5<br>609.07<br>609.07<br>626.16(ഷീറ്റ് റൂഫ്) |
| 9 | F | | സെന്റ് വിൻസെന്റ് പോൾ | 107.3 |

| | | | | |
|---|---|---|---|---|
| 10 | D | | ചാപ്പൽ | 90.78 |
| 11 | F | | ടോയ്‌ലറ്റ് | 174.02<br>28.35 |
| 12 | F | XIV/39 C,D,E,F | ബേത്തൽ | 140.64 |
| | D | XIV/39 A | ഹാൾ | 160.84 |
| | D | XIV/39 B | ഹാൾ | 160.84 |
| | . | | ഷീറ്റ് റൂഫ് | 121.75 |
| 13 | F | XIV/18 മുതൽ 37 വരെ | കമേഴ്സ്യൽ ഷോപ്പ് | 831.5 |
| 14 | F | XIV/17 A,B | കമേഴ്സ്യൽ | 162.52 |
| 15 | D | XIV/39,38 | അസ്സംബ്ലി ഹാൾ | 907.62 |
| | | | ഷീറ്റ് റൂഫ് | 204.78 |
| 16 | F | | ടോയ്‌ലറ്റ് | 8.57 |
| 17 | F | XIV/1 മുതൽ 8വരെ, | ഷോപ്പ് | 438.17 |
| | F | 9 മുതൽ 17വരെ, | ഷോപ്പ് | 438.17 |
| 18 | F | XIV/39G മുതൽ Qവരെ | ഷോപ്പ് | 540.95 |
| 19 | F | XIV/39 R മുതൽ Z3വരെ | ഷോപ്പ് | 839.58 |
| 20 | D | XIV/39 Z4 | സ്റ്റേജ് | 214.25 |
| 21 | F | | റൂം ആന്റ് ഹാൾ | 160.02(റെഗുലറൈസേഷൻ) |
| 22 | F | | സ്റ്റോർ | 204.06 |
| | | | ഷീറ്റ് റൂഫ് | 59.44 |

20.7.19 ലെ ജില്ലാ ടൗൺ പ്ലാനറുടെ സി2/1400/2019/സി.ഡിസ്.നം ഉത്തരവ് പ്രകാരം 3.244 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള ആരാധനാലയം+ വിദ്യാഭ്യാസം+വാണിജ്യം എന്നീ ഗണങ്ങളിലുള്ള കെട്ടിടങ്ങളോട് ചേർത്ത് നിർമ്മിച്ചിട്ടുള്ള 160.02 ച.മീ വിസ്തീർണമുള്ള ഭാഗം ക്രമവത്കരിക്കുന്നതിനും പുതിയതായി 1028.55 ച.മീ വിസ്തീർണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും ഉൾപ്പടെ ആകെ 13793.83 ച.മീ വിസ്തൃതിയിലുള്ള നിർമ്മാണങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ട് ഉപയോഗം അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

ടി ഉത്തരവിലെ നിബന്ധന (3) പ്രകാരം റെഗുലറൈസ് ചെയ്യുന്നതും വിഭാവനം ചെയ്യുന്നതുമായ കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങളും നിയമാനുസൃതം ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭ്യമാക്കി നിർമ്മിച്ചവയാണെന്നും എല്ലാ വിവരങ്ങളും പരിശോധിച്ചതിനു ശേഷമാണ് ഒക്യുപ്പൻസിയും കെട്ടിട നമ്പറുകളും ഉറപ്പു വരുത്തേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ടി നിബന്ധന ഉറപ്പു വരുത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം അസസ്സ് ചെയ്ത നികുതി വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നമ്പർ 44/03.03.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ റെഗുലറൈസ് ചെയ്യുന്നതും വിഭാവനം ചെയ്യുന്നതുമായ കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങളും നിയമാനുസൃതം ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭ്യമാക്കി നിർമ്മിച്ചവയാണെന്നും എല്ലാ വിവരങ്ങളും പരിശോധിച്ചതിനു ശേഷമാണോ ഒക്യുപ്പൻസിയും കെട്ടിട നമ്പറുകളും ഉറപ്പു വരുത്തിയിട്ടുള്ളത് എന്നും അറിയിക്കേണ്ടതാണ്.

## 1-49 വസ്തു നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ - ഉത്തരവ് / കൗൺസിൽ തീരുമാനം ലഭ്യമാക്കേണ്ടതാണ്

A) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെ കാണുന്ന കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിന്റെ ഉത്തരവ്/ കൗൺസിൽ തീരുമാനം ലഭ്യമാക്കേണ്ടതാണ്. ടി കെട്ടിടങ്ങൾ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ – സെക്ഷൻ 235 പ്രകാരം വസ്തുനികുതി ഒഴിവാക്കിയവയാണോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്,

| ക്രമ നമ്പർ | കെട്ടിട നം | ഉടമ | വിനിയോഗം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 19/380/1 | വികാരി സെന്റ് തോമസ് കത്തീഡ്രൽ | വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടം താഴത്തെ നില-50ച.മീ | . |
| 2 | 24/424,425,426 | ഗവ.കെട്ടിടം | ഓഫീസ് ആവശ്യം | . |
| 3 | 16/150 | ഇലക്ട്രിസിറ്റി ബോർഡ് | ഓഫീസ് ആവശ്യം | . |
| 4 | 23/96,97 | പ്രെയർ ക്രൈസ്റ്റ് മൊണാസ്ട്രി | വിദ്യാഭ്യാസം (1 BR,K,H,S/O) | താമസ ആവശ്യത്തിനുള്ള കെട്ടിടമാണോയെന്ന് പരിശോധിക്കേണ്ടതാണ് |
| 5 | 19/879/1 | കൊച്ചുറാണി ജോസ് | വാണിജ്യം | |
| 6 | 23/495/2 | അബ്ദുൾ ജബ്ബാർ | വാണിജ്യം | |
| 7 | 25/26 | ശാന്തിനികേതൻ പബ്ലിക് സ്കൂൾ | സ്കൂൾ | സർക്കാർ/എയ്ഡഡ് സ്കൂളുകളാണോയെന്ന് പരിശോധിക്കേണ്ടതാണ്. |
| 8 | 31/33/1 | കൈക്കാരൻ എൽ.പി. സ്കൂൾ | സ്കൂൾ | സർക്കാർ/എയ്ഡഡ് സ്കൂളുകളാണോയെന്ന് പരിശോധിക്കേണ്ടതാണ്. |

B) കൂടാതെ ലോഡ്ജിംഗ് വ്യാപാരത്തിനുപയോഗിക്കുന്ന (ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം) 16/ 169- സംഗമേശ്വര കോംപ്ലക്സ് ലോഡ്ജിംഗ് കെട്ടിടം (ഉടമ- ജനാർദ്ദനൻ,കാക്കര ഹൗസ്) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഏതു ഗണത്തിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കേണ്ടതാണ്.

## 1-50 ഫയർ എൻ.ഒ.സി. ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

A) ഫയൽ BA 549/17-18/ 15.01.2018 നം. പെർമിറ്റ് പ്രകാരം 26.06.2020 ൽ നിർമ്മാണം പൂർത്തിയാക്കി 06.08.2020 ൽ ഒക്യുപൻസി നല്കിയിട്ടുള്ള റെസിഡൻഷ്യൽ(ഫ്ലാറ്റ് കെട്ടിടം- നം. XV/ 360 (3) മുതൽ (12) വരെ- ഉടമ ശ്രീ. ബാബു ആന്റണി അക്കരക്കാരൻ) 1116.81 ച.മീ. തറവിസ്തീർണമുള്ള കെട്ടിടത്തിന് ഒക്യുപൻസി നല്കുന്നതിന് മുമ്പ് ഫൈനൽ ഫയർ എൻ.ഒ.സി. ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

B) ഫയൽ നം. BA 668/18-19 / 29.07.2019 നം. പെർമിറ്റ് പ്രകാരം 1547.85 ച.മീ. തറവിസ്തീർണമുള്ള വാണിജ്യ കെട്ടിടം( കെട്ടിട നം XVI/459(1) ശ്രീ.റാഫേൽ പോഴോലി പറമ്പിൽ) കെട്ടിടത്തിന് ഒക്യുപൻസി നല്കുന്നതിന് മുമ്പ് ഫൈനൽ ഫയർ എൻ.ഒ.സി. ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 50/03.03.2022)

മേൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല,

## 1-51 പെർമിറ്റ് ഫയലുകൾ ഹാജരാക്കിയില്ല

ശ്രീ. കമലമ്മാൾ എന്നവരുടെ ഉടമസ്ഥതയിലുള്ള ആശുപത്രി കെട്ടിടത്തിന് (വാസഗൃഹം ആശുപത്രി കെട്ടിടമാക്കി മാറ്റിയതിന്റെ (Occupancy Change)- തറവിസ്തീർണ്ണം-617.34 ച.മീ.) പെർമിറ്റ്, ഒക്യുപൻസി നല്കിയതിന്റെ ഫയൽ -ഫയൽ നം. BA-25/20-21 -ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി കെട്ടിടത്തിന് ആശുപത്രി കെട്ടിടങ്ങൾക്കാവശ്യമായ സജ്ജീകരണങ്ങൾ ഉറപ്പു വരുത്തിയതിന്റെയും പെർമിറ്റ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 12/23.02.2022)

കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 3പ്രകാരം കെട്ടിടത്തിന്റെ കൈവശ ഗണത്തിലോ[Occupancy], ഉപയോഗത്തിലോ മാറ്റം വരുന്നിടത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. ടി കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി പ്രസ്തുത ഫയൽ ഹാജരാക്കേണ്ടതാണ്.

## 1-52 പരസ്യ ചെലവിനത്തിൽ വിവിധ ദിനപത്രങ്ങൾക്ക് നൽകിയ ബില്ലുകളിൻമേൽ 15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

പരസ്യ ചെലവിനത്തിൽ വിവിധ ദിനപത്രങ്ങൾക്ക് നൽകിയ ബില്ലുകളിൻമേൽ സർക്കാർ ഉത്തരവ് (ആർ.ടി.) 1/2021/IPRD/തി. 04.1.11. പ്രകാരം നിർദ്ദേശിച്ച രീതിയിൽ15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം. തി. | തുക | ചെക്ക് നം. തി |
|---|---|---|---|---|
| 1 | രാഷ്ട്രദീപിക | TD19100267/27.10.19 | 4962/- | 364497/27.07.20 |
| 2 | ദേശാഭിമാനി | TCR/2018/05/49216 /06.05.18 | 26460/- | 5397708/20.11.20 |
| 3 | ജനയുഗം | 20201000/01.10.2020 | 3360/- | 731216/24.11.20 |
| 4 | രാഷ്ട്രദീപിക | TD20100104/08.10.20 | 4170/- | 731215/24.11.20 |
| 5 | മാധ്യമം | 112738/26.08.20 | 3816/ | 731302/03.02.21 |
| 6 | മാതൃഭൂമി | ലഭ്യമല്ല | 11760/- | 731329/23.02.21 |
| 7 | രാഷ്ട്രദീപിക | TD20100063/08.10.20 | 5004/- | 731328/23.02.21 |
| 8 | മാധ്യമം | ലഭ്യമല്ല | 3528/- | 731330/23.02.21 |
| 9 | കേരളകൗമുദി | BLTSR00045359/13.10.20 | 4200 | 731331/23.02.21 |
| 10 | മാധ്യമം | 112738/26.08.20 | 3816/- | 731332/23.02.21 |

പരസ്യചെലവിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/02.22) മറുപടിയായി ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരസ്യ ചെലവിനത്തിൽ ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-53 അഡ്വാൻസ് നൽകിയത് അഡ്ജസ്റ്റ് ചെയ്യതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവഴിച്ച തുക 60169 രൂപ തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ നൽകിയിട്ടും അഡ്ജസ്റ്റ് ചെയ്യാത്തതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം.തി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 364426/30.06.20 | 10000/- | സഞ്ചയ ഓൺലൈൻആക്കുന്നതിന് കമ്പ്യൂട്ടർ സെറ്റ് ചെയ്യുന്നതിന് ദിലേഷ്.പിക്ക് നൽകിയത് |
| 2 | 70293/05.01.21 | 4000/- | മരം മുറിക്കുന്നതിന് വേണ്ടി രാജൻ.പി.എം.HIക്ക് നൽകിയത്. |
| 3 | 70295/01.01.21 | 36169/- | ഡിപിസി പ്രിപറേഷന് വേണ്ടി നൽകിയത് |
| 4 | 731130/14.10.20 | 10000/ | കമ്പോസ്റ്റ് യൂണിറ്റ് ഉത്ഘാടനം നടത്തുന്നതിന് വേണ്ടി അഭീഷ് ആന്റണി,JHI ക്ക് നൽകിയത് |
| | | 60169 | |

അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക 60,169 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-54 വക്കീൽ ഫീസ് നൽകിയത് -IT ഈടാക്കിയിട്ടില്ല.

നഗരസഭയുടെ വിവിധ കേസുകൾ നടത്തുന്നതിന് അഡ്വ.കെ.കെ ചന്ദ്രൻ പിള്ളയ്ക്ക് താഴെ പറയും പ്രകാരം തുക തൻവർഷം വക്കീൽ ഫീസ് ഇനത്തിൽ കൈമാറിയിട്ടുണ്ട്. ഇന്കം ടാക്സ് ആക്ട് സെക്ഷൻ 194 J B(i)(a)പ്രകാരം 30000 ന് മുകളിൽ വാർഷിക അഡ്വക്കേറ്റ് ഫീ നൽകുമ്പോൾ 10% ടി.ഡി.എസ് ഈടാക്കേണ്ടതാണ്. അഡ്വ.കെ.കെ ചന്ദ്രൻ പിള്ളയ്ക്ക് നൽകിയ തുകയിൽ നിന്നും മേൽ വകുപ്പ് പ്രകാരം ടിഡിഎസ് ഈടാക്കിയതായി കാണുന്നില്ല. .വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം./തിയ്യതി | തുക |
|---|---|---|
| 1 | 863249/15.05.20 | 201250/- |
| 2 | 364540/24.08.20 | 45100/- |
| 3 | 731200/01.12.20 | 135000/- |
| 4 | 731209/01.12.20 | 102250 |
| | | 483600/- |

നഗരസഭയുടെ വിവിധ കേസുകൾക്കായി വിവിധ കോടതികളിൽ ഹജരാകുന്ന അഭിഭാഷകർക്ക് നൽകുന്ന ഫീസിൻമേൽ നിയമാനുസൃതമുള്ള ആദായനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-4/17.02.22)

## 1-55 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയത് -വിനിയോഗവിവരം ലഭ്യമായിട്ടില്ല

തൻവർഷം വിവിധ പ്രവൃത്തികൾക്കായി KSEB, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം.തി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 698784/09.06.20 | 2532/- | അംഗനവാടി നം.26 ന്റെ സർവ്വീസ് കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി കരുവന്നൂരിന് നൽകിയത് |
| 2 | 698785/09.06.20 | 2532/- | അംഗനവാടി നം.132ന്റെ സർവ്വീസ് കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി കരുവന്നൂരിന് നൽകിയത് |
| 3 | 731126/12.10.20 | 61170/- | വിൻഡോ കമ്പോസ്റ്റ് യൂണിറ്റ് സർവ്വീസ് കണക്ഷന് കെ.എസ്.ഇ.ബി, ഇരിഞ്ഞാലക്കുട സെക്ഷൻ 1-ന് നൽകിയത് |
| 4 | 731196/05.11.20 | 35332/- | പോസ്റ്റ് ഷിഫ്റ്റിങ്ങിന് വേണ്ടി കെ.എസ്.ഇ.ബി കരുവന്നൂരിന് നൽകിയത് |
| 5 | 000001/28.09.20 | 2471/- | അംഗനവാടി നം.148 ന്റെ സർവ്വീസ് കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി, ഇരിഞ്ഞാലക്കുടക്ക് നൽകിയത് |
| 6 | 000002/28.09.20 | 19811/- | അംഗനവാടി നം.39 ന്റെ സർവ്വീസ് കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി കരുവന്നൂരിന് നൽകിയത് |
| 7 | 364568/11.09.20 | 20000/- | വാർഡ് 8 ലെ പോസ്റ്റ് ഷിഫ്റ്റിങ്ങിന് വേണ്ടി കെ.എസ്.ഇ.ബി, ഇരിഞ്ഞാലക്കുടക്ക് നൽകിയത് |
| 8 | 364527/11.08.20 | 25902/- | ഗാന്ധിനഗർ പോസ്റ്റ് ഷെിഫ്റ്റിങ്ങിന് വേണ്ടി കെ.എസ്.ഇ.ബി, ഇരിഞ്ഞാലക്കുടക്ക് നൽകിയത് |
| 9 | 731237/29.12.20 | 18971/- | വാർഡ് 1 ലെ പോസ്റ്റ് ഷിഫ്റ്റിങ്ങിന് വേണ്ടി കെ.എസ്.ഇ.ബി, കരുവന്നൂരിന് നൽകിയത് |
| 10 | 731337/23.02.21 | 6100/- | സ്ട്രീറ്റ് ടാപ്പിന് വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത് |

മേൽ പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-56 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ , പി.എച്ച്. സി പൊറത്തിശ്ശേരി

2020-21 പദ്ധതികൾ സംബന്ധിച്ച താഴെപ്പറയുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | - 224/21 |
| | - പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി പൊറത്തിശ്ശേരി |
| അടങ്കൽ | 800000/- |
| ചെലവ് | 799996/- |

മേൽ ബില്ലുകളിൽ ഉൾപ്പെടുത്തി മരുന്ന് ലഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / ബിൽ നമ്പർ | തുക | പ്രൊഫോർമ ഇൻവോയ്സ് | മരുന്നുകൾ ലഭ്യമായതിന്റെ വിവരം (രൂപയിൽ) | കിട്ടാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|
| 68/ 30.03.2021 | 32546/- | PRF 6688/ 26.03.2021 | ലഭ്യമായിട്ടില്ല. | 32546 |
| 59/ 23.03.2021 | 126277/- | PRF 6286/ 16.03.2021 | 65025/- (31740 + 33285) | 61252 |
| 42/ 25.01.2021 | 235541/- | PRF 2910/ 25.01.2021 | 132709/-(7322 + 9072 + 25066 + 29044 + 26424 + 25188 + 10593) | 102832 |
| ആകെ | | | | 196630 |

ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നല്കിയതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 27/ 02.03.022) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കത്തയച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്.

## 1-57 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി

| | |
|---|---|
| പ്രോജക്ട് നമ്പർ | - 183/21 |
| | - ജീവിത ശൈലി രോഗ നിയന്ത്രണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| അടങ്കൽ | - 3,00,000/-(വികസന ഫണ്ട്- ജനറൽ) |
| ചെലവ് | - 2,70,970/- |
| വൗച്ചർ നമ്പർ / ബിൽ നമ്പർ | 57/ 22.12.2020 തുക 2,00,000/- |

മേൽ ബില്ലിൽ ഉൾപ്പെടുത്തി 2,00,000/- രൂപയുടെ (പ്രൊഫോർമ ഇൻവോയ്സ് PRF 3383/ 11.11.2020 ) മരുന്ന് ലഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. ആയതിൽ 145820/- (17229/-+ 92457/- + 36134/-) രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 54180 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | - 20/21 |
| | - പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| അടങ്കൽ | - 675000/-(വികസന ഫണ്ട്- ജനറൽ) |
| ചെലവ് | - 674998/- |
| വൗച്ചർ നമ്പർ / ബിൽ നമ്പർ | 81/ 26.02.2021 തുക 358174/- |

മേൽ ബില്ലിൽ ഉൾപ്പെടുത്തി 358174/- രൂപയുടെ (പ്രൊഫോർമ ഇൻവോയ്സ് PRF 5507/ 18.02.2021) മരുന്ന് ലഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. ആയതിൽ 313572/- (47906 + 111345 + 40635 + 105232 + 7593 + 861) രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 44602 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നല്കിയതിൽ (എൻക്വയറി നം. 18/ 26.02.2022) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കത്തയച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്.

## 1-58 എസ്.സി. പഠനമുറി-പണി പൂർത്തീകരിച്ച് അവസാന ഗഡു നൽകേണ്ടതാണ്.

പ്രോജക്റ്റ് നം. 220/21

നിർവ്വഹണോദ്യോഗസ്ഥ- എസ്.സി.ഡി.ഒ

മേൽ പ്രോജക്റ്റ് പ്രകാരം പഠനമുറി പൂർത്തീകരിക്കുന്നതിന് 200000/- രൂപയോ, വാല്യുവേഷൻ പ്രകാരമുള്ള തുകയോ ആണ് ധനസഹായമിനത്തിൽ ഗുണഭോക്താവിന് നൽകുന്നത്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താവ് പഠനമുറിയുടെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല . വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | സുരേന്ദ്രൻ.എ.പി.<br>അണിയത്ത് മാടായികോണം | 125000/- |

പണി പൂർത്തിയാക്കി അവസാനഗഡു നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ- 31/03.03.22)

## 1-59 ഒഴിവാക്കി.

.

## 1-60 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി-സബ്സിഡി തുക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

തൻവർഷം വിവിധ പദ്ധതികൾ പ്രകാരം വ്യക്തികൾക്കും,ഗ്രൂപ്പുകൾക്കും വ്യവസായങ്ങൾ ആരംഭിക്കുന്നതിന് താഴെ പറയും പ്രകാരം തുക ബാക്ക് എൻഡ് സബ്സിഡിയായി വായ്പ നൽകിയ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വായ്പതുക മുഴുവൻ തിരിച്ചടവാക്കിയിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറിയ ബാക്ക് എൻട് സബ്സിഡി അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാകുന്നില്ല. .വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് ,നമ്പർ | സ്ഥാപനത്തിന്റെ പേര്/വ്യക്തിയുടെ പേര് | ബിൽനം. തി | സബ്സ്ഡി തുക | ബാങ്കിന്റെ പേര് |
|---|---|---|---|---|---|
| 1. | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി<br>ധനസഹായം(വ്യക്തിഗതം)-<br>242/21 | M/S .Samson Products &'Traders,karuvannur.<br>(Shaju.K.V,kunnathuparambil House<br>Karuvannur) | 03/26.02.21 | 40000/- | ഇന്ത്യൻ ഓവർസീസ് ബാങ്ക്,<br>കരുവന്നൂർ.<br>A/C No.022103708000037<br>Loan-100000/- |
| 2. | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി<br>ധനസഹായം(വ്യക്തിഗതം)<br>-242/21 | M/S.M.K.Vegetables<br>ഇരിഞ്ഞാലക്കട.<br>(സുനിൽകമാർ,മച്ചാട്ട് വീട്,ഗാന്ധിഗ്രാം) | 04/05.03.21 | 40000/- | Canara Bank<br>Irinjalakuda<br>A/C No.45602200020488<br>Loan-90000/- |

| | | | | | |
|---|---|---|---|---|---|
| 3. | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം(വ്യക്തിഗതം)- 242/21 | M/S.Nisha Flourmill Karuvannur. (Veninja Antony Kallery Kanjirakkadan Karuvannur. | 02/28.02.21 | 40000/- | ഇന്ത്യൻ ഓവർസീസ് ബാങ്ക്, കരുവന്നൂർ. A/C No.022103708000036 Loan-100000/- |
| 4. | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം(വ്യക്തിഗതം)- 242/21 | M/S. Ask Tailors Irinjalakuda. (Sathish Kumar,puthanveedu,irinjalakuda -North | 02/28.02.21 | 40000/- | കേരള ഗ്രാമീൺ ബാങ്ക്, A/C No.26215338000121 Loan-100000/- |
| 5. | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം(വ്യക്തിഗതം)- സ്പിൽ ഓവർ -396/21 | Hiza Garments Moorkanad (Fousiya Shamsudheen, Nedumpurakkal ,Moorkanad. | 01/08.01.21 | 40000/- | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ. A/C Nx. 3595826800 Loan -80000/- |
| 6. | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം(വ്യക്തിഗതം)- സ്പിൽ ഓവർ -396/21 | M/S.Angel Food Products. (ജോജോ.എം.ടി, മാളിയേക്കൽ മാപ്രാണം) | 01/08.01.21 | 40000/- | ഫെഡറൽ ബാങ്ക് ഇരിഞ്ഞാലക്കുടA/C No.12796900008326 Loan-80000/- |

ബാക്ക് എൻഡ് സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോയെന്നും,സബ്സിഡി കഴിച്ചിട്ടുള്ള തുകക്ക് മാത്രമേ പലിശ ഈടാക്കുന്നുള്ളു എന്നും ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-20/26.02.22)ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി തുടർനടപടികൾ നിരീക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-61 ഐ.സി.ഡി. എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | - ഐ.സി.ഡി. എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 202/20-21 |
| | അംഗൻവാടികൾക്ക് പോഷകാഹാരം |
| അടങ്കൽ തുക | 43,00,000/- |
| ചെലവ് | 42,66,094/- |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി അമൃതം ഫുഡ് സപ്ലിമെന്റ്, മാടായിക്കോണം, എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനങ്ങളിൽ നിന്നും പോഷകാഹാരപ്പൊടി, പലചരക്ക് എന്നിവ വാങ്ങിയിട്ടുണ്ട്. ബിൽ പ്രകാരം നല്കിയ തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു. ടി സ്ഥാപനങ്ങളുടെ ഇൻവോയ്സ് ബില്ലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കുകളാണ് സൂചിപ്പിച്ചിട്ടുള്ളതും ഈടാക്കിയിട്ടുള്ളതും. CGST Act 2017 51(1), SGST Act 2017 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലിൽ നിന്നും 1 % വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. മേൽ ബില്ലുകളിൽ നിന്നും 2 % വീതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

അമൃതം ഫുഡ് സപ്ലിമെന്റ്, മാടായിക്കോണം

314032

338686

344501

359686

279149

94940

249643

46819

500000

-----------

ആകെ 2527466/-

ടി സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതാണ്,

എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കോർപ്പറേഷൻ ലിമിറ്റഡ്

369823

332115

298097

332027

374692

----------

ആകെ 1706754/-

## 1-62 അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

നഗരസഭയിലെ അങ്കണവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികൾ | 60 |
| സ്വന്തമായി സ്ഥലവും കെട്ടിടമുള്ളവ | 51 |
| സ്വന്തമായി സ്ഥലമുള്ളവ | 52 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 |
| കുടിവെള്ള, വൈദ്യുതി കണക്ഷൻ ഉള്ളവ | 60 |
| ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യമുള്ളവ | 0 |
| ബേബി ഫ്രണ്ട്ലി അങ്കണവാടികൾ | 0 |

3 അങ്കണവാടികളുടെ ( Cno 29 , Cno 31, Cno 38)പണി കഴിഞ്ഞതായും ഉദ്ഘാടനം നടന്നിട്ടില്ലായെന്നും ഐ.സി.ഡി.എസ്. സൂപ്പർ വൈസർ അറിയിച്ചു. അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് വേണ്ടി പുറമ്പോക്ക് ഭൂമികൾ കണ്ടെത്തുന്നതിനും സ്പോൺസർമാരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ നഗരസഭ സ്വീകരിക്കുന്നുണ്ടെന്നാണ് ഐ.സി.ഡി.എസ്. സൂപ്പർ വൈസർ അറിയിച്ചത്. പണി കഴിഞ്ഞിട്ടുള്ള അങ്കണവാടികൾ എത്രയും പെട്ടെന്ന് ഉപയോഗപ്രദമാക്കേണ്ടതാണ്. അങ്കണവാടികൾക്ക് കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, മറ്റ് ഭൗതികസാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിൽ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-63 ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകളിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്; ഖണ്ഡിക ക്രമ നം.2,3 എന്നിവ പ്രകാരമുള്ള തുക 1742072 രൂപയും 252000 രൂപയും തടസ്സത്തിൽ വെയ്ക്കുന്നു.

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ പട്ടികയായി ചുവടെ ചേർത്തിരിക്കുന്നു. റിമാർക്സിലെ നിർദ്ദേശാനുസരണം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്റ്റ് നം /ഫണ്ട് വൗച്ചർ നം. /തീയതി ഫയൽ നം. | ചെലവു തുക | റിമാർക്സ് |
|---|---|---|---|
| 1. | 87/21<br>പകർച്ചവ്യാധി നിയന്ത്രണം -ശുചീകരണ സാധനങ്ങളും സാമഗ്രികളും വാങ്ങൽ<br>CFC Grant<br>അടങ്കൽ തുക:500000<br>ചെലവ്:375690<br>22002509/27-3-21<br>22002589/27-3-21<br>PH1-1468/21 | 189042<br>186648 | വാങ്ങൽ നടത്തിയ സാനിറ്ററി മെറ്റീരിയൽസ് ബില്ലിന്റെ ഓഫീസ് പകർപ്പിൽ സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 12.2. 2 പ്രകാരം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും വിതരണ വിശദാംശം അതിൽ രേഖപ്പെടുത്തിയിരുന്നില്ല.ഭാവിയിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.<br>ഭാവിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം രേഖപ്പെടുത്തുകയും വിതരണ വിശദാംശം രേഖപ്പെടുത്തുകയും ചെയ്യുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി [ നം.29 / 3.3.22 ] ക്ക് മറുപടി നൽകി. |
| 2. | 219/21<br>ഗാർഹിക മാലിന്യ സംസ്കരണം.<br>CFC Grant അടങ്കൽ തുക:1650000<br>ചെലവ്:1650000<br>22000631/15-4-20<br>22002178/22-2-21<br>Central Fund<br>അടങ്കൽ തുക:1900000<br>ചെലവ്:92072<br>Chequeno589692/Dt. 24.03.2021:Not Obtained<br>State Fund അടങ്കൽ തുക:1300000<br>ചെലവ്:Nil<br>മറ്റുള്ളവ:600000<br>ചെലവില്ല.<br>PH2-17169/18 | 837072<br>812928<br>92072 | 2019 -20 ഓഡിറ്റ് റിപ്പോർട്ട് ഖ. 1.63 പ്രകാരമുള്ള അപാകത ആവർത്തിക്കുന്നതായി കാണുന്നു. IRTC PIU വിന് കൈമാറിയ തുകയ്ക്കു എത്ര കിച്ചൺ ബിന്നുകൾ , റിങ്ങ് കമ്പോസ്റ്റ് വിവിധ വാർഡുകളിലെ എത്ര ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യപ്പെട്ടു എന്ന് ബോധ്യപ്പെടാൻ സാധിക്കുന്ന രീതിയിൽ ഫയൽ , ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബഹുവർഷ പദ്ധതിയുടെ തൻ വർഷ അടങ്കൽ CFC ഗ്രാന്റ് 1650000 + കേന്ദ്ര ഫണ്ട് 1900000+ സംസ്ഥാന ഫണ്ട് 1300000+ ഗുഭോ വിഹിതം 600000 അടക്കം 5450000 രൂപയാണ്.റിംഗ് കംപോസ്റ്റ് യൂണിറ്റിന് 2500 രൂപയും (ഇതിൽ10% ആയ250 രൂപ ഗുണഭോക്തൃവിഹിതവും, 2250 സബ്സിഡിയുമാണ് ), കിച്ചൺബിൻ യൂണിറ്റിന് 410രൂപയും (ഇതിൽ10% ആയ41 രൂപ ഗുണഭോക്തൃവിഹിതവും, 369 സബ്സിഡിയുമാണ് ) കരാർ പ്രകാരം നൽകേണ്ടത്. ഗുണഭോക്തൃ വിഹിതം തൻ വർഷവും ചെലവഴിച്ചിട്ടില്ല. 320801000 നമ്പർ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ലെഡ്ജർ അക്കൗണ്ട് ഹെഡ് പ്രകാരം റിങ്ങ് കമ്പോസ്റ്റിന് 250രൂപ വെച്ച് 2020-21 കാലയളവിൽ 26250രൂപ പിരിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾക്ക തന്നെയാണോ ഉപകരണം ലഭിച്ചതെന്ന് വ്യക്തമല്ല.<br>2019 -20, 2020 - 21 കാലയളവിൽ ഉപകരണങ്ങൾ വിതരണം ചെയ്ത IRTC യുടെ ഒറിജിനൽ ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.<br>റിങ്ങ് കമ്പോസ്റ്റിന്റെ 1.2.21 ലെ B2B201 ഇൻ വോയ്സ് പ്രകാരം 510 എണ്ണം 2232. 14 രൂപ വെച്ച് 1275000 രൂപ രേഖപ്പെടുത്തിയ ഇൻ വോയ്സ് മാത്രമാണ് ഫയലിൽ കണ്ടത്.<br>പ്രൊജക്റ്റ് പ്രകാരമുള്ള ഫണ്ട് ചെലവനുപാതം പാലിച്ചുകൊണ്ടു തന്നെ യഥാർത്ഥ ചെലവും നടത്തേണ്ടതാണ്. IRTC യുമായി ഉണ്ടാക്കിയ കരാർ നിബന്ധന പ്രകാരമല്ല തുക കൈമാറിയത്. നിബന്ധന പ്രകാരമുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയ ഉപകരണങ്ങളുടെ വില മാത്രം ഗുണഭോക്തൃ വിഹിതമടക്കം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.<br>വികസന ഫണ്ട് ഒഴികെയുള്ള ഫണ്ടു ചെലവിന്റെ വിശദാംശം ചെക്ക്നം/തിയതി ഫയലിൽ ഉൾചേർക്കേണ്ടതാണ്.സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ഇൻ വോയ്സ് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ സഹിതം ഫയൽ പൂർണ്ണമാക്കി സമർപ്പിക്കുന്നതുവരെ തൻ വർഷത്തെ ചെലവു തുക 1742072 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. |
| | | | ഗുണഭോക്തൃ വിഹിതം 2021-22 വർഷത്തിൽ ചെലവഴിച്ചതായും അപാകതകൾ സംബന്ധിച്ച് IRTC ക്ക് കത്തു നൽകുമെന്നും ഓഡിറ്റ് എൻക്വയറി [ നം.29 / 3.3.22 ] ക്ക് മറുപടി നൽകി. ഓഡിറ്റ് പരാമർശിച്ച രേഖകളും വിശദാംശവും ഉൾചേർത്ത് പ്രൊജക്ട് ഫയൽ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്. |
| 3. | 267/21<br>എബിസി പ്രോഗ്രാം<br>അടങ്കൽ തുക:300000<br>ചെലവ്:252000<br>22002419/18.3.21<br>22002465/20.3.21<br>22002624/29.3.21 | 107100<br>81900<br>63000 | കുടുംബശ്രീ ജില്ലാ മിഷന് കൈമാറിയ തുകയുടെ കൈപ്പറ്റു രസീത് , ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 252000 രൂപ തടസ്സപ്പെടുത്തുന്നു. |
| | | | രേഖകൾ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷന് കത്തു നൽകിയതായി ഓഡിറ്റ് എൻക്വയറി [ നം.29 / 3.3.22 ] ക്ക് മറുപടി ലഭ്യമാക്കി. |
| 4. | 377/ 21so<br>സ്പോർട്സ് കിറ്റ് വിതരണം , കായിക പരിശീലനം.<br>അടങ്കൽ തുക:150000<br>ചെലവ്:83250<br>22001702/20.10.20 | 83250 | വിവിധ ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം നടത്തുന്നതിനാണ് പ്രൊജക്ട്. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 25 തരം സ്പോർട്സ് ഇനങ്ങൾ 21 ക്ലബുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ബിൽ നം. 2021 / GL R - 34/ 26 . 8 . 20 തുക 83250 രൂപ. സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018 ഖണ്ഡിക 7.6.13 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് 4000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകാം. സ.ഉ (സാധാ) നമ്പർ 811/2018/തസവഭവ തിയ്യതി : 26.03.2018 പ്രകാരം 5000 രൂപയുടെ വരെ സ്പോർട്സ് കിറ്റുകൾ നൽകാവുന്നതാണ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. 25 തരം സ്പോർട്സ് ഉപകരണങ്ങൾ 21 ക്ലബുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്.<br>മാർഗ്ഗരേഖാ നിർദ്ദേശമനുസരിച്ച് ഒരു ക്ലബ്ബിന് പരമാവധി 5000 രൂപയുള്ള ഉപകരണങ്ങൾ കിറ്റായിട്ടാണ് നൽകേണ്ടത്. 5000 രൂപയിലൊതുങ്ങുന്ന ഉപകരണങ്ങളടങ്ങിയ കിറ്റ് എന്ന നിലക്കല്ല ഓരോ ഉപകരണങ്ങളുടെ പേരു പരാമർശിച്ചാണ് ടെണ്ടർ വിളിച്ചത്. മാത്രമല്ല കാഷ് ബിൽ പ്രകാരമുള്ള സ്പോർട്ട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ നേരിട്ട് വിതരണം ചെയ്തതായും ഫയലിൽ നിന്നും വ്യക്തമാകുന്നു.<br>മാർഗ്ഗരേഖ / സർക്കാർ ഉത്തരവു നിർദ്ദേശത്തിന് അനുസൃതമായി പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |
| | | | മാർഗ്ഗരേഖ / സർക്കാർ ഉത്തരവു നിർദ്ദേശത്തിന് അനുസൃതമായി പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി [ നം.29 / 3.3.22 ] ക്ക് മറുപടി നൽകി. |
| 5. | 221/21<br>പൊതു മാലിന്യ പരിപാലന പദ്ധതി<br>CFC Grant<br>അടങ്കൽ തുക:1400000<br>ചെലവ്:600000<br>22000639/31.5.20<br>22002581/26.3.21 | 500000<br>100000 | ട്രഞ്ചിംഗ് ഗ്രൗണ്ടിലെ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിൽ വിവിധ മെഷിനറികൾ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടത്. 28.3.2020 ന് IRTC PIU,മുണ്ടൂർ,പാലക്കാട് എന്ന സ്ഥാപനവും ഹെൽത്ത് സൂപ്പർവൈസറും ചേർന്നുണ്ടാക്കിയ കരാർ പ്രകാരം 1742000 രൂപയുടെ പ്രൊപ്പോസലാണ് വെച്ചത്.<br>നിരക്കുകൾ GST ലോഡിംഗ് അൺലോഡിംഗ് ഇൻസ്റ്റലേഷൻ അടക്കമാണ്.<br>30.3.2020 ലെ IRTC - PI U 2019 - 20 ഇൻവോയ്സ് പ്രകാരം 1249700 രൂപയ്ക്ക് 7 ഉപകരണങ്ങളുടെ ലിസ്റ്റ് തന്നിട്ടുണ്ട്.<br>31.5.2020 ൽ 500000 രൂപ മുൻകൂറായി IRTCക്ക് നൽകി.<br>ടി തുകയ്ക്കുള്ള ഏതെല്ലാം ഉപകരണങ്ങൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന ടാക്സ് ഇൻ വോയ്സുകൾ ലഭ്യമാക്കേണ്ടതാണ്.<br>26.3.21 ൽ 100000 രൂപ കൈമാറി.<br>വികസന ഫണ്ട് CFC ഗ്രാന്റ് 600000 വും ശുചിത്വ മിഷൻ ഫണ്ട് 80000 വും വകയിരുത്തിയെങ്കിലും ശുചിത്വ മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തി കാണുന്നില്ല.<br>2.11.2020 ൽ B2 B1 17 ഇൻവോയ്സ് പ്രകാരം 485100 രൂപയുടെ ഓർഗാനിക് ഷ്രെഡ്ഡറും 20.2.21 ൽ B2 B237 20.2.21 പ്രകാരം ചിക്കൻ വേസ്റ്റ് കട്ട് ചോപ്പർ 222750 രൂപയുടേതും സ്ഥാപിച്ചു. മേൽ ഇൻ വോയ്സുകൾ പ്രകാരം 2% GST/TDS ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമായില്ല.<br>കരാർ വ്യവസ്ഥകൾക്കനുസരിച്ച് മെഷിനറികൾ പ്രവർത്തിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| | | | ശുചിത്വ മിഷൻ ഫണ്ട് 2021-22 വർഷത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി [ നം.29 / 3.3.22 ] ക്ക് മറുപടി ലഭ്യമാക്കി.<br>മറുപടിയിൽ രേഖപ്പെടുത്തിയതനുസരിച്ച് GST TDS ഈടാക്കിയതിന്റെ രേഖകളും ഒറിജിനൽ ടാക്സ് ഇൻ വോയ്സുകളും ഉൾചേർത്ത് പ്രൊജക്ട് ഫയൽ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്. |
| 6. | 646/21<br>വിൻഡ്രോ പ്ലാന്റ് മാനേജ്മെന്റ് ഔട്ട് സോഴ്സിംഗ്<br>CFC Grant അടങ്കൽ തുക:1000000 | 663750 | നഗരസഭയുടെ ഖരമാലിന്യസംസ്കരണപ്ലാന്റിൽ എത്തിക്കുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചത് .അക്രഡിറ്റഡ് ഏജൻസിയായ IRTC - PI U മുണ്ടൂർ , പാലക്കാട് എന്ന സ്ഥാപനം മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് 1.11.2020 പ്രാബല്യത്തിൽ 2020 നവം.1 മുതൽ 2021 ഒക്ടോബർ 31 വരെ കാലയളവിലേക്കാണ് കരാർ ചമച്ചിരിക്കുന്നത്. ആയതു പ്രകാരം നഗരസഭ ദിനം പ്രതി 3 ടൺ ജൈവ മാലിന്യം എത്തിച്ചു കൊടുക്കേണ്ടതാണ്. ഒരു ടൺ മാലിന്യത്തിന് |

| | | | | |
|---|---|---|---|---|
| | | ചെലവ്:663750<br>2200263/30.3.21<br>ഫയൽ:PC2-1470/21 | | 2500/- രൂപ പ്രകാരം ഒരു ദിവസം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് 7500 രൂപയാണ് കരാർ നിരക്ക്. വളം നിർമ്മിക്കാനായി 6 കരാർ തൊഴിലാളികളെ IRTC നിയമിച്ചിട്ടുള്ളതും ഇവരുടെ വേതനം കരാർ തുകയിൽ നിന്ന് നൽകുന്നതുമാണ്. പ്ലാന്റിന്റെ പ്രവർത്തനം 14.12.20 ൽ ആരംഭിച്ചു. ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ഓഡിറ്റ്എൻക്വയറി[ നം.29 / 3.3.22 ]<br>1.പ്ലാന്റിന്റെ ചുമതലയുള്ള J H I റിപ്പോർട്ട് പ്രകാരം 2020 ഡിസംബർ-18 ദിവസം<br>2021 ജനവരി -31 ദിവസം<br>2021 ഫെബ്രുവരി - 26 ദിവസം ആകെ 75 ദിവസം ഉൽപ്പാദനം നടത്തിയതിന് 562500 രൂപയും 18% GST അടക്കം 101250 രൂപ അടക്കം ആകെ 663750 IRTC ക്ക് നൽകി.30.6.21 ലെ 1ാം നമ്പർ തീരുമാനപ്രകാരം IRTC ക്ക് തുക നൽകിയത് കൗൺസിൽ അംഗീകരിച്ചു. [5.3.2021 ൽNO.IRTC-PIU/80/1256/20/5.3.21 ബിൽ പ്രകാരം "Operation & Maintenance Cost Of Solid Waste Treatment Plant For The Month 2020December To 2021 Feb 28" = Rs.577500.<br>മേൽ തുകയുടെ കൂടെ 18% GST തുക 103950 രൂപ അടക്കം 681450 രൂപയുടെ ബില്ലാണ് ഫയലിൽ കണ്ടത്. ഫെബ്രുവരിയിൽ JHI റിപ്പോർട്ട് അനുസരിച്ച് 26 ദിവസത്തെ വളം ഉൽപ്പാദനത്തിനുള്ള തുകയാണ് നഗരസഭ അനുവദിച്ചത്; ഇതാണ് വ്യത്യാസത്തിനു കാരണമെന്ന് ബോധ്യപ്പെട്ടു.] ഉൽപ്പാദനച്ചെലവിന്റെ {562500 രൂപ} കൂടെ അധികമായി അനുവദിച്ചു നൽകിയ GST 18% [101250 രൂപ] താഴെ പറയുന്ന കാരണങ്ങളാൽ ഓഡിറ്റ് അംഗീകരിക്കുന്നില്ല.<br>[A] കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് *243W* പ്രകാരമുള്ള പട്ടികയിൽ മുനിസിപ്പാലിറ്റികളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല.<br>[B]നഗരസഭ പണിതു നൽകിയ സ്ഥലത്ത് , നഗരസഭ നൽകുന്ന അസംസ്കൃതവസ്തുക്കൾ,നഗരസഭയുടെ മെഷിനറി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വ ഉപയോഗപ്പെടുത്തി വളമാക്കി മാറ്റിത്തരികയാണ് ചെയ്തിട്ടുള്ളത്.ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റ് തുക മാത്രം നൽകിയാൽ മതി. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>2. 1.11. 2020 ലെ കരാർ വ്യവസ്ഥ 5 പ്രകാരം പ്രതിദിനം ചുരുങ്ങിയത് 3 ടൺ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ലഭ്യമായെങ്കിൽ മാത്രമേ പ്ലാന്റിന്റെ പ്രവർത്തനം നഷ്ടമില്ലാതെ നടത്താൻ പറ്റുകയുള്ളൂ. പ്രതിദിനം 2500 X 3t N = 7500 രൂപ തോതിൽ നഗരസഭ നൽകിക്കൊണ്ടിരിക്കേണ്ട അവസ്ഥയുണ്ട്.<br>അതേ സമയം 3 ടൺ മാലിന്യം ദിവസേന എത്തിക്കാനാകുന്നില്ല. J H I റിപ്പോർട്ട് പ്രകാരം 2020 ഡിസംബർ മുതൽ 2021 ഫെബ്രുവരി വരെ യുള്ള കാലയളവിൽ പ്രതിദിനം ശരാശരി 1.23 ടൺ മാലിന്യം മാത്രമാണ് നഗരസഭയ്ക്ക് പ്ലാന്റിൽ എത്തിക്കാൻ കഴിഞ്ഞത്.<br>ഇതു സംബന്ധിച്ച് കരാർ നിബന്ധന 10 പ്രകാരം ഇരു കക്ഷികളും ചർച്ച ചെയ്ത് [ഉൽപ്പാദിപ്പിച്ച വളത്തിന്റെ അളവ് , ലഭ്യമാകുന്ന മാലിന്യത്തിന്റെ അളവ് എന്നിവ പരിഗണിച്ച്] സംസ്കരണ തുകയുടെ നിരക്കിൽ വ്യത്യാസം വരുത്താവുന്നതാണ്. മേൽ വിഷയത്തിൽ അവലോകനം നടത്തിയതായി ഫയലിൽ രേഖയില്ല.<br>നഗരസഭയുടെ ഉടമസ്ഥതയിലുള്ള വളം പാക്കറ്റിലാക്കി തരുന്ന ചുമതലയും കരാറിൽ ഉൾപ്പെടുന്നു. നിലവിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നഗരസഭയ്ക്ക് നഷ്ടം വരാതെ വിപണനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. |
| | | | | മാലിന്യ സംസ്കരണത്തിന് IRTC യുമായി നിശ്ചയിച്ച പ്രതിദിന നിരക്ക് 7500 രൂപയിൽ കുറയ്ക്കാൻ സാധിക്കില്ലെന്ന് IRTC അറിയിച്ചതായി ഓഡിറ്റ് എൻക്വയറി [ നം.29 / 3.3.22 ] ക്ക് മറുപടി നൽകി. ജൈവവള വിപണനത്തിന് പ്രത്യേക രജിസ്ട്രേഷൻ എടുത്തിട്ടില്ലെന്ന് മറുപടിയിൽ പറയുന്നു.<br>നഗരസഭക്ക് നഷ്ടം വരാത്ത രീതിയിൽ പ്ലാന്റ് നടത്തി കൊണ്ടു പോകാനുള്ള മാർഗ്ഗം കണ്ടെത്തേണ്ടതാണ്.<br>IRTC ക്ക് 18% GST അധികമായി നൽകിയത് സംബന്ധിച്ച് സ്ഥാപനത്തിന് കത്തു നൽകിയതായി മറുപടി ലഭമാക്കി. തുടർ നടപടി വിവരം ഓഡിറ്റ് പരിശോധിക്കുന്നതാണ്. |

## 1-64 കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നം: 330/21 SO

കമ്പ്യൂട്ടർ, സെർവർ കമ്പ്യൂട്ടർ എന്നിവ വാങ്ങലും കമ്പ്യൂട്ടർ AMC യും.

വികസന ഫണ്ട് അടങ്കൽ തുക: 588130

ചെലവ് :572124

വൗച്ചർ നം. 22000530/11.4.20 /Rs.456624

വൗച്ചർ നം.22001279/ 13.10.20 /Rs. 115500

ഫയൽ നം. PW4/ 11614/ 19

ജി.ഒ [പി] നം. 7 /19 എസ്.പി.ഡി. തിയതി 26.4.2019 പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. [സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 19.3]. 22. 8. 2019 ലെ ജി.ഒ[ പി] നം 10 /2019 എസ്.പി. ഡി പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺ ലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഖ 7.52 കൂട്ടിച്ചേർത്തു.ഇതു

സംബന്ധിച്ച് IT വകുപ്പ് 18.3.2019 ൽ ഐ.ടി. സെൽ- 1/26 / 2019 വി. സ. വ നം. സർക്കുലർ ഇറക്കിയിരുന്നു. ആയതു പ്രകാരം Cprcs പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല.

1.മേൽ പ്രൊജക്ട് പ്രകാരം നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആവശ്യത്തിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്റർ സ്കാനർ മുതലായവയും 22.11.19ൽ ഇടെണ്ടർ നടത്തി വിശ്വാസ് കമ്പ്യൂട്ടേഴ്സിൽ നിന്നും വാങ്ങൽ നടത്തിയിട്ടുണ്ട്. ഇൻവോയ്സ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി/ഇക | വാങ്ങിയ ഉപകരണങ്ങൾ |
|---|---|
| Inv.No.24/30.4.20 Amt:115500 | Pc Acer -3nos |
| Nv.No1724/28.2.20 Amt:456624 | PC Acer Veriton.....5no.<br>Printer Epson ....... 1no.<br>Printer Brother...... 1no.<br>Scanner Canon.......1no. |

GEM/ Cprcs പോർട്ടൽ മുഖേനയുള്ള വാങ്ങൽ രീതി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനവും ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 11 /22.2.2022 ന് മറുപടി ലഭ്യമാക്കി. പർച്ചേസ് നടത്തിയ സമയത്ത് GEM /Cprcs പോർട്ടൽ മുഖേന Latest Version കമ്പ്യൂട്ടറുകൾ ലഭിക്കാനുള്ള കാലതാമസം, Price ൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട അവസ്ഥ എന്നിവ മൂലമാണ് സർക്കാർ ഉത്തരവ് പാലിക്കാൻ കഴിയാതിരുന്നതെന്ന് മറുപടിയിൽ പറയുന്നു. എന്നാൽ GEM / Cprcs മുഖേന വാങ്ങാൻ ശ്രമം നടത്തിയെങ്കിലും മേൽ കാരണങ്ങളാലാണ് ഇ-ടെണ്ടർ നടത്തേണ്ടിവന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർ മെന്റ് കമ്മിറ്റി ശുപാർശ ലഭ്യമാകാത്തതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മറുപടിയിൽ പരാമർശമില്ലാത്തത് ശ്രദ്ധയിൽ പെടുത്തുന്നു. ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് ബാധകമായ പർച്ചേസ് മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങളിലൊന്ന് വാങ്ങൽ സംബന്ധിച്ച രേഖകൾ സെക്രട്ടറി പരിശോധിച്ചതിനു ശേഷം പ്രൊക്യുമെന്റ് കമ്മറ്റി മുൻപാകെ സമർപ്പിക്കുകയും കമ്മിറ്റി ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് ശുപാർശ ചെയ്യണമെന്നമാണ്. ആ നടപടിക്രമം പാലിച്ചതായി രേഖകൾ ലഭ്യമായിട്ടില്ല.

2.വിശ്വാസ് കമ്പ്യൂട്ടേഴ്സുമായുള്ള എഗ്രിമെന്റ് 26.2.2020 പ്രകാരം 572124 രൂപ രണ്ട് ബില്ലുകളായാണ് നൽകിയത്. ആയതിൽ 456624 രൂപയുടെ ബില്ലിൽ നിന്നു മാത്രമേ TDS ഈടാക്കിയിട്ടുള്ളു. 115500 രൂപയുടെ ബില്ലിൽ നിന്നും 2% TDS ഈടാക്കേണ്ടതാണ്.

രണ്ട് ഘട്ടങ്ങളിലായാണ് പർച്ചേസ് നടത്തിയതെന്ന ഓഡിറ്റ് എൻക്വയറി മറുപടി വ്യക്തമല്ല. ഒരു കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുകയും ആയതിന്റെ ഭാഗമായി പാർട്ട് ബില്ലുകൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ ഓരോ പാർട്ട് ബില്ലിൽ നിന്നും അതാത് സമയം ടിഡിഎസ് പിടിച്ച് അടക്കേണ്ടതായിരുന്നു.ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3.456624 രൂപയുടെ ബില്ലിൽ നിന്നും ഇൻകം ടാക്സ് 1% ആണ് പിടിച്ചിരിക്കുന്നത്. ഇൻകം ടാക്സ് കമ്മീഷണറുടെ 13.5.20 ലെ നിർദ്ദേശപ്രകാരം 14.5.20 മുതൽ 31.3.2021 വരെ കരാറുകാരിൽ നിന്ന് 0.75% വും കമ്പനിയിൽ നിന്ന് 1.5% വും ആണ് ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

4.വാങ്ങൽ നടത്തിയ കമ്പ്യൂട്ടറുകളും, പ്രിന്റർ, സ്കാനർ മുതലായവയും സ്റ്റോർ പർച്ചേസ് മാന്വൽ നിർദ്ദേശാനുസരണം സ്റ്റോക്കിൽ എടുത്തിരുന്നില്ല. ഒറിജിനൽ ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിരുന്നില്ല.സ്റ്റോർപർച്ചേസ് മാന്വൽ ഖ. 12.2. 2 പ്രകാരം ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ്.ഭാവിയിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി.

5.ഓഫീസ് ആവശ്യത്തിനു കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ എന്ന പേരിൽ 659 /21 നമ്പരായി പുതിയ പ്രൊജക്ടും തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ചെലവ്വ തുക 101442രൂപ [ഫയൽ ജി 4 /247321] സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 6.1 പ്രകാരം ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കണ്ട് വാങ്ങൽ നടത്തേണ്ടതാണന്ന നിർദ്ദേശവും ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി.

6. 24.9.2010 ലെ 86 / 2010 ഫിൻ നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതായി മറുപടി നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-65 പൊതുടാപ്പുകളുടെ വെള്ളക്കരം-ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

ഫയൽ നം.4541/87

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2020-21ൽ 4139100 രൂപ ഇരിങ്ങാലക്കുട വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. നഗരസഭയിലെ 41 വാർഡുകളിലായി 553 പൊതു ടാപ്പുകൾക്ക് 363321 രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിക്ക് നൽകിവന്നിരുന്നത്.26.8.2020 ലെ സംയുക്ത പരിശോധനയെ തുടർന്ന് വാട്ടർ അതോറിറ്റി കത്തു പ്രകാരം [26.8.20ലെ 79/IJK/IWSS/17-18 നം.കത്ത്] ടാപ്പുകളുടെ എണ്ണം 505 ആയി കുറച്ചു. 2020 ഡിസംബർ മുതൽ 505 ടാപ്പുകളുടെ ചാർജ് 331785 രൂപയാണ് അടച്ചു വരുന്നത്.[പ്രവർത്തനക്ഷമം 415+ റിപ്പയർ ആവശ്യമായവ 9 +ഒഴിവാക്കേണ്ടത് 81=505].81 ടാപ്പുകൾ ഒഴിവാക്കേണ്ടവയാണ്.30.9.20 ലെ കൗൺസിൽ തീരുമാനം നമ്പർ 2 പ്രകാരം പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും കത്തു നൽകുകയും ചെയ്തിട്ടുണ്ട്.ആയതു നീക്കം ചെയ്യാൻ 19-2-21 ലെ 16ാം നമ്പർ തീരുമാന പ്രകാരം 1,15,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തു.വാട്ടർ അതോറിറ്റിയിൽ പ്രസ്തുത തുക ഡെപ്പോസിറ്റ് ചെയ്തതിനെ തുടർന്ന് നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാകുന്നു.

പലയിടങ്ങളിലും പൊതുജനങ്ങളും നഗരസഭ കൗൺസിലർമാരും ടാപ്പുകൾ നീക്കം ചെയ്യുന്നതിന് തടസ്സം നിന്നതിനെ തുടർന്ന് പ്രവൃത്തി നിർത്തി വെച്ചതിനാൽ തുടർനടപടി സ്വീകരിക്കേണ്ടതു സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതർ 3.12.21 ലെ D2. 840/ 2021 കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക ഹരിത കേരളം മിഷൻ 7.1 ബി (7) ൽ പൊതുടാപ്പുകളിൽ നിന്നുള്ള കുടിവെള്ള ദുരുപയോഗം തടയുന്നതിനു വേണ്ടി കർശന നടപടി എടുക്കുകയും ഘട്ടംഘട്ടമായി പൊതുടാപ്പുകളുടെ എണ്ണം കുറച്ചു കൊണ്ടു വരുകയും പകരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് കടിവെള്ള - ഗാർഹിക കണക്ഷൻ നൽകുന്ന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്എന്ന നിർദ്ദേശമുള്ളത് ശ്രദ്ധയിൽപെടുത്തുന്നു. പൊതുടാപ്പിനു പകരമായി ഹൗസ് കണക്ഷൻ പ്രോൽസാഹിപ്പിക്കേണ്ടതാണെന്ന് സബ്സിഡി

മാർഗ്ഗരേഖയിലും നിർദ്ദേശമുണ്ട്.

ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ വാട്ടർ അതോറിറ്റിക്ക് വേണ്ട സഹായം നഗരസഭയിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി [നം: 3/ 1 7. 2 . 2022] ക്ക് മറുപടി നൽകി. ഹൗസ് കണക്ഷൻ അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് വാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ അറിയിച്ചതായും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഏതു സാഹചര്യത്തിലും ഉപയോഗശൂന്യമായ ടാപ്പുകൾക്ക് നഗരസഭ പണം നൽകേണ്ടതില്ല.വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-66 സോളാർ സിസ്റ്റം പ്രവർത്തന ക്ഷമമാക്കൽ -ഇൻകംടാക്സ് കുറവ് ഈടാക്കി.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നം. തി. തുക -115/16.09.20-495482/-

പ്രോജക്റ്റ് നം.614/21

വകയിരുത്തിയ തുക -500000/-

സോളാർ സിസ്റ്റം പ്രവർത്തന ക്ഷമമാക്കുന്നതിന്റെ ഭാഗമായി 20KVA ഓഫ് ലൈൻ സിസ്റ്റം, സോളാർ പാനൽ റി-ഫിറ്റിങ്ങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് LA-Nath Solar Energy Solution. Guruvayur എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീരിച്ചു.പ്രവൃത്തി പൂർത്തീകരിച്ച മേൽ സ്ഥാപനത്തിൽ നിന്നും 1.5% ഇൻകംടാക്സിനത്തിൽ ഈടാക്കേണ്ടതായിരുന്നു. 7432/-രൂപ ഈടാക്കേണ്ടതിനു പകരം എന്നാൽ 1% തുകയായ 4955/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇൻകംടാക്സിനത്തിൽ കുറവ് വന്ന 2477/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-67 അംബേദ്ക്കർ സാംസ്കാരിക നിലയത്തിന്റെ മുൻവശവും സൈഡിലും ഷീറ്റ് മേയൽ -വാർഡ് -9 -വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

വകയിരുത്തിയ തുക -500000/-

പ്രോജക്റ്റ് നം. 278/21

കരാറുകാരൻ -ടി.സി.സുനിൽകുമാർ

എം.ബുക്ക് നം. 27/19-20

എഗ്രിമെന്റ് നം. 132/18-19 തി. 27.12.18

TS No. LSGD/TS/18-19/91286/14.07.18.

കരാർ തുക -439900/-

ബിൽ നം. തി. തുക -22/29.04.20

മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 6 മാസമാണ്. 26.06.19 -ന പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 18.02.20 നാണ് പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത്.(എം.ബുക്ക് പേജ് നം. 7) .എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആദ്യത്തെ 3 മാസം 1% വരെ അതിൽ കൂടുതൽ വരുന്ന ഓരോ 3 മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കുവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്.
32/03.303.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
27.06.19 -02.08.19 -Nil
03.08.19-02.11.19 -439900*1%=4399
03.11.19 -02.02.20-439900*2%=8798
ആകെ -13197/-

പിഴയിനത്തിൽ 13197/- രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

## 1-68 ചുണ്ടങ്ങപ്പാടം റോഡ് പുനരുദ്ധാരണം - ടാറിന് എക്സസ് കോസ്റ്റ് നൽകിയത് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം. 269/21
എം.ബുക്ക് നം. 34/19-20

TS-17-18/82811/25.11.17 -486000/-

അടങ്കൽ -486000/-
എഗ്രിമെന്റ് നം.തി.-99/17-18 Dt.31.03.18

കോസ്റ്റ് ഇൻഡക്സ് -37.25

കോൺട്രാക്ടർ -ടി.സി.സുനിൽകുമാർ
വൗച്ചർ നം.തി.22000557/11.04.20 -373131/-
ബിൽ നം. തി.14/23.04.20-373131/-

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് തുക 485564/- രൂപയാണ്. എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ ഇനത്തിൽ 39881/- രൂപ ബില്ലിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭിച്ച തുകയേക്കാളധികം തുക 522975/- രൂപയായി ആകെ പ്രവൃത്തി മൂല്യം കണക്കാക്കി കരാറുകാരന് തുക നൽകി. സർക്കാർ ഉത്തരവ് നം. (ആർ.ടി)9386/18/fin.dt.13.11.18 പ്രകാരം 01.11.18 ൽ തുടർന്നു വരുന്ന പ്രവൃത്തികൾക്ക്, ടെന്റർ ക്ലോസ്സ് ചെയ്യുന്ന സമയത്ത് നിലവിലുള്ള നിരക്കും മാർക്കറ്റ് നിരക്കും തമ്മിലുള്ള വ്യതിയാനം നൽകാവുന്നതാണ്.ടി കാലയളവിൽ പിഴയില്ലാതെ കാലയളവ് നീട്ടി ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്കും അധിക വിഹിതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എഗ്രിമെന്റ് കാലാവധി കഴിഞ്ഞ മേൽ പ്രവൃത്തികൾക്ക് ഇപ്രകാരം എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ ഇനത്തിൽ 39881/- രൂപ നൽകിയിട്ടുണ്ട്.ആയത് അനുവദനീയമല്ല.ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

38/03.03.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-69 വാതിൽ മാടം കോളനി സൈഡ് പ്രൊട്ടക്ഷൻ വാർഡ് -38 -റിപ്പോർട്ട് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നം..

ബിൽ നം. തി. തുക -20/29.04.20-95875/-

എം.എൽ.എ.ഫണ്ടുപയോഗിച്ച് ചെയ്യുന്ന മേൽ പ്രവൃത്തിക്ക് വേണ്ടി 2136/2017/LSGD/27.06.17 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.17-18 വർഷം ഭരണാനുമതി ലഭിച്ച വാതിൽ മാടം കോളനി സൈഡ് പ്രൊട്ടക്ഷൻ വർക്കിന് വേണ്ടി സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന നടത്തുന്നതിന് വേണ്ടി തൃശ്ശൂർ ഗവ.എഞ്ചിനീയറിങ്ങ് കോളേജിന് -95875/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല.പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതും,പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-70 പള്ളി റോഡ് ഡ്രെയിനേജ് നിർമ്മാണം -പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 121

എം.ബുക്ക് -112/20,,13/21

വകയിരുത്തിയ തുക -1480000/-

എഗ്രിമെന്റ് -12/19-20/02.11.19-1208453.88/-

ഫസ്റ്റ് &പാർട്ട് ബിൽ -146/13.11.20-1075524/-

സെക്കന്റ് &പാർട്ട്- 105/15.02.21-274754/-

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം എർത്ത് വർക്ക് എക്സ്കവേഷൻ,ഡ്രെയിൻ നിർമ്മാണം,സ്ലാബിടൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.ഫസ്റ്റ് & സെക്കന്റ് ബില്ലിൽ നിന്നും റിടെൻഷൻ പിടിച്ചിട്ടില്ല.

റീടെൻഷൻ ഇനത്തിൽ 33757/- രൂപ ഈടാക്കേണ്ടതായിരുന്നു. പണിപൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകേണ്ടതും ,വൈകിയതിന് പിഴ ഈടാക്കേണ്ടതുമാണ്.

36/03.03.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-71 മരാമത്ത് പ്രവൃത്തി അപാകതകൾ

1)നഗരസഭ ടാറിങ്ങ് ഉൾപ്പെടുന്ന പ്രവൃത്തികൾ ടെന്റർ ചെയ്യുമ്പോൾ ടാറിന്റെ വില ഉൾപ്പടെയുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ആയത് ടെന്റർ ചെയ്യുകയുമാണ് ചെയ്യുന്നത്. ഇത് ടെന്റർ ഷെഡ്യൂളിന്റെ ഭാഗമാക്കുകയും എഗ്രിമെന്റിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ നഗരസഭ നേരിട്ട് ടാർ വാങ്ങുകയും, ആയത് കരാറുകാരന് സപ്ലൈ ചെയ്യുകയും അളവു പുസ്തകത്തിൽ ടാറിന്റെ ഉൾപ്പടെയുള്ള പ്രവൃത്തി മൂല്യം കണക്കാക്കുകയും സപ്ലൈ ചെയ്ത ടാറിന്റെ വില കുറവ് ചെയ്ത് ബാക്കി തുക കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. ഇതിന് പുറമേ ടാറിന്റെ മാർക്കറ്റ് നിരക്കും പ്രൈസിലെ (എസ്റ്റിമേറ്റ്) നിരക്കും തമ്മിലുള്ള വ്യത്യാസം കൂടി കരാറുകാരന് നൽകുന്നു. ഇപ്രകാരം നൽകുന്ന തുകയിൽ നിന്നും നികുതികൾ കുറവ് ചെയ്യുന്നില്ല.

2)തൻവർഷം വിവിധ പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നതിന് 6250476/- രൂപ ചെലവഴിച്ചിട്ടുണ്ട്. 730893/-(BPCL-370543/-+HINDCOL-360350/-) രൂപയുടെ ടാർ ഇനിയും ലഭിക്കാനുള്ളതായി അറിയിച്ചിട്ടുണ്ട്.

3)താഴെ പറയുന്ന പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതു വരെ നടത്തിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.
107/21,582/21,150/21,144/21,583/21,595/21,101/21,159/21 എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-72 ടാറിന് ഇൻവോയ്സ് നൽകിയിട്ടില്ല.

CENTRAL GST നിയമം 2017, വകുപ്പ് 22(1), നോട്ടിഫിക്കേഷൻ 10/19/ Central Tax Dt.07.03.19 എന്നിവ പ്രകാരം ഒരു വർഷം 40 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനം GST രജിസ്ട്രേഷൻ എടുക്കേണ്ടതും, വകുപ്പ് 31(1) പ്രകാരം സപ്ലൈ ചെയ്യുന്ന സമയത്ത് ഇൻവോയ്സ് നൽകേണ്ടതുമാണ്. നഗരസഭ നം.32AAALA3293P1Z0 നമ്പർ ആയി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 4.12.18 മുതൽ GST രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സപ്ലയർ ഓഫ് സർവ്വീസ്,വർക്ക് കോൺട്രാക്ട് എന്നീ ഇനങ്ങളിലാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്.

രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും മേൽ പ്രകാരം പ്രവൃത്തികൾക്ക് കോൺട്രാക്ടർക്ക് ടാർ നൽകുമ്പോൾ നിയമം അനുശാസിക്കുന്ന രീതിയിൽ ഇൻവോയ്സ് നൽകിയതായി കാണുന്നില്ല. എന്നാൽ കമ്പനികളിൽ നിന്നും ടാർ വാങ്ങുമ്പോൾ "BILL TO PARTY" എന്ന രീതിയിൽ നഗരസഭയുടെ ജി.എസ്. ടി രജിസ്ട്രേഷൻ നം.32AAALA3293P1Z0 ഉൾപ്പടെ രേഖപ്പെടുത്തി കൊണ്ടാണ് കമ്പനികൾ ഇൻവോയ്സ് നൽകുന്നത്. എന്നാൽ നഗരസഭ കരാറുകാരന് നിയമ പ്രകാരമുള്ള ഇൻവോയ്സ് നൽകുകയോ, ഇൻപുട്ട് ടാക്സ് സംബന്ധിച്ച റിട്ടേൺ നല്കുന്നതായോ ചെയ്യുന്നതായി കാണുന്നില്ല. GST നിയമ പ്രകാരം നഗരസഭക്ക് ഫൈൻ നൽകേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതാണ്.

## 1-73 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ പേര് | ഈടാക്കേണ്ട നികുതി | റിമാർക്സ് |
|---|---|---|---|
| 1 | കാവുപുര മുസ്ലിംപള്ളി റോഡ് റീടാറിങ്ങ്, വാർഡ്-30<br>പ്രോജക്റ്റ് നം.154/21<br>എം.ബുക്ക് നം. 17/21 | 3676 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച് 1838*2<br>വീതം ഈടാക്കേണ്ടതായിരുന്നു. |

| | | | |
|---|---|---|---|
| | കരാറുകാരൻ -കെ.എ.ഗോപികമാർ<br>ആകെ പ്രവൃത്തി മൂല്യം – 301975/-<br>ബിൽ നം. തി. ഇക – 113/15.02.21<br>കരാർ ഇക -302022/- | | |
| 2 | 4സെന്റ് കോളനി റോഡ് റീടാറിങ്ങ് &സൈഡ് പ്രൊട്ടക്ഷൻ വാർഡ് -41<br>പ്രോജക്റ്റ് നം.154/21<br>എം.ബുക്ക് നം. 93/21<br>കരാറുകാരൻ-കെ.എ. ഗോപികമാർ<br>ആകെ പ്രവൃത്തി മൂല്യം -259156.92<br>കരാർ ഇക-264185/-<br>ബിൽ നം. തി. ഇക -90/30.03.21 | 3142 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച് 1571*2 വീതം ഈടാക്കേണ്ടതായിരുന്നു. |
| 3 | പൂച്ചക്കുളം റോഡ് റീടാറിങ്ങ്<br>പ്രോജക്റ്റ് നം.348/21<br>എം.ബുക്ക് നം. 45/21<br>കരാറുകാരൻ-ഇ.എൻ.വിനോദ്കമാർ<br>എഗ്രിമെന്റ് ഇക-413000/-.<br>ആകെ പ്രവൃത്തി മൂല്യം – 427783.05<br>ബിൽ നം. തി. ഇക – 125/25.02.21 | 4438 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച്2219*2 – ഈടാക്കേണ്ടതായിരുന്നു. |
| 4 | ചുങ്കം കാവുപുര റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നം.549/21<br>എം.ബുക്ക് നം.40 /21<br>കരാറുകാരൻ -കെ.എ.ഗോപികമാർ.<br>ആകെ പ്രവൃത്തി മൂല്യം -264387/-<br>ബിൽ നം. തി. ഇക -115/15.02.21- | 3822 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച് 2219*2 ഈടാക്കേണ്ടതായിരുന്നു.- |
| 5 | ഫാദർ ഡിസ്മാസ് റോഡ് ബൈലൈൻ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ -കെ.എ.ഗോപികമാർ.<br>പ്രോജക്റ്റ് നം.154/21<br>എം.ബുക്ക് നം. 93/21<br>എഗ്രിമെന്റ് നം.95/20-21/19.02.21<br>ആകെ പ്രവൃത്തി മൂല്യം -295748/-<br>ബിൽ നം. തി. ഇക -49/24.03.21 | 3522 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച്-1761*2 ഈടാക്കേണ്ടതായിരുന്നു. |

മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതാണ്.37/03.03.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-74 ജവഹർ കോളനി തോട് പുനരുദ്ധാരണം -വാർഡ് -14(എസ്.സി.പി.) -പണി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. -311/21

കരാറുകാരൻ -സി.എ. ബെന്നി

എം.ബുക്ക് നം. 64/19-20

എഗ്രിമെന്റ് നം. 92/19-20 തി. 13.02.20

TS No. LSGD/TS/19-20/25084/16.10.19

കരാർ ഇക -147793/-

ബിൽ നം. തി. ഇക -21/29.04.20-96250/-

ജവഹർ കോളനി തോട് സൈഡ് കെട്ടി പുനരുദ്ധാരണം നടത്തൽ പദ്ധതി പ്രകാരം സൈഡ് കെട്ടി 27 മീറ്റർ നീളത്തിൽ55 " PVC പൈപ്പ് സ്ഥാപിക്കുന്നതിനും, ലക്ഷ്യമിട്ടിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം 11.475 M3 സൈഡ് പ്രൊട്ടക്ഷന് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 4.11 M3 മാത്രമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ഇനം 4 പ്രകാരം പൈപ്പിടുന്ന പ്രവൃത്തി നടത്തിയിട്ടുമില്ല. പാർട്ട് ബിൽ നൽകി പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. ഫയൽ പരിശോധിച്ചതിൽ എന്ത് കൊണ്ടാണ് പ്രവൃത്തി പൂർത്തീകരിക്കാത്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല പ്രവത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരനെതിരെ ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.22/26.03.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-75 ജവഹർ കോളനി റോഡ് പുനരുദ്ധാരണം - പിഴ ഈടാക്കിയിട്ടില്ല.

അടങ്കൽ -775000/-

കോൺട്രാക്ടർ -റോജോ ജോസ്

എം.ബുക്ക് നം-162/18-19

കോസ്റ്റ് ഇൻഡക്സ് -37.25

കരാർ തുക-എസ്റ്റിമേറ്റ് നിരക്ക്

ബിൽ നം.തി-10/29.04.20 -362060/-

എഗ്രിമെന്റ് -154/18-19/28.02.19

1)മേൽ പ്രവൃത്തിയുടെ ഇനം 2 പ്രകാരം 35.95m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
2)19-20 വർഷം ഫസ്റ്റ് &പാർട്ട് ബിൽ നൽകിയപ്പോൾ (207853) 2079/ രൂപ ടി.ഡി.എസ് കറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ തുകയിൽ നിന്നു മാത്രമാണ് GST ഈടാക്കിയിട്ടുള്ളത്.കരാർ തുക 250000- ൽ കൂടുതൽ വരുന്ന പ്രവൃത്തികൾക്ക്
ബിൽ തുക 250000/- ൽ കുറവാണെങ്കിലും GST ഈടാക്കേണ്ടതാണ്.

3)എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആദ്യത്തെ 3 മാസം 1% വരെ അതിൽ കൂടുതൽ വരുന്ന ഓരോ 3മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കുവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

എഗ്രിമെന്റ് തിയ്യതി-28.02.19

പൂർത്തീരിച്ച തിയ്യതി-28.02.20

പൂർത്തീകരിക്കേണ്ട തിയ്യതി-27.07.19

20% സമയം അനുവദിക്കുമ്പോൾ -02.09.19 -01.12.19 -1%-775000*1%=7750

02.12.19 -28.02.20-2%-775000*2%=15500

ആകെ 23250/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണ്.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
42/03.03.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-76 കാർത്ത്യായനി ടീച്ചർ റോഡ് പൂർത്തീകരണം -പണി പൂർത്തീകരിച്ചിട്ടില്ല.

എം.ബുക്ക് നം. 34/19-20

TS-20-21/34024/08.10.20 -256700/-

അടങ്കൽ -256700/-

കോസ്റ്റ് ഇൻഡക്സ് -31.06

കോൺട്രാക്ടർ -കെ.എ.ഗോപികുമാർ

എം.ബുക്ക് നം-145/21

കരാർ തുക-151163.08

ബിൽ നം.തി-123/31.03.21-90133/-

വാർഡ് 25-ലെ കാരത്ത്യായനി ടീച്ചർ,കോടശ്ശേരി ഗാർഡൻ,എം.ജെ.റോഡ്, എന്നിവ പോട്ഹോൾ ചെയ്ത് റീടാറിങ്ങ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് . എന്നാൽ എം.ബുക്കിൽ ഏതൊക്കെ റോഡുകളിൽ എത്ര അളവ് ചെയ്തു എന്നത് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.മേൽ പ്രവൃത്തിക്ക് വേണ്ടി താഴെ പറയും പ്രകാരം ടാർ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ആയത് മുഴുവനും ഉപയോഗിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | നൽകിയ അളവ് | ഉപയോഗപ്പെടുത്തിയത് | ബാക്കി |
|---|---|---|---|
| VG30 | 1542kg | 1190kg | 352kg(@49.64) |
| RS1 | 153kg | 116kg | 37kg(@49.75) |

ബാക്കിയുള്ള ടാറിന്റെ വിനിയോഗവിവരം ലഭ്യമല്ല. നാളിതു വരെ പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല.പണി പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നും ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല.വിതരണം ചെയ്ത ടാർ സമയപരിധിക്കകം ഉപയോഗിക്കാത്ത പക്ഷം ആയത് ഉപയോഗശൂന്യമാകുന്നതാണ്. കരാറുകാരന്റെ അനാസ്ഥ മൂലം പണി പൂർത്തീകരിക്കാൻ വൈകിയിട്ടുണ്ടെങ്കിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 40/03.03.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-77 മണ്ണിന്റെ വിനിയോഗവിവരം ലഭ്യമക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾ പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ഇനം | എം.ബുക്ക് നം./പേജ് നം | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഗാന്ധിഗ്രാം 5th ,6thറോഡ് ,നോർത്ത് ലിങ്ക് റോഡ് റീ-ടാറിങ്ങ് ,ഗാന്ധിഗ്രം 6thറോഡ് കാന നിർമ്മാണം.<br>പ്രൊജക്റ്റ് നം-308/21<br>അടങ്കൽ<br>ഫണ്ട്<br>കരാറുകാരൻ-Jറോജോജോസ്<br>കരാർ-<br>ബിൽ നം, ഉക-11/29.04.20-276117/-<br>132/28.10.20-325042/- | 2.1 | 41/19-20<br>പേജ് -31 | 58.45m3 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല.ഇനം 2-8 പ്രകാരം മണ്ണ് ലോഡിങ്ങ്&അൺലോഡിങ്ങിന് ഉക ചെലവഴിച്ചിട്ടുണ്ട്. |
| 2 | കട്ടപ്പാലം ബോക്സ് കൾവെർട്ട് നിർമ്മാണം<br>പ്രൊജക്റ്റ് നം-507/21<br>അടങ്കൽ-495000/-(CFC)<br>ഫണ്ട്-<br>കരാറുകാരൻ-'ടി.പി.ജെയ്.<br>കരാർ<br>ബിൽ നം, ഉക-118/31.03.21-<br>465638/- | 1 | 12/21<br>-2 | 29.238m3 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല |
| 3 | സോൾവെന്റ് പാർക്കിന്റെ എതിർവശത്തുള്ള റോഡ് റീ-ടാറിങ്ങ്-<br>പ്രൊജക്റ്റ് നം-<br>അടങ്കൽ-770000/-<br>ഫണ്ട്-റോഡ്<br>കരാറുകാരൻ-സന്തോഷ്.ടി.സി.<br>കരാർ-175/18-19 Dt. 07.03.19<br>ബിൽ നം, ഉക-35/09.04.20-<br>572226/- | 2(1) | 215/19-20,<br>53/19-20/<br>23(215) | 34.552m3 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല |
| 4 | കർഷക സമിതി റോഡ് ഡ്രെയിൻ നിർമ്മാണം കൽവെർട്ട് കലി റോഡ് W-36<br>പ്രൊജക്റ്റ് നം499/21<br>അടങ്കൽ-410000/-<br>ഫണ്ട്-റോഡ്<br>കരാറുകാരൻ<br>ബാബു.സി.എഫ്.<br>കരാർ-70/19-20/31.12.19<br>ബിൽ നം, ഉക-107/24.07.20-<br>409826 | 1 | 83/20 | 43.5 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല |
| 5 | സ്വീറ്റ് ബസാർ റോഡ് ബൈലൈൻ<br>വിശ്വനാഥപുരം അമ്പലം റോഡ് നവീകരണം<br>പ്രൊജക്റ്റ് നം-335/21<br>അടങ്കൽ-450000/-<br>ഫണ്ട്-Jറോഡ്<br>കരാറുകാരൻ-സന്തോഷ്.ടി.സി.<br>കരാർ-60/19-20/21.11.19<br>ബിൽ നം, ഉക-<br>99/14.07.20-<br>164298/-<br>25/22.04.20-<br>220259/- | | 208A/18-19 | 28.33m3 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല |
| 6 | ഓടമ്പുള്ളി റോഡ് വൈഡനിങ്ങ്<br>പ്രൊജക്റ്റ് നം552/21<br>അടങ്കൽ-900000/-<br>ഫണ്ട്-റോഡ് | 2 | 71/20 | 88.432m3 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ-പി.ആർ. നാരായണൻ<br>കരാ്ര്യ<br>ബിൽ നം, തുക-111/24.07.20-<br>557605/- | | | | |
| 7 | ചാച്ച ചാക്യാർ റോഡ് മണ്ണാത്തിക്കുളം റോഡ് ,SMV റോഡ് നവീകരണം<br>പ്രൊജക്റ്റ് നം-332/21<br>അടങ്കൽ-1290000/-<br>ഫണ്ട്റോഡ്<br>കരാറുകാരൻ-ടി.സി. സുനിൽകുമാർ<br>കരാർ96/19-20/14.02.20<br>ബിൽ നം, തുക<br>19/29.04.20<br>409863/-<br>110/15.02.21-<br>129277/-<br>122/30.09.20-<br>329725/- | 1 | 61/19-20 | 75.276m3 | മുനിസിപ്പൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്റ്റോക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. |
| | വിവൺ സിവിൽ സ്റ്റേഷൻ മെയിൻ റോഡ് വേം കോൺക്രീറ്റിങ്ങ്<br>പ്രൊജക്റ്റ് നം-418/21<br>അടങ്കൽ-350000/-<br>ഫണ്ട്-റോഡ്<br>കരാറുകാരൻ-ടി.സി.സന്തോഷ്<br>കരാർ-<br>ബിൽ നം, തുക-<br>65/28.03.21 -349768/ | 1 | 67/20 | 40.15m3 | വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല |
| | സൂര്യറോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>പ്രൊജക്റ്റ് നം-548/21<br>അടങ്കൽ-789871<br>ഫണ്ട്-റോഡ്<br>കരാറുകാരൻ-<br>കരാർ<br>ബിൽ നം, തുക | 1 | 88/20 | 77.213m3 | മുനിസിപ്പൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്റ്റോക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. |
| | മാരിയമ്മൻ റോഡ് കാന നിർമ്മാണം<br>അടങ്കൽ-൧00000/-<br>പ്രൊജക്റ്റ് നം-119/21<br>കരാറുകാരൻ-മുരളി പി.എൻ<br>ബിൽ നം, തുക-160/27.11.20 | 1 | 26/21 | 160.018m3 | വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. |

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതും ,സ്റ്റോക്കിലെടുത്ത മണ്ണ് ലേലം ചെയ്ത് ലേലതുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. 35/03.03.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-78 ജലസേചന - കുടിവെള്ള പ്രൊജക്ടുകൾ - പൊതു അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ജലസേചന കുടിവെള്ള പ്രൊജക്ടുകൾ സംബന്ധിച്ച പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കാതെ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തത്.എന്നാൽ പ്രൊജക്റ്റിൽ നിർവ്വഹണരീതി ടെണ്ടർ എന്നു തന്നെയാണ് കാണിച്ചിരിക്കുന്നത്. പ്രൊജക് ദേദഗതി നടത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല-ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് നൽകിയിരുന്ന അക്രഡിറ്റേഷൻ കാലപരിധി 24.02.2019 ന് അവസാനിച്ചിട്ടുള്ളതാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നടപടികൾ കൂടാതെ പദ്ധതി നിർവ്വഹണം നേരിട്ട് ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 22.02.2016 ലെ 760/2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് സ്ഥിരമായ അക്രഡിറ്റേഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽ അക്രഡിറ്റേഷൻ നൽകിയാൽ ആയതിന്റെ പരമാവധി പ്രാബല്യം 3 വർഷമായിരിക്കുമെന്ന് അക്രഡിറ്റ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സ.ഉ(എം.എസ്)നം.133/2013/ത.സ്വ.ഭ.വ, തിയ്യതി 30.03.2013 മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 22.02.2016 ലെ 760/2016 നമ്പർ ഉത്തരവ് പ്രകാരം നൽകിയ അക്രഡിറ്റേഷൻ 24.02.2019 ന് അവസാനിച്ചിട്ടുള്ളതാണ്. ഇക്കാര്യം തസ്വഭവ ചീഫ് എഞ്ചിനീയറുടെ 24.9.21 ലെ ഡി.ബി1/ 4887 / 2012 / സിഇ/എൽഐഡി& ഇഡബ്ല്യു നമ്പർ സർക്കുലറിൽ പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽ പെടുത്തുന്നു.അക്രഡിറ്റേഷൻ

ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നടപടികൾ കൂടാതെ പ്രവർത്തി ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. [I] വാർഷിക പദ്ധതി മാർഗ്ഗരേഖ 2.2.18 ലെ സ.ഉ. കൈ. നം 17 / 2018 തസ്വഭവ ഖ. 7.1. ബി 1 പ്രകാരം ജലസേചന പ്രൊജക്റ്റുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി കർഷക കൂട്ടായ്മ/ ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യണം.മോട്ടോർ ഷെഡ് പണിത് പമ്പ് സെറ്റ് സ്ഥാപിച്ച കൊടുത്ത പ്രൊജക്റ്റ് ഫയലുകളിൽ ആയത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകളില്ല.14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6.1(9) പ്രകാരം അറ്റകുറ്റപ്പണി പാടശേഖരസമിതികൾ വഹിക്കണം. ആയതു സംബന്ധിച്ച വ്യക്തമായ നിബന്ധനകളോടെ കരാർ വച്ച് പാടശേഖരസമിതിക്ക് മോട്ടോർ പമ്പ്സെറ്റ് കൈമാറേണ്ടതാണ്.

[Ii] മാർഗ്ഗരേഖ ഖ. 2.7.1. ബി പ്രകാരം എല്ലാ കുടിവെള്ള പ്രൊജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്റ്റിൽ ഉൾപ്പെടുത്തണം. അതോടൊപ്പം കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യണം.

മേൽ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ പൂർണ്ണമായി ഒരു ഫയലിലും ലഭ്യമായിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗവും

ഗുണഭോക്തൃ സമിതികളുടെ സംഘാടനം ജനറൽ വിഭാഗത്തിലും ചുമതലപ്പെടുത്തി ജലസേചന - കുടിവെള്ള പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തേണ്ടതാണ്.മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം. 39 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-79 മൂർക്കനാട് ലിഫ്റ്റ് ഇറിഗേഷൻ വാർഡ് 1-അപാകതകൾ ;അധികം നൽകിയ തുക 227241 രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

പ്രൊജക്റ്റ് നം.409/21(SO)
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ
ഫയൽ നം: PW4/11695/18
വി.ഫണ്ട് അടങ്കൽ തുക :1304835
ചെലവ്: 1050410
T.S No.91468/18-19/4.10.2018
DSoR2016
C.I 37.25
Agmt:22.11.2018
Agreed PAC:1204307
1ST.Advance :100000
MB No :81/18-19
MB No : NIL
MB No :101/18-19
1ST.Advance :100000
First & Part Bill
Vr.No:21900556/17-4-2019 Amt:188662
Second & Part Bill
Vr.No:22001472/11-11-2020 Amt:669787
Third & Final Bill
Vr.No:22002641/29-3-2021 Amt:380623

1. ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്നും GST TDS 2% ഈടാക്കിയിട്ടില്ല. ഒരു കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുകയും ആയതിന്റെ ഭാഗമായി പാർട്ട് ബില്ലുകൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ ഓരോ പാർട്ട് ബില്ലിൽ നിന്നും അതാത് സമയം ടി ഡി എസ് പിടിച്ച് അടക്കേണ്ടതായിരുന്നു.ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തതവരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.

VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.മൂർക്കനാട് ലിഫ്റ്റ് ഇറിഗേഷൻ,37.25 % കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല.ടാക്സ് വിഹിതം കൂടി ഉൾപ്പെട്ടതാണ് 37.25% കോസ്റ്റ് ഇൻഡക്സ്.

തേർഡ്&ഫൈനൽ ബില്ലിന്റെപ്രവൃത്തി മൂല്യനിർണ്ണയത്തോടൊപ്പം 12% GST കൂട്ടി നൽകിയതും ഫസ്റ്റ് സെക്കന്റ് പാർട്ട് ബില്ലുകളിൽ നൽകാതിരുന്ന GST തുക എന്ന പേരിൽ 96398.85 രൂപ കൂട്ടി നൽകിയതും ഓഡിറ്റ് അംഗീകരിക്കുന്നില്ല.

MB No. 101/ 18 -19 പേജ് നം.26 ലെ രേഖപ്പെടുത്തൽ താഴെ കാണിക്കുന്നു.

പ്രവൃത്തിമൂല്യം:216704.60

Management Charges8%:17336.37

WWF 1%:2167.05

GST 12%:26004.55

1st&2nd Part BillGST:96398.85

Total :358611.42

Add :Retention 1st&part Bill:4838

Retention 2nd&part Bill:17174

Grand Total:380623

തുടർന്ന് IT 2%-7612 GST TDS 2 % -7612 KCWWF 1%-3806 Fine 50000 അടക്കം 69030 രൂപ കുറച്ച് 311593 രൂപ SEUF ന് നൽകി.

മേൽ കണക്കിൽ റിടെൻഷൻ തുക നൽകിയതിലും അപാകത കാണുന്നു.

4838 രൂപ 2nd&part Bill ബില്ലിൽ കൂട്ടി നൽകിയതാണ്. ഇവിടെ വീണ്ടും നൽകേണ്ടതില്ലായിരുന്നു.

ആകെ 26004.55 +96398.55 + 4838 = 127241 രൂപ SEUF ന് അധികം നൽകിയിട്ടുണ്ട്. മാത്രമല്ല മുൻകൂറായി നൽകിയ 1 ലക്ഷം രൂപയുടെ കണക്ക് എവിടെയും പ്രതിഫലിക്കുന്നില്ല. ആയത് ഫൈനൽ ബില്ലിൽ കുറക്കേണ്ടതായിരുന്നു. ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്[ നം. 24 / 3.3.22] മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ തുക 1,00,000 രൂപയും നിരാകരിക്കുന്നു. ഈ പ്രൊജക്ടിന്റെ ചെലവിൽ ആകെ അധികം നൽകിയ തുക 127241 + 1,00,000 = 2,27,241 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം. 24 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 - 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-80 കക്കാട് ലിഫ്റ്റ് ഇറിഗേഷൻ-അപാകതകൾ ;161498 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. 279/21(so)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ

ഫയൽ നം: PW4-11696/18

കക്കാട് പാടശേഖരത്തിൽ 20 HP 2മോട്ടോർ, മോട്ടോർ ഷെഡ് വാർഡ് - 11

അടങ്കൽ തുക: 550000

T.S No.81335/18-19/dt.31.8.18 Amount:476000

C.I 37.25

Agreed PAC:476000

1ST.Advance:95200{20% Of 4,76,200}

First&part Bill

Vr.No:21900555/17-4-2019,Amt: 129203

Second&part Bill

Vr.No:22000525/11-4-2020,Amt: 161498

Agmt:9.11.2018

MB No:97/18-19,MB No: 177/18-19,MB No:25/19-20

1. ഫസ്റ്റ്, സെക്കന്റ് പാർട്ട് ബില്ലുകളിൽ നിന്നും GST TDS 2% ഈടാക്കിയിട്ടില്ല. ഫൈനൽ ബിൽ നൽകിയോ എന്ന് വ്യക്തമല്ല. ഒരു കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുകയും ആയതിന്റെ ഭാഗമായി പാർട്ട് ബില്ലുകൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ ഓരോ പാർട്ട് ബില്ലിൽ നിന്നും അതാത് സമയം ടി ഡി എസ് പിടിച്ച് അടക്കേണ്ടതായിരുന്നു.ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.മൂർക്കനാട് ലിഫ്റ്റ് ഇറിഗേഷൻ,37.25 % കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല.ടാക്സ് വിഹിതം കൂടി ഉൾപ്പെട്ടതാണ് 37.25% കോസ്റ്റ് ഇൻഡക്സ്. അപാകതകൾ പരിഹരിച്ച് നിയമാനുസൃത കിഴിവുകൾ നടത്തിയ ശേഷം മാത്രം ഫൈനൽ ബിൽ നൽകേണ്ടതാണ്.

3. 9.11.18 ൽ എഗ്രിമെന്റ് വെച്ച പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. മോട്ടോർ പമ്പ്സെറ്റ് സ്ഥാപിച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകളില്ല.14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6.1(9) പ്രകാരം അറ്റകുറ്റപ്പണി പാടശേഖരസമിതികൾ വഹിക്കണം. ആയതു സംബന്ധിച്ച വ്യക്തമായ നിബന്ധനകളോടെ കരാർ വച്ച് പാടശേഖരസമിതിക്ക് മോട്ടോർ പമ്പ്സെറ്റ് കൈമാറേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം.25/ 2.3.22 ] മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻവർഷത്തെ ചെലവുതുക 161498 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-81 സെന്റ് ജോസഫ്സിനു സമീപമുള്ള കിണർ അറ്റകുറ്റപ്പണി വാർഡ്20 -അപാകതകൾ ;21247 രൂപ അധികം നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നു. 85000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം.484/21(SO)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ

ഫയൽ നം: PW4/11693/18
വി.ഫണ്ട് SCP അടങ്കൽ തുക :250000
ചെലവ്:216057
Vr.N0.22002638/29.3.21/216057
T.S No.117688/18-19/28.2.2019 Amt:203684
Duration Of Work:6months
DSoR2016
C.I 37.25
Agmt:8.3.19
Estimate Amt/Agreed PAC:203684
MB No:202/18-19
MB No:203/18-19
1.2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 75.5ൽ സൂചിപ്പിച്ച അപാകതകൾ തുടരുന്നു.
2.നഗരസഭയിൽ SEUF നിർവ്വഹണം നടത്തിയ എല്ലാ പദ്ധതിയിലും എ ഗ്രീഡ് PAC യുടെ 20% മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്.മേൽ പ്രൊജക്റ്റിലും 20% Of Rs.203684 = 40737 ആവശ്യപ്പെട്ടുകൊണ്ടുള്ള നം. SEUF /TCR /516a / ljk 2019 1.3.19 കത്ത് ഫയലിൽ കാണുന്നുണ്ട്. നോട്ട് ഫയലിൽ 2.4.19 ൽ A 6 കുറിപ്പുമുണ്ട്. എന്നാൽ തുക അനുവദിച്ചതിന്റെ മറ്റു തെളിവുകൾ ഇല്ല. ഇക്കാര്യം പരിശോധിച്ച് അറിയിക്കേണ്ടതാണ്.അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിൽ ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതായിരുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
3.28.2.19 ൽ T S ലഭിച്ച കോസ്റ്റ് ഇൻഡക്സ് 37.25 % വെച്ച് തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ GST ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫൈനൽ ബില്ലിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം [177058.33രൂപ] 12 % GST 21247 രൂപ അധികം നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.
4. 28.2.22 ന് നടത്തിയ സ്ഥലപരിശോധനയിൽ കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ് തുറന്നു കണ്ടു. മോട്ടോർ ഇടയ്ക്കിടെ കേടാകുന്നതായും വാട്ടർ പ്യൂരിഫൈയിംഗ് സിസ്റ്റം പ്രവർത്തിക്കുന്നില്ല എന്നും പമ്പ് ഓപ്പറേറ്റർ അറിയിച്ചു.
MB No. പേജ് 25 പ്രകാരം 85000 രൂപയുടെ വാട്ടർ പ്യൂരിഫൈയിംഗ് സിസ്റ്റം 6.7.20 ന് സ്ഥാപിച്ചിട്ടുണ്ട്. സിസ്റ്റത്തിന്റെ ഗ്യാരന്റി വാറന്റി ഉറപ്പിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. 6.7.20 ലെ SEUF ന്റെ ചാർജ് വൗച്ചർ MB യിൽ സൂക്ഷിച്ചിട്ടുണ്ട്. ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ആയതിന്റെ ചെലവു തുക 85000 രൂപ തടസ്സപ്പെടുത്തുന്നു.
മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം.23/28.2.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-82 പുറത്താട് കുടിവെള്ള പദ്ധതി വാർഡ് 3- 2018 ൽ കരാർ വെച്ച പ്രവൃത്തി നാളിതു വരെ പ്രവർത്തനക്ഷമമായിട്ടില്ല;ചെലവു തുക 62000 രൂപ തടസ്സത്തിൽ വെക്കുന്നു.

കുടിവെള്ള സംരക്ഷണത്തിനും വിതരണത്തിനുമായി ആവിഷ്കരിച്ച പദ്ധതി നിർവ്വഹണത്തിൽ അസാധാരണമായ കാലതാമസം നേരിട്ടതായി ഫയൽ പരിശോധനയിൽ വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.
പുറത്താട് കുടിവെള്ള പദ്ധതി വാർഡ് 3

പ്രൊജക്റ്റ് നം. 275 / 21 [SO]

ഫയൽ നം: PW4 / 8723 / 20

PW2[PW4]1843 / 21

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ
നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ

MB No. 121 / 21

CFC അടങ്കൽ തുക :395000

ചെലവ്: 62000 [1ST.Advance]

Vr.No:22002622 / 29.3.2021

T.S No.4783/2020-21/ Amt: 310000

പൂർത്തീകരണ കാലാവധി: 6 മാസം

DSoR2016

C.I: 31.06

Agmt:22.11.2018

1. കിണർ മെയിന്റനൻസ് ചെയ്യുന്നതിനും പ്ലാറ്റ് ഫോറം നിർമ്മിച്ച് വാട്ടർ ടാങ്ക് വെക്കുന്നതിനുമാണ് എസ്റ്റിമേറ്റ റിപ്പോർട്ട പ്രകാരം ഉദ്ദേശിച്ചത്. സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ ഏൽപ്പിച്ച പ്രവൃത്തി സൈറ്റ് കണ്ടീഷൻ പരിഗണിക്കാതെ നിർവ്വഹിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.പദ്ധതിക്കായി നിർമ്മിച്ച ടാങ്ക് കെ.എസ്.ഇ.ബി യുടെ HT / LT ലൈനിനു താഴെ അപകടകരമാം വിധം സ്ഥാപിച്ചു . കണക്ഷനു വേണ്ടി നിർമ്മിച്ച ഷെഡ് മെറ്റൽ ഷീറ്റ് കൊണ്ട് നിർമ്മിച്ചതിനാൽ എനർജി മീറ്റർ ഘടിപ്പിക്കാൻ സുരക്ഷിതമല്ല. സോഷ്യോ എക്കണോമിക് ഫോറം പ്രവൃത്തി നടത്തിയ സമയത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടം ഉണ്ടായിട്ടില്ല എന്നു കരുതേണ്ടി വരും. സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലെ അപാകത മൂലമാണ് കുടിവെള്ള പ്രൊജക്ട് നീണ്ടു പോകാനുള്ള അടിസ്ഥാന കാരണം. എസ്റ്റിമേറ്റിൽ എവിടെയും ഹൈടെൻഷൻ ലൈൻ കടന്നുപോകുന്നതിനാൽ എടുക്കേണ്ട മുൻകരുതൽ സൂചിപ്പിച്ചിട്ടില്ല.

2. പദ്ധതി പൂർത്തീകരിച്ച് സർവ്വീസ് കണക്ഷന് അപേക്ഷിച്ചപ്പോൾ KSEB അധികൃതരാണ് ടാങ്ക് HT / LT ലൈനിനു താഴെ സ്ഥാപിച്ച വിവരം 21.1.2021 ലെ ഡിബി 2 /IJK MPLTY / ES / KVR / 2020-21 / 123 കത്തു മുഖേന ശ്രദ്ധയിൽ പെടുത്തുന്നത്. 18.2.2021 ൽ തന്നെ കെ.എസ്.ഇ.ബി ലൈൻ മാറ്റാനുള്ള നടപടിക്ക് സെക്രട്ടറിക്ക് കത്തു നൽകിയതാണ്. No.DB1 / ES / KVR / Adalat / 20-21. ടി പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം വന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3.നിലവിലെ സ്ഥിതിയിൽ KSEB ലൈൻ മാറ്റുന്നതിന് 104425 രൂപയുടെ എസ്റ്റിമേറ്റ് വാങ്ങിയിട്ടുണ്ട്. 6.1.22ലെ ഓഫീസ് കുറിപ്പു പ്രകാരം AEE ചൂണ്ടിക്കാട്ടിയ അപാകതകൾ SEUF നെ കൊണ്ട് പരിഹരിക്കേണ്ടതും ലൈൻ മാറ്റൽ പ്രവൃത്തി കെ.എസ്.ഇ.ബി മുഖാന്തിരം അടിയന്തിരമായി നടത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

4. അളവു പുസ്തകം പേജ് നം.17 പ്രകാരം 20.4.21 നാണ് അവസാന ചെക്ക് മെഷർ മെന്റ് നടത്തിയിരിക്കുന്നത്.15.9.2020 ന് സൈറ്റ് ഹാന്റോവർ ചെയ്ത പ്രവൃത്തി ഓഡിറ്റ് തീയതിയിലും ഫൈനൽ ബിൽ നൽകാനായിട്ടില്ല. മുനിസിപ്പാലിറ്റി നിയമപ്രകാരം അനിവാര്യ ചുമതലയായ കുടിവെള്ളം സംരക്ഷണ വിതരണ പ്രവൃത്തി ലക്ഷ്യം കൈവരിക്കാതെ തുടരുന്നു.

പദ്ധതി പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ തൻ വർഷത്തെ ചെലവു തുക 62000 രൂപ തടസ്സത്തിൽ വെക്കുന്നു.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം. 45 / 3.3.22 ] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 - 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-83 തളിയക്കോണം കുടിവെള്ള പദ്ധതി വാർഡ് 40 - പ്രവൃത്തി നിർവ്വഹണത്തിലും ഫയൽ നടപടികളിലും കാലതാമസം

പ്രൊജക്ട് നം. 270 /21(SO)
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ
നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ

ഫയൽ നം: PW4/12556/17

CFCഅടങ്കൽ തുക : 707148

തൻവർഷം ചെലവ്:175349

First & Part Bill

Vr.No:21900609/1-6-2019 /Amt.142852
Second & Final Bill
Vr.No:2002622 / 29.3.21 /Amt. 175349

T.S No.100513/18-19,Amt:495000

Duration Of Work: 3 Months

DSoR2016

C.I 37.25
Agmt: 23.12.2018

Estimate Amt:495000

Agreed PAC:417014

MB No:98/18-19

MB No:13/19-20

1. ഒരു കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുകയും ആയതിന്റെ ഭാഗമായി പാർട്ട് ബില്ലുകൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ ഓരോ പാർട്ട് ബില്ലിൽ നിന്നും അതാത് സമയം ടി ഡി എസ് പിടിച്ച് അടക്കേണ്ടതായിരുന്നു. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. 12 /18 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിക്ക് 15.5.19 നാണ് അവസാന ചെക്ക് മെഷർ മെന്റ്. ഫസ്റ്റ് പാർട്ട് ബിൽ 6 / 19 ൽ നൽകി. ഫൈനൽ ബിൽ

നൽകിയത് 29.3.21. പ്രവൃത്തി നിർവ്വഹണത്തിലെന്ന പോലെ ഫയൽ നടപടികളിലും സംഭവിച്ചിരിക്കുന്ന കാലതാമസം ശ്രദ്ധയിൽ പെടുത്തുന്നു. മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയായ കുടിവെള്ള വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിൽ കാലതാമസം വരുന്നതിൽ ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം. 43 / 3.3.22 ] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22(G1) നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-84 തെരുവ് വിളക്കുകൾ വാങ്ങലും മെയിന്റനൻസും-ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് - അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവ് തുക 7999264 രൂപയിൽ അധികം നൽകിയ തുക 10000 രൂപ നിരാകരിക്കുന്നു ; ബാക്കി തുക 7989264 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

2019 - 20 ൽ ആവിഷ്കരിച്ച രണ്ട് പ്രൊജക്ടുകൾ 2020-21 ൽ ഒറ്റ പ്രൊജക്ടാക്കി നിർവ്വഹണം നടത്തി. 2019-20 ൽ മെയിന്റനൻസ് ഏൽപ്പിച്ച സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനെ തുടർന്ന് കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ചു. ഇതിനിടയിൽ അക്രഡിറ്റഡ് ഏജൻസിയായ ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ്സ് എന്ന സ്ഥാപനവുമായി LED വിളക്കുകളുടെ സ്ഥാപനവും മെയിന്റനൻസും കരാറിലും ഏർപ്പെട്ടു. മൂന്നു സ്ഥാപനങ്ങളുമായുള്ള കരാറുകളും പ്രവൃത്തിയും ചെലവും ഒറ്റ പ്രൊജക്ടിലാണ് ഉൾക്കൊള്ളിച്ചത് ആയതിനാൽ അപാകതകൾ രണ്ടു ഭാഗങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

പ്രൊജക്ട് നം: 371/ 21 SO

തെരുവ് വിളക്കുകൾ വാങ്ങലും മെയിന്റനൻസും [ഭാഗം-1]

CFC ഗ്രാന്റ് അടങ്കൽ: 8000000

ചെലവ് :7999264

ഫയൽ നം:PW4-8421/19 V -1

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1. | 2200067/8.5.20 | 487500 |
| 2. | 22000640/1.6.20 | 975000 |
| 3. | 22001788/23.12.20 | 1773600 |
| 4. | 22002576/25.3.21 | 487500 |
| 5. | 22002556/25.3.21 | 4099264 |
| 6. | 22002585/27.3.21 | 176400 |
| | Grant Total | 7999264 |

1. മേൽ പ്രൊജക്ട് ആവിഷ്കരിച്ചതിൽ തന്നെ അപാകത കാണുന്നു. പ്രൊജക്ടിൽ നിർവ്വഹണ രീതി ടെണ്ടർ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നുള്ള വാങ്ങലും ടെണ്ടർ മുഖേന മെയിന്റനൻസും തുടർന്ന് അക്രഡിറ്റഡ് ഏജൻസി മുഖേന മെയിന്റനൻസും ഉൾപ്പെടുത്തിയാണ് പ്രൊജക്ട് നിർവ്വഹണം നടന്നത്. മേൽ പ്രകാരം പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല.

2. നഗരസഭ 2019 -20 സാമ്പത്തികവർഷത്തിൽ തെരുവ് വിളക്കുകൾ വാങ്ങലും മെയിന്റനൻസും പദ്ധതിക്കായി Pro. No 269/ 20 8000000 രൂപ അടങ്കലിൽ ആവിഷ്കരിച്ച്,മെയിന്റനൻസിന് ഇടെണ്ടർ മുഖേന എസ്. ജെ ഇലക്ട്രോ ലിങ്ക്സ് പ്രൈ. ലിമിറ്റഡ് ആലുവ എന്ന കമ്പനിക്ക് 3900000 രൂപയ്ക്ക് AMC അനുവദിച്ചു. എഗ്രിമെന്റ് നം.2 /2019 -20 Dt 22.7.2019. ഒരു വർഷത്തേക്കാണ് കരാർ ചമച്ചത് 22.7 .2019 മുതൽ 21.7.2020 വരെ. 15.9.2011 ലെ നം.3055/ഡിഎ3/2011 തസ്വഭവ സർക്കുലർ നിർദ്ദേശങ്ങൾ കരാറിന്റെ നിബന്ധന 1 ആയി ചേർത്ത് കരാറിന്റെ ഭാഗമാക്കിയത് എടുത്തു പറയേണ്ടതാണ്. തെരുവ് വിളക്ക് AMC സംബന്ധിച്ച് ആധികാരികമായ അടിസ്ഥാനരേഖയാണ് പ്രസ്തുത സർക്കുലർ.എന്നാൽ പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയിട്ടില്ല.

3. കരാർതുക നാലു പാർട്ട് ബില്ലുകളിലായി ത്രൈമാസികമായി കൈമാറേണ്ടതാണെന്ന് നിബന്ധന 12 വ്യവസ്ഥ ചെയ്യുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ അഭാവത്തിൽ 22.7.19 മുതൽ 21.10.19 വരെയുള്ള ത്രൈമാസത്തിൽ മെയിന്റനൻസ് നടത്തിയതിന് നാലു ലക്ഷം രൂപ[CHQ.NO.324980/25.10.19] തനതു ഫണ്ടിൽ നിന്ന് സ്ഥാപനത്തിന് കൈമാറി.ആദ്യ ത്രൈമാസത്തേക്ക് കൈമാറിയ തുകയ്ക്ക് ആധാരമാക്കി മെയിന്റനൻസ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അളവു പുസ്തകം ലഭ്യമായിട്ടില്ല.കറന്റ് ഫയലിൽ കൗൺസിലർമാരുടെ ലെറ്റർ പാഡിലുള്ള സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചു കാണുന്നു. ആയതിൽ വ്യത്യസ്ത രീതിയിലാണ് രേഖപ്പെടുത്തൽ മെയിന്റനൻസ് നടന്ന ആകെ എണ്ണം മാത്രം രേഖപ്പെടുത്തിയതും വിളക്കുകളുടെ തരം വേർതിരിച്ച് രേഖപ്പെടുത്തിയതും ഉണ്ട്.ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ, റിപ്പയർ ചെയ്ത തീയതി തുടങ്ങിയ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ

സ്ഥാപനത്തിന് മെയിന്റനൻസിന് കൈമാറിയ തുകയുടെ സാധുത പരിശോധിക്കാൻ കൃത്യമായ കണക്കുകൾ [ഓരോ ബില്ലിന്റേയും] പട്ടികാ രൂപത്തിലാക്കി ലഭ്യമാക്കേണ്ടതാണ്.പ്രൊജക്ട് ഫയൽ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എസ്.ജെ ഇലക്ട്രോലിങ്ക്സ് എന്ന സ്ഥാപനത്തിന് നാളിതു വരെ കൈമാറിയതുകയുടെ വിശദാംശം ഓഡിറ്റിന് വേർതിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.ട്രഷറി ബിൽ ബുക്ക്/ ഇ ബിൽ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള എല്ലാ ട്രഷറി ബില്ലുകൾ / UTR സ്റ്റേറ്റ്മെന്റുകൾ / സ്ഥാപനത്തിന്റെ കൈപ്പറ്റു രശീതികൾ സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്.

4. രണ്ടാം ത്രൈമാസത്തിൽ 21.10.19 മുതൽ 21.1.20 വരെ 21 കൗൺസിലർമാർ മാത്രം സാക്ഷ്യപത്രം നൽകിയതിനാൽ മുഴുവൻ തുകയും നൽകിയിട്ടില്ല.രണ്ടാം ക്വാർട്ടറിനു ശേഷം ലോക്ക് ഡൗൺ കാലയളവും മറ്റുമാകയാൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 15.9.20ലെ 13-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കമ്പനിയുടെ കരാർ അവസാനിപ്പിക്കുന്നതിനും പുതിയ ടെണ്ടർ വിളിക്കുന്നതിനും പ്രവൃത്തി ചെയ്യാത്ത കാലയളവിലേക്ക് തുക അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് ബോധ്യപ്പെട്ടാൽ 7 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയ ശേഷം കരാർ റദ്ദാക്കാൻ നഗരസഭക്ക് അധികാരമുണ്ട്.കരാർ റദ്ദാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളും, സ്റ്റോർ പർച്ചേസ് /പി ഡബ്ല്യു ഡി മാന്വൽ ഇവയിൽ ഏതെങ്കിലും പ്രകാരം നടപടി എടുത്തിട്ടുണ്ടെങ്കിൽ

രേഖകൾ സഹിതം വിശദാംശം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുതസ്ഥാപനം നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ രേഖകൾ കൃത്യതയോടെ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

5. 5.9.2011 ലെ സർക്കുലർ കരാറിന്റെ ഭാഗമാക്കിയ സാഹചര്യത്തിൽ ടി ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറുകാരൻ പാലിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും അടിസ്ഥാന രേഖകൾ ഫയലിൽ യഥാസമയം ഉൾചേർത്ത് സൂക്ഷിക്കേണ്ടതുമായിരുന്നു.പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണമുള്ള താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല.

I.പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളവ ആകേണ്ടതും ആയതിന്റെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കുവാൻ പാടുള്ളതുമല്ല.

Ii.നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള അംഗീകൃത കരാറുകാർ ആണോ എന്ന് വ്യക്തമാക്കുന്ന രേഖ ലൈസൻസ് പകർപ്പ്,മുൻപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ.

Iii.ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവും ഉള്ള ആളുകളാണ് പ്രവൃത്തികൾ ചെയ്യുന്നതെന്ന് തെളിയിക്കുന്ന രേഖ.

Iv.പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ പ്രസിദ്ധപ്പെടുത്തി നിയതമാതൃകയിൽ കരാറുകാരൻ തയ്യാറാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ.

6. കേടായ ഉപകരണങ്ങൾ അതാത് ദിവസം നഗരസഭയിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

7.29.5.2018 ലെ സർക്കർ നം. 269 ഡി.എ. 3 2018 തസ്വഭവ പ്രകാരം 2011 ലെ സർക്കുലറിലെ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ തുടർ നിർദ്ദേശം ഉണ്ടായിട്ടുണ്ട്.15.9.2011 ലെ സർക്കുലറിലെ മാനദണ്ഡങ്ങൾ യഥാവിധി നടപ്പാക്കാത്തതിനാൽ നിരവധി അപകടങ്ങൾ സംഭവിക്കുന്നതായി കെ.എസ് ഇ.ബി ചെയർമാൻ അറിയിച്ച സാഹചര്യത്തിലാണ് 2011 ലെ സർക്കുലർ മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കാൻ 29.5.18 ൽ പുതിയ സർക്കുലർ ഇറക്കിയിട്ടുള്ളത്.സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ് ഇ ബി കരുവന്നൂർ ഇല.സെക്ഷൻ അസി.എഞ്ചിനീയർ മുനിസിപ്പൽ ചെയർപേഴ്സണ് കൈമാറിയ കത്തുകൾ ഫയലിൽ ലഭ്യമായത് ശ്രദ്ധയിൽ പെടുത്തുന്നു.

NO. DB/ES/KVR/IJK/19-20/334/24.12.2019;

NO.DB/ES/KVR/IJK Mun./209-20/452/23.3.20

പോസ്റ്റിലെ തകരാറ് പരിഹരിക്കാൻ ചെല്ലുമ്പോൾ സ്ട്രീറ്റ് ലൈറ്റ് മൂലമുള്ള പ്രശ്നങ്ങൾ കൂടുതലായി കാണുന്നുവെന്നും ആയതിനാൽ വർക്ക് കോൺട്രക്ടർമാർ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സുരക്ഷാ മാനദണ്ഡം കർശനമായി പാലിച്ചാണ് പ്രവൃത്തി ചെയ്യേണ്ടതെന്ന് അറിയിച്ചിട്ടുണ്ട്.അംഗീകൃതമല്ലാത്ത സ്ട്രീറ്റ് ലൈറ്റ് കണക്ഷനുകൾ കണ്ടെത്തിയതായും സ്ട്രീറ്റ് ലൈറ്റ് പ്രവൃത്തികൾ ഗുണനിലവാരം പാലിക്കാതെ നടത്തുന്നതിൽ KSEB ഉത്തരവാദിയായിരിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.മേൽസാഹചര്യം പരിഗണിക്കുമ്പോൾ കരാറുകാരുടെ ലൈസൻസ്/സൂപ്പർവൈസർമാരുടെ സുപ്രധാനരേഖയായി പരിഗണിച്ച് പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

[ഭാഗം-2]

2019 -20 ൽ ആവിഷ്കരിച്ച പ്രൊജക്ട് നം. 269/ 20 , 80 ലക്ഷം രൂപ അടങ്കലുള്ള തെരുവ് വിളക്കുകൾ വാങ്ങൽ മെയിന്റനൻസ് പദ്ധതി പ്രകാരം 41 ലക്ഷം രൂപക്ക് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ കൗൺസിൽ തീരുമാനമെടുത്തു.[29.1.2020ലെ 31ാം നമ്പർ തീരുമാനം]KREWS ന്റെ 25.1.20ലെ പ്രൊഫോർമ ഇൻവോയ്സ് നം.324 പ്രകാരം 24 W LED Street Lighting Luminary Automatic Operation With All Fitting Accessaries Including Installation യൂണിറ്റ് വില 2704 രൂപയാണ്. 24 മാസത്തെ വാറന്റി.

നിർവ്വഹണ ഉദ്യോഗസ്ഥൻ:മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം: 371/ 21[SO]

തെരുവ് വിളക്കുകൾ വാങ്ങലും മെയിന്റനൻസും

CFC ഗ്രാന്റ് അടങ്കൽ: 8000000

ചെലവ് :7999264

ഫയൽ നം:PW4-8421/19 V -1.M.B.No.126/20

ഫയൽ നം:PW4-15126/19

31.3.2020 തിയതി പ്രാബല്യത്തിൽ കരാർ ചമച്ചു.Agmt No:125/20.

1516 LED ലൈറ്റുകൾ ലഭ്യമാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. തിയതി | എണ്ണം | തുക |
|---|---|---|
| KREWS/A10/20-21/9.6.20 | 700 | 1892803 |
| KREWS/A67/20-21/12.8.20 | 250 | 676001 |
| KREWS/A78/20-21/20.8.20 | 566 | 1530467 |
| ആകെ | 1516 | 4099271 |

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ പി നം. 7/ 19 എസ്.പി.ഡി. തിയതി 26.4.2019 പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്.[ഖണ്ഡിക 19.3].41 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രൊജക്റ്റിന് ജെം മുഖേനയുള്ള വാങ്ങൽ രീതി പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.നഗരസഭ പ്രൊക്യൂർമെന്റ് കമ്മിറ്റി വൻ തുകക്കുള്ള ഈ പർച്ചേസ് സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി മിനിറ്റ് സിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ഇൻസ്റ്റലേഷനും വാറന്റി കാലയളവിലെ 2 വർഷം ഓൺ സൈറ്റ് സർവ്വീസും കമ്പനി വാഗ്ദാനം ചെയ്തിരുന്നു. 9/20 മുതൽ ഇൻസ്റ്റലേഷൻ

നടത്തിയിട്ടുള്ളതായി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ഇൻസ്റ്റലേഷൻ നടത്തിയ തിയതി മുതൽ രണ്ടുവർഷത്തേക്ക് കേടുപാട് സംഭവിക്കുന്ന പക്ഷം മുനിസിപ്പാലിറ്റിയുടെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് 25 ദിവസത്തിനകം കരാറുകാരൻ പരാതി പരിഹരിക്കേണ്ടതാണെന്ന് കരാർ നിബന്ധന 10 ൽ പറയുന്നു. ഇത് പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല. 3.15.9.2011 ലെ 3055 / ഡി.എ3 / 2011 തസ്വഭവ സർക്കുലർ നിർദ്ദേശങ്ങൾ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവും ഉള്ള ആളുകളെക്കൊണ്ട് മാത്രമേ കരാറുകാരൻ പ്രവൃത്തികൾ ചെയ്യിക്കുവാൻ പാടുള്ളൂ. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് ഉറപ്പു വരുത്തിയിട്ടുള്ളതായി തെളിയിക്കുന്ന രേഖകൾ ഫയലിലില്ല.പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പരാതികളുടെ വിശദാംശം രേഖപ്പെടുത്താനായി ഒരു രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്. അത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. 29.4.21 ൽ PW 2 PW 4 15126 19 നം. കത്തു മുഖേന KR E Ws സെക്രട്ടറിക്ക് അസി. എഞ്ചിനീയർ നൽകിയ കത്തിൽ വിവിധ വാർഡുകളിലായി നിരവധി ലൈറ്റുകൾ തകരാറിലായതായും 2 ദിവസത്തിനകം തകരാറുകൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ടികത്തിന്മേൽ ഉണ്ടായ തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

5. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് 3.11.2020 പ്രാബല്യത്തിൽ പെരിഞ്ഞനം സർക്യൂട്ട് ടെക്നോളജി കുടുംബശ്രീ LED നിർമ്മാണ യൂണിറ്റുമായി കരാർ ഉണ്ടാക്കിയിരുന്നു. എഗ്രിമെന്റ് നം. 37/ 2020 - 21 .ഫയൽ നം. PW4/ 842119

വൗച്ചർ നം. 22001788 തിയതി 23.12.20 പ്രകാരം മെയിന്റനൻസിന് 1773600 രൂപ സർക്യൂട്ട് ടെക്നോളജിക്ക് നൽകിക്കാണുന്നു. അവരുടെ മെയിന്റനൻസ് ക്ലെയിം ബിൽ പരിശോധിച്ചതിൽ ക്രൂസ് കെ ജി എൽ LED സ്ഥാപിച്ച പോസ്റ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്. 24 W LED റിപ്പയർ ചെയ്തതിന് 400 രൂപ നിരക്കിൽ തുക കൈപ്പറ്റിയിട്ടുണ്ട്.ക്രൂസ് കെ.ജി. എൽ ഇൻസ്റ്റലേഷൻ നടത്തിയ പോസ്റ്റ് നമ്പരുകൾ അതാത് വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തി നൽകിയതും സർക്യൂട്ട് ടെക്നോളജി ബില്ലുകളും താരതമ്യം ചെയ്തതിൽ നിന്ന് 25 ക്രൂസ് കെ.ജി.എൽ പോസ്റ്റുകളിലെ എൽ.ഇ.ഡികൾ സർക്യൂട്ട് മെയിന്റനൻസ് നടത്തി പണം കൈപ്പറ്റിയിട്ടുണ്ട്. പോസ്റ്റു നമ്പരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | പോസ്റ്റ് നം. |
|---|---|---|
| 1. | 4 | CKC 8/14 |
| 2. | “ | CKC11 |
| 3. | “ | PER24 |
| 4. | 5 | MCC40/33 |
| 5. | 23 | ACR16 |
| 6. | “ | ACR3 |
| 7. | 7 | MTR4 |
| 8. | “ | MTR3/I |
| 9. | “ | MTR15 |
| 10. | “ | MTR3/7 |
| 11. | “ | MMR8/L-3 |
| 12. | 9 | KNR58 |
| 13. | “ | EKR24/2 |
| 14. | 10 | MSV-26 |
| 15. | 16 | MR15/28 |
| 16. | “ | RS32/8 |
| 17. | “ | TGM2 |
| 18. | “ | TGM6/1 |
| 19. | “ | TGM 7/3 |
| 20. | “ | TGM13/15 |
| 21. | “ | TGM7/19 |
| 22. | 1 | KBR37 |
| 23. | 2 | KIJ88/3 |
| 24. | 34 | KCP151/16 |
| 25. | 3 | MPR36 |

യഥാർത്ഥത്തിൽ ഇൻസ്റ്റലേഷൻ നടത്തി 2 മാസത്തിനകം തന്നെ ക്രൂസ് കെ ജി എൽ 24 വാട്ട് എൽ ഇ ഡി ലൈറ്റുകൾ തകരാറിലാകാൻ തുടങ്ങി എന്നതിന് വ്യക്തമായ തെളിവാണിത്. സർക്യൂട്ട് കമ്പനി തുടർന്നു സമർപ്പിച്ച 416400 രൂപയുടെ ബില്ലിലും മേൽ അപാകത ആവർത്തിച്ചിട്ടുണ്ട്. 45 പോസ്റ്റുകൾ ആവർത്തിച്ചത് പക്ഷേ ഓവർസിയർ കണ്ടെത്തി 45x400 = 18000 രൂപ കുറച്ചാണ് പേമെന്റ് നടത്തിയത്. 9/2020 മുതൽ തന്നെ തകരാറുകൾ ഉണ്ടായിരുന്നിട്ടും 4/2021 ലാണ് അസി.എഞ്ചിനീയർ ക്രൂസിന് കത്തു നൽകുന്നത്. കെ.ജി എല്ലുമായി ചമച്ച കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് പിഴവു പറ്റിയതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.

സർക്യൂട്ട് ടെക്നോളജിക്കു നൽകിയ ആദ്യബില്ലിൽ അവർ മെയിന്റനൻസ് നടത്തേണ്ടതില്ലാത്ത പ്രവൃത്തിക്കു നൽകിയ 10000 രൂപ തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ക്രൂസ് കെ.ജി.എൽ കരാർ വ്യവസ്ഥകൾ ലംഘിച്ചുവെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.വാറണ്ടി കാലയളവിനുള്ളിൽ ഇൻസ്റ്റലേഷൻ നടത്തി തകരാറിലായ 24 W LED വിളക്കുകൾ മെയിന്റനൻസ് നടത്താൻ അടിയന്തിരനിർദ്ദേശം നൽകി ആയത് പ്രാവർത്തികമാക്കിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. കരാർ വ്യവസ്ഥ ലംഘിക്കപ്പെടുന്നുവെങ്കിൽ ആയത് റദ്ദാക്കി വസ്തുവകകൾക്കുണ്ടായ നഷ്ടം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വസൂലാക്കേണ്ടതാണ്.

7. നഗരസഭയിൽ തെരുവു വിളക്കുകൾക്കായി പോസ്റ്റ് നമ്പർ, ലൈറ്റ് നം സഹിതം വാർഡ് തിരിച്ച് കൃത്യമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.1516 LED ലൈറ്റുകൾ പുതിയത് സ്ഥാപിച്ചെങ്കിൽ അത്രയും തന്നെ പഴയ ലൈറ്റുകളും അനുബന്ധ സാമഗ്രികളും നഗരസഭയിൽ തിരിച്ചെത്തിക്കേണ്ടതും രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ മെറ്റീരിയൽസ് ഉണ്ടെങ്കിൽ ആയതിൽ ഉൾ

ചേർക്കേണ്ടതുമായിരുന്നു.പ്രസ്തുത രേഖ /രജിസ്റ്റർ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.നഗരസഭ പ്രൊക്യൂർ മെന്റ് കമ്മിറ്റി വൻ തുകയുള്ള ഈ പർച്ചേസ് സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി മിനിറ്റ് സിൽ രേഖപ്പെടുത്തിയിട്ടില്ല.

8. എസ് ജെ ഇലക്ട്രോലിങ്ക്സ് മെയിന്റനൻസ് പ്രവൃത്തി കരാർ കാലയളവ് പൂർത്തിയാക്കാത്തതിനാൽ നഗരസഭ കരാർ അവസാനിപ്പിക്കാൻ തീരുമാനമെടുത്തു. 15.9.20 ലെ 13-ാം നമ്പർ തീരുമാനം മുഖേന കരാർ അവസാനിപ്പിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്ക് പുതിയ ടെണ്ടർ വിളിക്കുന്നതിനും തീരുമാനിച്ചു.തുടർന്ന് 30.9.20ലെ തീരുമാനം നം.12 മുഖേന 2021 മാർച്ച് 31 വരെയുള്ള 6 മാസത്തേക്ക് പോസ്റ്റൊന്നിന് 400 രൂപ നിരക്കിൽ മെയിന്റനൻസ് നടത്തുന്നതിന് സർക്യൂട്ട് ടെക്നോളജി എന്ന സ്ഥാപനത്തിന് അനുമതി നൽകി തീരുമാനിച്ചു.ഒപ്പം ഹൈമാസ്റ്റ് സോഡിയം വേപ്പർ ലാമ്പുകൾ ഒരെണ്ണം 1950 രൂപയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനും പാർട്ട്സ് മാറ്റേണ്ടവ മാറ്റി റിപ്പയർ ചെയ്യുന്നതിനും തീരുമാനമെടുത്തു. 6.9.18 ലെ സ.ഉ. [സാധാ] നം 2385/ 2018 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കൗൺസിൽ തീരുമാനം. പ്രസ്തുത ഉത്തരവിലാകട്ടെ തൃശ്ശൂർ ജില്ലയിൽ മാളയിലുള്ള ഒറിയോൺ LED യൂണിറ്റിനു മാത്രമാണ് അംഗീകാരം.[മേലുത്തരവിനെ ആധാരമാക്കി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ 30.6.20 ൽ കയ്പമംഗലം MLA ക്ക് നൽകിയ കത്ത് നം. 6781 /D /2018 KSHO കത്ത് ഫയലിലുണ്ട്].
ഉത്തരവിൽ മെയിന്റനൻസ് സംബന്ധിച്ച പ്രധാന നിബന്ധന ലൈസൻസും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കു പാലിക്കണം എന്നുള്ളതാണ്.നിരക്ക സംബന്ധിച്ച് അത്തരം എന്തെങ്കിലും അന്വേഷണം നടത്തിയതായി ഫയലിൽ രേഖയില്ല. 24, 25. 9. 20 ന് സർക്യൂട്ട് ടെക്നോളജി സമർപ്പിച്ച നിരക്കുകൾ അതേപടി അംഗീകരിച്ചതായാണ് കാണുന്നത്.നിരക്കുകൾ സംബന്ധിച്ച് നെഗോഷിയേഷൻ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിച്ചതായി രേഖകൾ ഫയലിലില്ല.നഗരസഭാ പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഇതു സംബന്ധിച്ച് തീരുമാനം എടുത്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

9. സർക്യൂട്ട് ടെക്നോളജിയുമായുള്ള എഗ്രിമെന്റ് നം.37 /2020- 21 പരിശോധിച്ചതിൽ 3.11.20 കരാർ തയ്യാറാക്കിയെങ്കിലും നിബന്ധന 25 പ്രകാരം 30.10.2020 മുതൽ 31.4 . 2021 വരെ 6 മാസം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കരാറിലെ നിബന്ധന 7 പ്രകാരമുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് സ്ഥാപനത്തിനോ സ്ഥാപനം ഏർപ്പാടാക്കുന്ന സൂപ്പർവൈസർമാർക്കോ ഉണ്ടായിരുന്നതായി ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.അംഗീകൃത ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിലാണ് ജോലികൾ നടന്നതെന്ന് തെളിയിക്കുന്ന രേഖയും ലഭ്യമായിട്ടില്ല.കരാർ പ്രകാരം പരിരക്ഷ ഉണ്ടെങ്കിലും നിയമാനുസൃത രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തി പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ടത് നഗരസഭയുടെ ഉത്തമതാൽപര്യം സംരക്ഷിക്കുന്നതിന് സഹായകമായിരിക്കും.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് [ നം.6 / 18.2.22 , നം.7 / 19.2.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ഭാഗം 2 ക്രമ നമ്പർ 5 പ്രകാരമുള്ള 10000 രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക 10000 രൂപ കഴിച്ച് ബാക്കി ചെലവു തുക 7989264 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-85 ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം- അപാകതകൾ ; 1292048 രൂപ നിരാകരിക്കുന്നു.10726961 രൂപ തടസ്സത്തിൽ വെക്കുന്നു.

Project No.207/21 ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

വികസന ഫണ്ട് ജനറൽ അടങ്കൽ തുക :13000000

ചെലവ്:12019009

വൗച്ചർ നം:22000676/28.04.20 തുക 1564414

വൗച്ചർ നം:22001286/19.10.20 തുക 2357425

വൗച്ചർ നം:22001286/27.01.21 തുക 2923838

വൗച്ചർ നം:22002097/8.02.21 തുക 1970233

വൗച്ചർ നം:22002557/26.03.21 തുക 3203099

ഫയൽ PW1- 14022 /17

AS Amount:30000000

21.04.2018 ലെ കൗൺസിൽ തീരുമാനം നം 1 പ്രകാരം ഭരണാനുമതി ലഭിച്ചു.

TS No.116594/2018-19

LSGD/TS/2018-19/58368/22.2.2019

SoR:DsoR 2016

Cost Index:37.25%

T.S Amount:3കോടി

MB Nos: 219-19/20, 303-19/20, 33A-19/20, 92/20, 95/21,170/21 Etc

Notice Inviting Tender:23.2.2019

ഗംഗ കൺസ്ട്രക്ഷൻസ്:25382519.35

സഫ കൺസ്ട്രക്ഷൻസ്:25523437.48

28.5.19 ലെ 11ാം നമ്പർ തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗംഗ കൺസ്ട്രക്ഷൻസിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന്

തീരുമാനിച്ചു.

എഗ്രിമെന്റ്:1/19-20dt.18.6.19

2017 - 18 ൽ ആവിഷ്കരിച്ച പ്രൊജക്ടിന്റെ നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഗംഗ കൺസ്ട്രക്ഷൻസിന്റെ മാനേജിഗ് പാർട്ട്ണർ മീനമാമുവിന്റെ PWD A Class Licence ന്റെ കാലാവധി 31.3.20 വരെയാണ്. എഗ്രിമെന്റ് രജിസ്റ്ററിൽ F4-1441/2000 നമ്പരുള്ള 494520 രൂപയുടെ ബാങ്ക് ഗ്യാരണ്ടി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഒരു വർഷത്തിനു ശേഷം പുതുക്കി വെയ്ക്കാമെന്ന് 13.6.19 ന് മീനാമാമുവുമായി കരാർ ചമച്ചിട്ടുണ്ട്. ബാങ്ക് ഗ്യാരണ്ടി പുതുക്കിയതിന്റെ വിവരം ഫയലിൽ/എഗ്രിമെന്റ് രജിസ്റ്ററിൽ ലഭ്യമല്ല. ബഹുവർഷ പദ്ധതിയായതിനാൽ കരാറുകാരന്റെ ലൈസൻസ്, ബാങ്ക് ഗ്യാരണ്ടി എന്നിവ പ്രവൃത്തി കാലാവധിയിലും കാലികമായിരിക്കേണ്ടതാണ്. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2.പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം അളവു പുസ്തകത്തിൽ ഓഡിറ്റ് തിയതിയിലും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അളവു പുസ്തകം നം./<br>പേജ്നം/തീയതി | മണ്ണിന്റെ അളവ് M3 |
|---|---|
| 219/19-20/2/20.11.209 | 243M3 |
| 219/19-20/63/23.4.2020 | 241M3 |
| 219/19-20/67/23.4.2020 | 66.552M3 |
| Total | 550.552m3 |

2019 -20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.83ൽ പ്രതിപാദിച്ച കുഴിച്ചെടുത്ത മണ്ണ് സംബന്ധിച്ച അപാകതകൾ പരിഹരിച്ചതായി രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയത് നിലനിൽക്കുന്നു. 2019 -20 ഓ. റി ഖ. 1.83 കാണുക.കുഴിച്ചെടുത്ത മണ്ണിന്റെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

3.മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തതവരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ചാത്തൻ മാസ്റ്റർ ഹാൾ പ്രവൃത്തിയുടെ 37.25 % കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല.ടാക്സ് വിഹിതം കൂടി ഉൾപ്പെട്ടതാണ് 37.25% കോസ്റ്റ് ഇൻഡക്സ്.27.2.2019 ലെ T S അനുസരിച്ചാണ് എഗ്രിമെന്റ്. എഗ്രിമെന്റിന്റെ ഭാഗമായ NIT നോട്ടീസ് വ്യവസ്ഥ 117 ൽ"The Rates Quoted For Various Items Of The Works Remain Unaffected By Any Changes That May Be Made From Time To Time In The Rates At Which The Above Levies Are To Be Made"എന്ന വ്യവസ്ഥയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾക്കും കരാർ വ്യവസ്ഥക്കും വിരുദ്ധമായി GST വിഹിതം ഉൾപ്പെടുന്ന 137.25[37.25%] എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക്ബില്ലിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 12% GST കൂട്ടിനൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.ഫസ്റ്റ് &പാർട്ട് ബിൽ

M.B.No.219/19-20

മൂല്യനിർണ്ണയം - 1432613.51 + 171913.82 ( 12 % GST)

2.സെക്കന്റ് &പാർട്ട് ബിൽ

M.B.No.92/19-20

മൂല്യനിർണ്ണയം -2104843.35 + 252581.20 ( 12 % GST)

3.തേർഡ് &പാർട്ട് ബിൽ

M.B.No.92/19-20

മൂല്യനിർണ്ണയം -2610570 + 313268 ( 12 % GST)

4.ഫോർത്ത് &പാർട്ട് ബിൽ

M.B.No.33/21

മൂല്യനിർണ്ണയം -1759137 + 211096 ( 12 % GST)

5.ഫിഫ് ത്ത് &പാർട്ട് ബിൽ

M.B.No.95/21

മൂല്യനിർണ്ണയം -2859910 + 343189 ( 12 % GST)

ആകെ GST തുക=1292048 രൂപ

കരാർ വ്യവസ്ഥ, നിലവിലെ സർക്കാർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി ഗംഗ കൺസ്ട്രക്ഷൻസിന് തൻ വർഷം വിവിധ ബില്ലുകളിലായി അനുവദിച്ച 12% GST തുക 1292048 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

4.മേൽ പാർട്ട് ബില്ലുകളിൽ നിന്നും ആദായ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്. കമ്പനിയാണ് കരാർ എടുത്തിരിക്കുന്നത് എന്നതിനാൽ

14.5.20 ന് മുമ്പ് നൽകിയ ബില്ലുകളിൽ 2% ശതമാനവും പിന്നീട് 1.5% ആണ് ഈടാക്കേണ്ടത്. [ഇൻകം ടാക്സ് കമ്മീഷണറുടെ 13.5.20 ലെ നിർദ്ദേശപ്രകാരം 14.5.20 മുതൽ 31.3.2021 വരെ കരാറുകാരിൽ നിന്ന് 0.75% വും കമ്പനിയിൽ നിന്ന് 1.5% വും ആണ് ഈടാക്കേണ്ടതാണ്.]

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി [ നം. 19 / 26.2.22 ]ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 - 1796 / 22(G1) നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 3 ൽ 1,2,3,4,5 പ്രകാരമുള്ള രൂപ 1292048 രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക 1292048 രൂപ കഴിച്ച് ബാക്കി ചെലവു തുക 10726961 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-86 ഷീ ലോഡ്ജ് പദ്ധതി - അപാകതകൾ ;714075 രൂപ നിരാകരിക്കുന്നു. 4468184 രൂപ തടസ്സത്തിൽ വെക്കുന്നു.

PROJECT NO:206/21 ഷീ ലോഡ്ജ്
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
വികസന ഫണ്ട് ജനറൽ അടങ്കൽ തുക :7200000
ചെലവ്:5182259
വൗച്ചർ നം:22001694/14.12.20 തുക 1440469
വൗച്ചർ നം:22002627/29.3.21 തുക 3741790
ഫയൽ PW1- 9184 /17
AS Amount:30000000
5.7.2017 ലെ കൗൺസിൽ തീരുമാനം നം. 9 പ്രകാരം ഭരണാനുമതി ലഭിച്ചു.
TS No.116590/2018-19
LSGD/TS/2018-19/134144/22.22019
SoR:DsoR 2016
Cost Index:37.25%
MB Nos: 120/21, 92/21,130/21
Notice Inviting Tender:23.2.2019
ഗംഗ കൺസ്ട്രക്ഷൻസ്:19996921.36
മിജോയ് മാമു കോടഞ്ചേരി:19780511.48

28.5.19 ലെ 10ാം നമ്പർ തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മിജോയ് മാമുകോടഞ്ചേരിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. 2017 - 18 ൽ ആവിഷ്കരിച്ച പ്രൊജക്ടിന്റെ നിർവ്വഹണം അന്തിമഘട്ടത്തിലാണ്.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. [A] ഇ-ടെന്ററിൽ പങ്കെടുത്തത് ഒരു കമ്പനിയും ഒരു വ്യക്തിയുമാണ് ; ഗംഗ കൺസ്ട്രക്ഷൻസും മിജോയ് മാമു കോടഞ്ചേരിയും . കുറവു ക്വാട്ട് ചെയ്ത് ടെൻഡർ നേടിയ മിജോയ് മാമു കോടഞ്ചേരി ഗംഗ കൺസ്ട്രക്ഷൻസിന്റെ ഭാഗമാണെന്ന് ഫയൽ രേഖകൾ തെളിയിക്കുന്നു.മേൽ പ്രവൃത്തിയുടെ ഫസ്റ്റ് പാർട്ട് ബിൽ അനുവദിച്ചത് ഗംഗ കൺസ്ട്രക്ഷൻസിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ്. സൗത്ത് ഇൻഡ്യൻ ബാങ്ക് A/c No. 0161 07300000026 IFC SIBL0000161. നഗരസഭയുടെ മറ്റൊരു ബഹുവർഷ പദ്ധതിയായ ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം ഗംഗ കൺസ്ട്രക്ഷൻസാണ് ടെണ്ടർ എടുത്തിരിക്കുന്നത്. ഫയൽ PW1-14022/17 . മീനാ മാമുവിന്റെ കോൺട്രാക്ടേഴ്സ് ലൈസൻസാണ് കമ്പനിയെ പ്രതിനിധീകരിച്ച് ഹാജരാക്കിയിരിക്കുന്നത്. ടി ഫയലിൽ അവർ നോമിനിയായി വെച്ചിരിക്കുന്നത് മിജോയ് മാമു കോടഞ്ചേരിയെയാണ്.പ്രവൃത്തി ബില്ലുകൾ ടെണ്ടർ എടുത്ത് എഗ്രിമെന്റ് വെച്ച കരാറുകാരന്റെ അക്കൗണ്ടിലേക്കാണല്ലോ മാറി നൽകേണ്ടത്. ഷീലോഡ്ജിന്റെ ഫസ്റ്റ് ആന്റ് പാർട്ട് ബിൽ കരാറുകാരനായ മിജോയ് മാമുവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം കമ്പനി അക്കൗണ്ടിലേക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.സെക്കന്റ് പാർട്ട് ബിൽ മിജോയ് മാമുവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത്. A/c No. 0161 073000000688 IFC SIBL0000161. പ്രവൃത്തി ബില്ലുകളിലെ തുക വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് നൽകുന്നത് നിലവിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. നഗരസഭയുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ ഇടപെടൽ ഉണ്ടായതായി ഫയലിൽ രേഖപ്പെടുത്തലില്ല. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

[B] ഫയലിൽ സൂക്ഷിച്ചിട്ടുള്ള മിജോയ് മാമുവിന്റെ B Class ലൈസൻസിന്റെ കാലാവധി 31.3.20 വരെയാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 494520 രൂപയുടെ ബാങ്ക് ഗാരന്റിയുടെ No. 06BG000022020/4.2.20 കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയത് സമയബന്ധിതമായി പുതുക്കി വെയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പുതുക്കിയതായി രേഖയില്ല. ബഹുവർഷ പദ്ധതിയായതിനാൽ കരാറുകാരന്റെ ലൈസൻസ്,ബാങ്ക് ഗാരന്റി എന്നിവ പ്രവൃത്തി കാലാവധിയിലും Valid ആയിരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രവൃത്തിയുടെ സെക്കന്റ് ആന്റ് പാർട്ട് ബിൽ അനുവദിച്ചതിൽ ഏതാനും ഇനങ്ങളിൽ അധിക തുക നൽകിയതായി കാണുന്നു.

[A]എഗ്രിമെന്റ് ഷെഡ്യൂൾ ക്രമ നം 10 ഇനം ,4.1.8 Providing And Laying In Position Cement Concrete.....MB NO. 92/21 Page No.17 ൽ 11.401m3 നു പകരം തെറ്റായി 35.915 M3നുള്ള നിരക്ക് നൽകിക്കാണുന്നു.

[B]എഗ്രിമെന്റ് ഷെഡ്യൂൾ ക്രമ നം 11 ഇനം 5.37.2 Providing And Laying In Position Ready Mixed M-25 Grade Concrete......MB NO. 92/21 Page No.18 ൽ 79.094 നു പകരം തെറ്റായി 80.366m3 നുള്ള നിരക്ക് നൽകിക്കാണുന്നു.

| നൽകിയ തുക | നൽകാവുന്നത് | വ്യത്യാസം |
|---|---|---|
| [A]<br>35.915*5950=213694.25/- | 11.401*5950=67835.95/- | 145858.30/- |
| [B]<br>80.366*10200=819733.20/- | 79.094*10200=806758.8/- | 12974.40/- |
| | ആകെ തുക | 158832.70/- |

158832.70 രൂപ കരാറുകാരന് അധികം നൽകിയതായി കാണുന്നു. ആയത് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ ശരിയാണോ എന്നുറപ്പ് വരുത്തേണ്ടതും അളവു പുസ്തകത്തിൽ ക്യാരി ഓവർ ചെയ്ത അളവുകളുടെ കൃത്യത

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

3. മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തതവരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഷീ ലോഡ്ജിന്റെ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല.എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി GST വിഹിതം ഉൾപ്പെടുന്ന 37.25% എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ബില്ലിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 12% GST കൂട്ടിനൽകിയിട്ടുണ്ട്.

ഫസ്റ്റ് ഏൻഡ് പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 1286133രൂപ അധികമായി നൽകിയ 12% GST തുക 154336 രൂപയും സെക്കന്റ് ഏൻഡ് പാർട്ട് ബിൽ മൂല്യം 3340883 രൂപ അധികമായി നൽകിയ 12 % GST തുക 400906 രൂപയും ഓഡിറ്റിൽ നിരാകരിക്കുന്നു. ആകെ 555242 രൂപ തിരികെ ഈടാക്കേണ്ടതാണ്.

4. 24.7.2020ലെ സ . ഉ [കൈ] നം.111 / 2020 / തസ്വഭവ പ്രകാരം ഷീ ലോഡ്ജ് നിർവ്വഹണം സംബന്ധിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.പ്രസ്തുത ഉത്തരവ് നിർദ്ദേശം 2 ൽ പറയുന്ന ഏത് മാതൃകയിൽ നടപ്പിലാക്കാനാണ് നഗരസഭ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുന്ന ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

നിർമ്മാണം പുരോഗമിക്കുന്ന കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മിക്കുന്നതെന്ന് സെക്രട്ടറി കൂടി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് [ നം. 17 / 25.2.22 , നം. 52 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 2 പ്രകാരമുള്ള 158832 .70 രൂപ , ക്രമ നമ്പർ 3 പ്രകാരമുള്ള 555242 രൂപ എന്നിവ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക[158832.70+555242] 714075 രൂപ കഴിച്ച് ബാക്കി ചെലവു തുക 4468184 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-87 എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ്- വിഭാവനം ചെയ്ത രീതിയിൽ പൂർത്തിയാക്കാനായില്ല. അധികം നൽകിയ GST തുക 47851 രൂപ നിരാകരിക്കുന്നു.ബാക്കി ചെലവു തുക 230950 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പ്രൊജക്റ്റ് നം. 288/ 21 [SO]
എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
ഫയൽ PW1- 565 /19
CFC ഗ്രാന്റ് അടങ്കൽ തുക:1084200
ചെലവ് :278801
വൗച്ചർ നം:22000689/7.05.20 തുക 278801
ഭരണാനുമതി:19.4.2018 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം
AS Amount:2600000
TS No.116655/2018-19/23.02.19
TS Amount:1500000
LSGD/TS/2018-19/145423/23.2.2019
SoR:DsoR 2016
Cost Index:37.25%
MB No: 57/2018-19

1.നഗരസഭയിലെ മാപ്രാണം സോണൽ ഓഫീസ്, വെജിറ്റബിൾ മാർക്കറ്റ്, മീറ്റ് മാർക്കറ്റ്, ട്രെഞ്ചിംഗ് യാർഡ് എന്നീ സ്ഥലങ്ങളിൽ ഷെഡ് നിർമിച്ച് 1 യൂണിറ്റ് = 3 എണ്ണം 2 യൂണിറ്റ് 4 എണ്ണം 7 യൂണിറ്റ് 14 എണ്ണം എന്നിങ്ങനെ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ IRTC മുണ്ടൂർ എന്ന അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം സ്ഥാപിക്കുന്നതിനാണ് പ്രൊജക്റ്റ് ലക്ഷ്യം വെച്ചത്. 28 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രൊപ്പോസൽ ആണ് IRTC സമർപ്പിച്ചത്.ആയതിൽ ട്രെഞ്ചിംഗ് യാർഡിലെ പ്രവൃത്തിയുടെ വിശദാംശമാണ് മുകളിൽ ചേർത്തത്.1.3.2019 ന് എഗ്രിമെന്റ് ഒപ്പുവെച്ചു.

22.3.2019 ന് വർക്ക് ഓർഡർ നൽകി.ആറുമാസം പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തിയുടെ അവസാന ചെക്ക് മെഷർ മെന്റ് 15.1.2020 ലാണ്'.മറ്റു സ്ഥലങ്ങളിൽ ഉദ്ദേശിച്ച പ്രവൃത്തി നടത്തിയതായി ഫയലിൽ രേഖകളില്ല. പ്രൊജക്റ്റ് പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാതിരുന്നതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.വൗച്ചർ നം. 45 /8/ 19 ചെക്ക് നം ICICI589686/ 16.8.19 പ്രകാരം 750000 രൂപ മുൻകൂർ ആയി IRTC ക്ക് കൈമാറി.

1.3.2019 ലെ കരാർ നിബന്ധന പ്രകാരം GST 12% ഫൈനൽ ബില്ലിനൊപ്പം നൽകണമെന്നാണ്. ഫൈനൽ ബില്ലിൽ 5% മാണ് നൽകിയത്. ടാക്സ് പ്രൊവിഷൻ ഉൾക്കൊള്ളാത്ത 37.25 % കോസ്റ്റ് ഇൻഡക്സ് അനുസരിച്ചുള്ള പ്രവൃത്തിക്ക് GST ആനുകൂല്യം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് *243W* പ്രകാരമുള്ള പട്ടികയിൽ മുനിസിപ്പാലിറ്റികളുടെ ചുമതലകളായി [ മാലിന്യ സംസ്കരണം അനിവാര്യ ചുമതല ] ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല.

ആകെ പ്രവൃത്തി മൂല്യം:957023.85

Add 5% Gst :47851
നിലവിലെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി കരാർ നിബന്ധന അംഗീകരിച്ചതിനും 5 % GST കൂട്ടി നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
3.തുമ്പൂർ മുഴി രീതിയിൽ വളം നിർമ്മാണം നടക്കുന്നതായി 28.2.22 ന് നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റിന്റെ വിപണനം നടത്തുന്നുണ്ടോ എന്ന് ഹെൽത്ത് സൂപ്പർവൈസർ വ്യക്തമാക്കേണ്ടതാണ്.
മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് [നം. 17 / 25.2.22 , നം. 52 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി [നം. 33 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.
മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 2 പ്രകാരമുള്ള 47851 രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക 47851 രൂപ കഴിച്ച് ബാക്കി ചെലവു തുക 230950 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-88 ടൗൺഹാൾ കെട്ടിടം നവീകരണം -അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്-ചെലവുതുക 2955768 രൂപ തടസ്സപ്പെടുത്തുന്നു.

Project No.212/21 ടൗൺഹാൾ കെട്ടിടം നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

ഫയൽ നം: PW 1 - 2053 / 20

വികസന ഫണ്ട് ജനറൽ അടങ്കൽ തുക :3000000

ചെലവ്:2955768

വൗച്ചർ നം:220001696/14.12.20 തുക: 2955768

സാങ്കേതികാനുമതി – 110988/18-19 Dt 3.2.2020 ₹ 3000000

കരാറുകാരൻ – കെ.എ ഗോപികുമാർ

കരാർ - 107/20/AE/31.03.2020

എം ബുക്ക് - 7/21

ടൗൺഹാളിൽ അക്കൗസ്റ്റിക് ഫാൾസ് സീലിങ്ങ് നിർമ്മിച്ച് ശബ്ദസംവിധാനം മെച്ചപ്പെടുത്തുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചത്.

1. പ്രവൃത്തി ടെണ്ടർ , റീടെണ്ടർ ചെയ്തിട്ടും ആരും എടുക്കാത്തതിനാൽ ചെയർ പേഴ്സന്റെ മുൻകൂർ അനുമതി പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതായി ഓഫീസ് കുറിപ്പിൽ പറയുന്നു.മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾക്ക് ആധാരമായ രേഖകൾ ഒന്നും തന്നെ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. നോട്ടീസ് ഇൻ വൈറ്റിംഗ് ടെണ്ടർ , ഇ ടെണ്ടർ റി: ഇടെണ്ടർ രേഖകൾ പത്രപരസ്യം ചെയ്തതിന്റെ പകർപ്പ് എന്നിവ ഫയലിൽ ഉൾ ചേർത്തിട്ടില്ല. ടെണ്ടർ ക്വട്ടേഷൻ മറ്റൊരു ഫയലിൽ സൂക്ഷിക്കുന്നുവെന്ന് അറിയിച്ച് PW 1 /11615- 19 ഫയൽ ലഭ്യമാക്കി. ടി ഫയലും കൃത്യതയോടെ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. 28.4.20 ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം എസ്റ്റിമേറ്റ് നിരക്കിലുള്ള കെ.എ ഗോപികുമാറിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. കരാർ തുക 26778894. 10.7.20 ലെ 24ാം നം. തീരുമാനം മുഖേന എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റിവൈസ്ഡ് T S ലഭ്യമായിട്ടുണ്ട്. തുക 2678535 രൂപ. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കെട്ടിടത്തിന്റെ റെവർബറേഷൻ ടെസ്റ്റ് ചെയ്തപ്പോൾ നിലവിലുള്ള കെട്ടിടത്തിന് ആയത് കൂടുതലായി കാണപ്പെട്ടതിനാൽ RI Index കൂടുതലുള്ള Polyster Wool ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. റെവർബറേഷൻ ടെസ്റ്റ് നടത്തിയതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3.MB . No. Pg 35,36,37 പ്രകാരം രണ്ട് എക്സ്ട്രാ ഇനം ചെയ്തിട്ടുണ്ട്.
E 2 ഇനത്തിന് റേറ്റ് 618.59 M2 രൂപയാണ്
E 3 ആയി ചെയ്ത ഇനത്തിന് 506.39 M2
E3 സ്പെസിഫിക്കേഷനിൽ പ്ലൈയിംഗ് ആൻഡ് ഫിക്സിംഗ് കർട്ടൻ ക്ലോത്ത് വിത്ത് അലൂമിനിയം സെക്ഷൻ ഓഫ് സൈസ് 2.5 X 2.5 Cm .... എന്നു കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഘടിപ്പിച്ചിട്ടുള്ളതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെടാനായില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓവർസിയർക്കും വിശദീകരണം നൽകാനായില്ല. ഈ രണ്ട് ഇനങ്ങളുടെയും ഡാറ്റാ അനാലിസിസ് രേഖ സഹിതം ഒരേ സ്പെസിഫിക്കേഷൻ നമ്പരുള്ള ഇനത്തിന് രണ്ടു നിരക്കുകൾ നൽകിയത് വിശദീകരിക്കേണ്ടതാണ്.
പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ കോൺട്രാക്ടർ ലഭ്യമാക്കിയതായോ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പു വരുത്തിയതായോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി[ നം. 47 / 3.3.22 ]ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ തൻവർഷത്തെ ചെലവുതുക 2955768 രൂപ തടസ്സപ്പെടുത്തുന്നു.
മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-89 ടൗൺ ഹാളിലേക്ക് 1.5 Kw 2HP 24ft HvLS ഫാൻ വാങ്ങി. സ്റ്റോക്ക് എൻട്രി വിശദാംശം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം. 262 /21 ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷനും അനുബന്ധപ്രവൃത്തികളും വാർഡ് 22
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

ഫയൽ നം: P W4-5344/ 20
വികസനഫണ്ട് അടങ്കൽ തുക : 1011000
തൻവർഷം ചെലവ് : 494774
Vr.No:22000704/11-6-2020 /Amt. 494774/-
അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽപ്രവൃത്തിയുടെ ഭാഗമായി 1.5 Kw 2 HP 24ft ... Hv LS Fan 2 എണ്ണം വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് എൻടി നടത്തിയതായി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോർപർച്ചേസ് മാന്വൽ ഖ. 12.2. 2 പ്രകാരം ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഇൻകം ടാക്സ് ഒരു ശതമാനമാണ് ഈടാക്കിയത്. 13.5.20 മുതൽ 31.3.22 വരെ കമ്പനികളിൽ നിന്നും 1.5 % ശതമാനമാണ് ഈടാക്കേണ്ടത്. ടി കാലപരിധിക്കു മുൻപ് കമ്പനികൾക്ക് 2% ആയിരുന്നു. ഇൻവോയ്സ് പ്രകാരം രണ്ടു വർഷം വാറന്റിയുണ്ട്. അതിനു ശേഷം AMC യിൽ ഏർപ്പെടേണ്ടതാണ്.
മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി[ നം. 47 / 3.3.22 ]ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 - 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-90 മരാമത്ത് ബില്ലുകൾ ക്വാളിറ്റി ടെസ്റ്റ് ഉറപ്പു വരുത്താതെ അനുവദിക്കുന്നു. - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1997-ലെ കേരള [പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും] ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, മുനിസിപ്പാലിറ്റിയിലെ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പിഡബ്ല്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർനം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ നഗരസഭയിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലുകളിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ച് നൽകിയതിന് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നംപർ,പേര്, ഫയൽ നംപർ | സാങ്കേതികാനുമതി നംപർ, തുക | കരാറുകാരൻ | ബിൽ വിവരം/വൗച്ചർ നമ്പർ/തുക |
|---|---|---|---|---|
| 1 | 206/21.<br>ഷീ ലോഡ്ജ് ഫയൽ.<br>PW1-9184/17<br>വാർഡ് 22 | LSGD/TS/2018-19/134144 /22-02-2019<br>TS.NO.116590/ 2018-19<br>2കോടി 20ലക്ഷം | മിജോയ് മാമു | Cc First & Part<br>22001694/14-12-2020<br>Rs.14,40,46<br>Cc Second &Final.<br>22002627/29.3.21<br>Rs.37,41,790 |
| 2 | 207/21<br>ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം വാർഡ് 37<br>PW1-14022/17 | LSGD/TS/2018-19/58368 /22-02-2019<br>TS.NO.116594/ 2018-19<br>3കോടി | ഗംഗ കൺസ്ട്രക്ഷൻസ് | Cc First & Part<br>22000676/28.2020<br>Rs.15,64,414<br>Cc Second & Part<br>22001286/19.10.2020<br>Rs.23,57,425<br>Cc Third & Part<br>22001737/27.1.2021<br>Rs.29,23,838<br>Cc Fourth & Part<br>22002097/8.2.21<br>Rs.19,70,233<br>Cc Fifth & Part<br>22002557/26.3.21<br>Rs.32,03,099 |
| 3 | 208/21 | LSGD/TS/2019-20/104643 | കെ.എ | Cc First & Final. |

| | | | | |
|---|---|---|---|---|
| | കംപ്ലീഷൻ ഓഫ് വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് PW1-2057/20 | /14.01/20 TS.NO.101530/ 19-20 35 ലക്ഷം | ഗോപികുമാർ | 22001448/12-11-20 Rs.34,53,761 |
| 4 | 211/21 ഇറുകായകളം സൈഡ് കെട്ടൽ വാർഡ് 35 | LSGD/TS/2019-20/44861 /14-1-20 TS.NO. 101611/2019-20 35 ലക്ഷം | സുനിൽകുമാർ ടി.സി | Cc First & Final. 22002228/ 10-3-21/ Rs.10,00,000 2021-22 വർഷത്തിൽ 25 ലക്ഷം വകയിരുത്തി പുതിയ പ്രൊജക്റ്റ് വെച്ചിട്ടുണ്ട്. ചെലവ് 2348608 |
| 5 | 212/21 ടൗൺഹാൾ കെട്ടിടം നവീകരണം വാർഡ് 22 PWI-2053/20 | LSGD/TS/2019-20/67358 /03-02-20 TS.NO.110988/2019-20 30 ലക്ഷം | കെ.എ ഗോപികുമാർ | Cc First & Final. 22001696/ 14-12-20/ Rs.29,55,768 |
| 6. | 214/21 കാട്ടൂർ ബൈ പാസ് റോഡ് റീടാറിംഗ് വാർഡ് - 12, 23 | LSGD/TS/2019-20/13830 /31.1.20 TS.NO.11011/2019-20 34 ലക്ഷം | റോജോ ജോസ് | Cc First & Part 22002358/15.3.21 Rs.1006200 Cc Second & Part 22002359/15.3.21 Rs.130050 Cc Third & Part 22002651/30.3.2021 Rs.1754119 |
| 7. | 558/21 രാമൻ കുളം റോഡ് അഭിവൃദ്ധി പെടുത്തൽ വാർഡ് 38 PWI-5594/20 | LSGD/TS/2019-20/144503 /2-12-19 TS.NO.94019/2019-20 18 ലക്ഷം | റോജോ ജോസ് | Cc First & Final. 22002357/ 15-3-21 Rs.17,89,357 |
| 8. | 626/21 ട്രെഞ്ചിങ്ങ് ഗ്രൗണ്ടിലെ വിൻഡ്രോ കമ്പോസ്റ്റിന് അനുബന്ധ സൗകര്യം ഒരുക്കൽ വാർഡ് 32 | LSGD/TS/2020-21/80884 /20-01-21 TS.NO.90250/20-21 20 ലക്ഷം | കെ.എ ഗോപികുമാർ | Cc First & Part 22002531/24.3.21 Rs.1012269 |
| 9. | 456/21so അങ്കണവാടി കെട്ടിട നിർമ്മാണം വാർഡ് 38 | LSGD/TS/2019-20/105052 /24-01-20 TS.NO.106364/19-20 17 ലക്ഷം 79000 | TP ജോയ് | Cc First & Part 22002089/04.2.21 Rs.475533 |
| 10. | 397/21so കാട്ടൂർ ബൈപ്പാസ് റോഡിൽ LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ വാർഡ് 22 | 197/EE/LSGD/Electrical Committee/2018-9 Dt.23.1.2019 19 ലക്ഷം 95000 | അലൂമിന ഇലക്ട്രോണിക്സ് മലപ്പുറം | Cc First & Part 22002358/15.3.21 Rs.1006200 Cc Second & Part 22002359/15.3.21 Rs.130050 |

തസ്വഭവ ഉത്തര മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ നഗരസഭ അസി.എക്സി . എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധനക്ക് ശേഷം അയക്കുന്ന കത്തിൽ CPWD സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ക്വാളിറ്റി ചെക്കും ലാബ് ടെസ്റ്റുകളും നടത്തണമെന്നും, പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സ്റ്റീലിന്റെയും സിമന്റിന്റേയും ക്വാളിറ്റി സർക്കുലറുകൾ നം. 8/ 16 Fin Dt- 4.2.16 , 88/ 2016 18-11-16 Of Fin Tech Wing Dept എന്നിവയിൽ നിർദ്ദേശിച്ച രീതിയിൽ പാലിക്കണമെന്നും രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് തെളിയിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ക്വാളിറ്റി കൺട്രോൾ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയ ഈ ആഭ്യന്തരനിയന്ത്രണ സംവിധാനം കൃത്യമായി പാലിക്കാൻ മരാമത്ത് വിഭാഗത്തിന് നഗരസഭ ഭരണസമിതി ആവശ്യമായ നിർദ്ദേശം നൽകാവുന്നതാണ്. നിർദ്ദേശം നൽകിയ ശേഷവും ക്വാളിറ്റി കൺട്രോൾ ഉറപ്പാക്കുന്നതിൽ മരാമത്ത് വിഭാഗം ശ്രദ്ധിക്കാത്ത പക്ഷം പ്രസ്തുത ചെലവുകൾക്ക് ഭരണസമിതിക്ക് അനുമതി നിഷേധിക്കാവുന്നതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി [ നം.21 / 26.2.22] മറുപടി ലഭ്യമാക്കിയിട്ടില്ല.മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം

അറിയിച്ചിട്ടുണ്ട്. [9.3.22 ലെ PW1 - 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചുണ്ടങ്ങപ്പാടം റോഡ് പുനരുദ്ധാരണം - ടാറിന് എക്സസ് കോസ്റ്റ് നൽകിയത് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം. 269/21
എം.ബുക്ക് നം. 34/19-20

TS-17-18/82811/25.11.17 -486000/-

അടങ്കൽ -486000/-
എഗ്രിമെന്റ് നം.തി.-99/17-18 Dt.31.03.18

കോസ്റ്റ് ഇന്ഡക്സ് -37.25

കോൺട്രാക്ടർ -ടി.സി.സുനിൽകുമാർ
വൗച്ചർ നം.തി.22000557/11.04.20 -373131/-
ബിൽ നം. തി.14/23.04.20-373131/-

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് തുക 4,85,564/- രൂപയാണ്. എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ ഇനത്തിൽ 39,881/- രൂപ ബില്ലിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭിച്ച തുകയേക്കാളധികം തുക 5,22,975/- രൂപയായി ആകെ പ്രവൃത്തി മൂല്യം കണക്കാക്കി കരാറുകാരന് തുക നൽകി. സർക്കാർ ഉത്തരവ് നം. (ആർ.ടി)9386/18/fin.dt.13.11.18 പ്രകാരം 01.11.18 ൽ തുടർന്നു വരുന്ന പ്രവൃത്തികൾക്ക്, ടെന്റർ ക്ലോസ്സ് ചെയ്യുന്ന സമയത്ത് നിലവിലുള്ള നിരക്കും മാർക്കറ്റ് നിരക്കും തമ്മിലുള്ള വ്യതിയാനം നൽകാവുന്നതാണ്. ടി കാലയളവിൽ പിഴയില്ലാതെ കാലയളവ് നീട്ടി ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്കും അധിക വിഹിതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എഗ്രിമെന്റ് കാലാവധി കഴിഞ്ഞ മേൽ പ്രവൃത്തികൾക്ക് ഇപ്രകാരം എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ ഇനത്തിൽ 39,881/- രൂപ നൽകിയിട്ടുണ്ട്.ആയത് അനുവദനീയമല്ല. ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

38/03.03.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-2 മൂർക്കനാട് ലിഫ്റ്റ് ഇറിഗേഷൻ വാർഡ് 1-അപാകതകൾ ;അധികം നൽകിയ തുക 227241 രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

പ്രൊജക്റ്റ് നം.409/21(SO)
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ
ഫയൽ നം: PW4/11695/18
വി.ഫണ്ട് അടങ്കൽ തുക :1304835
ചെലവ്: 1050410
T.S No.91468/18-19/4.10.2018
DSoR2016
C.I 37.25
Agmt:22.11.2018
Agreed PAC:1204307
1ST.Advance :100000
MB No :81/18-19
MB No : NIL
MB No :101/18-19
1ST.Advance :100000
First & Part Bill
Vr.No:21900556/17-4-2019 Amt:188662
Second & Part Bill
Vr.No:22001472/11-11-2020 Amt:669787
Third & Final Bill
Vr.No:22002641/29-3-2021 Amt:380623

1. ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്നും GST TDS 2% ഈടാക്കിയിട്ടില്ല.ഒരു കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുകയും ആയതിന്റെ ഭാഗമായി പാർട്ട് ബില്ലുകൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ ഓരോ പാർട്ട് ബില്ലിൽ നിന്നും അതാത് സമയം ടി ഡി എസ് പിടിച്ച് അടക്കേണ്ടതായിരുന്നു.ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2.മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തതവരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.

VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.മൂർക്കനാട് ലിഫ്റ്റ് ഇറിഗേഷൻ,37.25 % കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല.ടാക്സ് വിഹിതം കൂടി ഉൾപ്പെട്ടതാണ് 37.25% കോസ്റ്റ് ഇൻഡക്സ്.

തേർഡ്&ഫൈനൽ ബില്ലിന്റെപ്രവൃത്തി മൂല്യനിർണ്ണയത്തോടൊപ്പം 12% GST കൂട്ടി നൽകിയതും ഫസ്റ്റ് സെക്കന്റ് പാർട്ട് ബില്ലുകളിൽ നൽകാതിരുന്ന GST തുക എന്ന പേരിൽ 96398.85 രൂപ കൂട്ടി നൽകിയതും ഓഡിറ്റ് അംഗീകരിക്കുന്നില്ല.

MB No. 101/ 18 -19 പേജ് നം.26 ലെ രേഖപ്പെടുത്തൽ താഴെ കാണിക്കുന്നു.

പ്രവൃത്തിമൂല്യം:216704.60

Management Charges8%:17336.37

WWF 1%:2167.05

GST 12%:26004.55

1st&2nd Part BillGST:96398.85

Total :358611.42

Add :Retention 1st&part Bill:4838

Retention 2nd&part Bill:17174

Grand Total:380623

തുടർന്ന് IT 2%-7612 GST TDS 2 % -7612 KCWWF 1%-3806 Fine 50000 അടക്കം 69030 രൂപ കുറച്ച് 311593 രൂപ SEUF ന് നൽകി.

മേൽ കണക്കിൽ റിടെൻഷൻ തുക നൽകിയതിലും അപാകത കാണുന്നു.

4838 രൂപ 2nd&part Bill ബില്ലിൽ കൂട്ടി നൽകിയതാണ്. ഇവിടെ വീണ്ടും നൽകേണ്ടതില്ലായിരുന്നു.

ആകെ 26004.55 +96398.55 + 4838 = 127241 രൂപ SEUF ന് അധികം നൽകിയിട്ടുണ്ട്. മാത്രമല്ല മുൻകൂറായി നൽകിയ 1 ലക്ഷം രൂപയുടെ കണക്ക് എവിടെയും പ്രതിഫലിക്കുന്നില്ല. ആയത് ഫൈനൽ ബില്ലിൽ കുറക്കേണ്ടതായിരുന്നു. ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്[ നം. 24 / 3.3.22] മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ തുക 1,00,000 രൂപയും നിരാകരിക്കുന്നു. ഈ പ്രൊജക്ടിന്റെ ചെലവിൽ ആകെ അധികം നൽകിയ തുക 127241 + 1,00,000 = 2,27,241 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം. 24 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22(G1) നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 3-3 സെന്റ് ജോസഫ്സിനു സമീപമുള്ള കിണർ അറ്റകുറ്റപ്പണി വാർഡ്20 -അപാകതകൾ ;21247 രൂപ അധികം നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നു. 85000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.484/21(SO)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

നിർവ്വഹണ ഏജൻസി : സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ

ഫയൽ നം: PW4/11693/18

വി.ഫണ്ട് SCP അടങ്കൽ തുക :250000

ചെലവ്:216057

Vr.N0.22002638/29.3.21/216057

T.S No.117688/18-19/28.2.2019 Amt:203684

Duration Of Work:6months

DSoR2016

C.I 37.25

Agmt:8.3.19

Estimate Amt/Agreed PAC:203684

MB No:202/18-19

MB No:203/18-19

1.2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 75.5ൽ സൂചിപ്പിച്ച അപാകതകൾ തുടരുന്നു.

2.നഗരസഭയിൽ SEUF നിർവ്വഹണം നടത്തിയ എല്ലാ പദ്ധതിയിലും എ ഗ്രീഡ് PAC യുടെ 20% മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്.മേൽ പ്രൊജക്ടിലും 20% Of Rs.203684 = 40737 ആവശ്യപ്പെട്ടുകൊണ്ടുള്ള നം. SEUF /TCR /516a / ljk 2019 1.3.19 കത്ത് ഫയലിൽ കാണുന്നുണ്ട്. നോട്ട് ഫയലിൽ 2.4.19 ൽ A 6 കുറിപ്പുമുണ്ട്. എന്നാൽ തുക അനുവദിച്ചതിന്റെ മറ്റു തെളിവുകൾ ഇല്ല. ഇക്കാര്യം പരിശോധിച്ച് അറിയിക്കേണ്ടതാണ്.അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിൽ ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതായിരുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.28.2.19 ൽ T S ലഭിച്ച കോസ്റ്റ് ഇൻഡക്സ് 37.25 % വെച്ച് തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ GST ക്ക് പ്രൊവിഷൻ

ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫൈനൽ ബില്ലിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം [177058.33രൂപ] 12 % GST 21247 രൂപ അധികം നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.

4. 28.2.22 ന് നടത്തിയ സ്ഥലപരിശോധനയിൽ കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ് തുറന്നു കണ്ടു. മോട്ടോർ ഇടയ്ക്കിടെ കേടാകുന്നതായും വാട്ടർ പ്യൂരിഫൈയിംഗ് സിസ്റ്റം പ്രവർത്തിക്കുന്നില്ല എന്നും പമ്പ് ഓപ്പറേറ്റർ അറിയിച്ചു.

MB No. പേജ് 25 പ്രകാരം 85000 രൂപയുടെ വാട്ടർ പ്യൂരിഫൈയിംഗ് സിസ്റ്റം 6.7.20 ന് സ്ഥാപിച്ചിട്ടുണ്ട്. സിസ്റ്റത്തിന്റെ ഗ്യാരന്റി വാറന്റി ഉറപ്പിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. 6.7.20 ലെ SEUF ന്റെ ചാർജ് വൗച്ചർ MB യിൽ സൂക്ഷിച്ചിട്ടുണ്ട്. ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ആയതിന്റെ ചെലവു തുക 85000 രൂപ തടസ്സപ്പെടുത്തുന്നു.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ നം.23/28.2.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 - 1796 / 22(G1) നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 3-4 തെരുവു വിളക്കുകൾ വാങ്ങലും മെയിന്റനൻസും-ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് - അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവു തുക 7999264 രൂപയിൽ അധികം നൽകിയ തുക 10000 രൂപ നിരാകരിക്കുന്നു ; ബാക്കി തുക 7989264 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ:മുനിസിപ്പൽ എഞ്ചിനീയർ

2019 - 20 ൽ ആവിഷ്കരിച്ച രണ്ട് പ്രൊജക്ടുകൾ 2020-21 ൽ ഒറ്റ പ്രൊജക്ടാക്കി നിർവ്വഹണം നടത്തി. 2019-20 ൽ മെയിന്റനൻസ് ഏൽപ്പിച്ച സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനെ തുടർന്ന് കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ചു. ഇതിനിടയിൽ അക്രഡിറ്റഡ് ഏജൻസിയായ ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ്സ് എന്ന സ്ഥാപനവുമായി LED വിളക്കുകളുടെ സ്ഥാപനവും മെയിന്റനൻസും കരാറിലും ഏർപ്പെട്ടു. മൂന്നു സ്ഥാപനങ്ങളുമായുള്ള കരാറുകളും പ്രവൃത്തിയും ചെലവും ഒറ്റ പ്രൊജക്ടിലാണ് ഉൾക്കൊള്ളിച്ചത് ആയതിനാൽ അപാകതകൾ രണ്ടു ഭാഗങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

പ്രൊജക്ട് നം: 371/ 21 SO

തെരുവു വിളക്കുകൾ വാങ്ങലും മെയിന്റനൻസും [ഭാഗം-1]

CFC ഗ്രാന്റ് അടങ്കൽ: 8000000

ചെലവ് :7999264

ഫയൽ നം:PW4-8421/19 V -1

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1. | 2200067/8.5.20 | 487500 |
| 2. | 22000640/1.6.20 | 975000 |
| 3. | 22001788/23.12.20 | 1773600 |
| 4. | 22002576/25.3.21 | 487500 |
| 5. | 22002556/25.3.21 | 4099264 |
| 6. | 22002585/27.3.21 | 176400 |
| | Grant Total | 7999264 |

1. മേൽ പ്രൊജക്ട് ആവിഷ്കരിച്ചതിൽ തന്നെ അപാകത കാണുന്നു. പ്രൊജക്ടിൽ നിർവ്വഹണ രീതി ടെണ്ടർ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നുള്ള വാങ്ങലും ടെണ്ടർ മുഖേന മെയിന്റനൻസും തുടർന്ന് അക്രഡിറ്റഡ് ഏജൻസി മുഖേന മെയിന്റനൻസും ഉൾപ്പെടുത്തിയാണ് പ്രൊജക്ട് നിർവ്വഹണം നടന്നത്. മേൽ പ്രകാരം പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല.

2. നഗരസഭ 2019 -20 സാമ്പത്തികവർഷത്തിൽ തെരുവു വിളക്കുകൾ വാങ്ങലും മെയിന്റനൻസും പദ്ധതിക്കായി Pro. No 269/ 20 8000000 രൂപ അടങ്കലിൽ ആവിഷ്കരിച്ച്,മെയിന്റനൻസിന് ഇടെണ്ടർ മുഖേന എസ്. ജെ ഇലക്ട്രോ ലിങ്ക്സ് പ്രൈ. ലിമിറ്റഡ് ആലുവ എന്ന കമ്പനിക്ക് 3900000 രൂപയ്ക്ക് AMC അനുവദിച്ചു. എഗ്രിമെന്റ് നം.2 /2019 -20 Dt 22.7.2019. ഒരു വർഷത്തേക്കാണ് കരാർ ചമച്ചത് 22.7 .2019 മുതൽ 21.7.2020 വരെ. 15.9.2011 ലെ നം.3055/ഡിഎ3/2011 തസ്വഭവ സർക്കുലർ നിർദ്ദേശങ്ങൾ കരാറിന്റെ നിബന്ധന 1 ആയി ചേർത്ത് കരാറിന്റെ ഭാഗമാക്കിയത് എടുത്തു പറയേണ്ടതാണ്. തെരുവു വിളക്ക് AMC സംബന്ധിച്ച് ആധികാരികമായ അടിസ്ഥാനരേഖയാണ് പ്രസ്തുത സർക്കുലർ.എന്നാൽ പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയിട്ടില്ല.

3. കരാർതുക നാലു പാർട്ടു ബില്ലുകളിലായി ത്രൈമാസികമായി കൈമാറേണ്ടതാണെന്ന് നിബന്ധന 12 വ്യവസ്ഥ ചെയ്യുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ അഭാവത്തിൽ 22.7.19 മുതൽ 21.10.19 വരെയുള്ള ത്രൈമാസത്തിൽ മെയിന്റനൻസ് നടത്തിയതിന് നാലു ലക്ഷം രൂപ[CHQ.NO.324980/25.10.19] തനതു ഫണ്ടിൽ നിന്ന് സ്ഥാപനത്തിന് കൈമാറി.ആദ്യ ത്രൈമാസത്തേക്ക് കൈമാറിയ തുകയ്ക്ക് ആധാരമാക്കി മെയിന്റനൻസ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അളവു പുസ്തകം ലഭ്യമായിട്ടില്ല.കറന്റ് ഫയലിൽ കൗൺസിലർമാരുടെ ലെറ്റർ പാഡിലുള്ള സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചു കാണുന്നു. ആയതിൽ വ്യത്യസ്ത രീതിയിലാണ് രേഖപ്പെടുത്തൽ മെയിന്റനൻസ് നടന്ന ആകെ എണ്ണം മാത്രം രേഖപ്പെടുത്തിയതും വിളക്കുകളുടെ തരം വേർതിരിച്ച് രേഖപ്പെടുത്തിയതും ഉണ്ട്.ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ, റിപ്പയർ ചെയ്ത തീയതി തുടങ്ങിയ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ

സ്ഥാപനത്തിന് മെയിന്റനൻസിന് കൈമാറിയ തുകയുടെ സാധുത പരിശോധിക്കാൻ കൃത്യമായ കണക്കുകൾ [ഓരോ ബില്ലിന്റേയും] പട്ടികാ രൂപത്തിലാക്കി ലഭ്യമാക്കേണ്ടതാണ്.പ്രൊജക്ട് ഫയൽ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എസ്.ജെ ഇലക്ട്രോലിങ്ക്സ് എന്ന സ്ഥാപനത്തിന് നാളിതു വരെ കൈമാറിയതുകയുടെ വിശദാംശം ഓഡിറ്റിന് വേർതിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.ട്രഷറി ബിൽ ബുക്ക്/ ഇ ബിൽ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള എല്ലാ ട്രഷറി ബില്ലുകൾ / UTR സ്റ്റേറ്റ്മെന്റുകൾ / സ്ഥാപനത്തിന്റെ കൈപ്പറ്റു രശീതികൾ സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്.

4. രണ്ടാം ത്രൈമാസത്തിൽ 21.10.19 മുതൽ 21.1.20 വരെ 21 കൗൺസിലർമാർ മാത്രം സാക്ഷ്യപത്രം നൽകിയതിനാൽ മുഴുവൻ തുകയും നൽകിയിട്ടില്ല.രണ്ടാം ക്വാർട്ടറിനു ശേഷം ലോക്ക് ഡൗൺ കാലയളവും മറ്റുമാകയാൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്തിട്ടില്ല എന്ന്

ബോധ്യപ്പെട്ടതിനെ തുടർന്ന് 15.9.20ലെ 13-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കമ്പനിയുടെ കരാർ അവസാനിപ്പിക്കുന്നതിനും പുതിയ ടെണ്ടർ വിളിക്കുന്നതിനും പ്രവൃത്തി ചെയ്യാത്ത കാലയളവിലേക്ക് തുക അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് ബോധ്യപ്പെട്ടാൽ 7 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയ ശേഷം കരാർ റദ്ദാക്കാൻ നഗരസഭക്ക് അധികാരമുണ്ട്.കരാർ റദ്ദാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളും, സ്റ്റോർ പർച്ചേസ് /പി ഡബ്ല്യൂ ഡി മാന്വൽ ഇവയിൽ ഏതെങ്കിലും പ്രകാരം നടപടി എടുത്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിശദാംശം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുതസ്ഥാപനം നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ രേഖകൾ കൃത്യതയോടെ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

5. 5.9.2011 ലെ സർക്കുലർ കരാറിന്റെ ഭാഗമാക്കിയ സാഹചര്യത്തിൽ ടി ഉത്തരവു പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറുകാരൻ പാലിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതും അടിസ്ഥാന രേഖകൾ ഫയലിൽ യഥാസമയം ഉൾചേർത്ത് സൂക്ഷിക്കേണ്ടതുമായിരുന്നു.പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണമുള്ള താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല.

I.പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളവ ആകേണ്ടതും ആയതിന്റെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കുവാൻ പാടുള്ളതുമല്ല.

Ii.നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള അംഗീകൃത കരാറുകാർ ആണോ എന്ന് വ്യക്തമാക്കുന്ന രേഖ ലൈസൻസ് പകർപ്പ്,മുൻപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ.

Iii.ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവും ഉള്ള ആളുകളാണ് പ്രവൃത്തികൾ ചെയ്യുന്നതെന്ന് തെളിയിക്കുന്ന രേഖ.

Iv.പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ പ്രസിദ്ധപ്പെടുത്തി നിയതമാതൃകയിൽ കരാറുകാരൻ തയ്യാറാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ.

6. കേടായ ഉപകരണങ്ങൾ അതാത് ദിവസം നഗരസഭയിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

7.29.5.2018 ലെ സർക്കാർ നം. 269 ഡി.എ. 3 2018 തസ്വഭവ പ്രകാരം 2011 ലെ സർക്കുലറിലെ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ തുടർ നിർദ്ദേശം ഉണ്ടായിട്ടുണ്ട്.15.9.2011 ലെ സർക്കുലറിലെ മാനദണ്ഡങ്ങൾ യഥാവിധി നടപ്പാക്കാത്തതിനാൽ നിരവധി അപകടങ്ങൾ സംഭവിക്കുന്നതായി കെ.എസ് ഇ.ബി ചെയർമാൻ അറിയിച്ച സാഹചര്യത്തിലാണ് 2011 ലെ സർക്കുലർ മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കാൻ 29.5.18 ൽ പുതിയ സർക്കുലർ ഇറക്കിയിട്ടുള്ളത്.സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ് ഇ ബി കരുവന്നൂർ ഇല.സെക്ഷൻ അസി.എഞ്ചിനീയർ മുനിസിപ്പൽ ചെയർപേഴ്സണ് കൈമാറിയ കത്തുകൾ ഫയലിൽ ലഭ്യമായത് ശ്രദ്ധയിൽ പെടുത്തുന്നു.

NO. DB/ES/KVR/IJK/19-20/334/24.12.2019;

NO.DB/ES/KVR/IJK Mun./209-20/452/23.3.20

പോസ്റ്റിലെ തകരാറ് പരിഹരിക്കാൻ ചെല്ലുമ്പോൾ സ്ട്രീറ്റ് ലൈറ്റ് മൂലമുള്ള പ്രശ്നങ്ങൾ കൂടുതലായി കാണുന്നുവെന്നും ആയതിനാൽ വർക്ക് കോൺടകുർമാർ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സുരക്ഷാ മാനദണ്ഡം കർശനമായി പാലിച്ചാണ് പ്രവൃത്തി ചെയ്യേണ്ടതെന്ന് അറിയിച്ചിട്ടുണ്ട്.അംഗീകൃതമല്ലാത്ത സ്ട്രീറ്റ് ലൈറ്റ് കണക്ഷനുകൾ കണ്ടെത്തിയതായും സ്ട്രീറ്റ് ലൈറ്റ് പ്രവൃത്തികൾ ഗുണനിലവാരം പാലിക്കാതെ നടത്തുന്നതിൽ KSEB ഉത്തരവാദിയായിരിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.മേൽസാഹചര്യം പരിഗണിക്കുമ്പോൾ കരാറുകാരുടെ ലൈസൻസ്/സൂപ്പർവൈസർമാരുടെ സുപ്രധാനരേഖയായി പരിഗണിച്ച് പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

[ഭാഗം-2]

2019 -20 ൽ ആവിഷ്കരിച്ച പ്രൊജക്ട് നം. 269/ 20 , 80 ലക്ഷം രൂപ അടങ്കലുള്ള തെരുവു വിളക്കുകൾ വാങ്ങൽ മെയിന്റനൻസ് പദ്ധതി പ്രകാരം 41 ലക്ഷം രൂപയ്ക്ക് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങാൻ കൗൺസിൽ തീരുമാനമെടുത്തു.[29.1.2020ലെ 31ാം നമ്പർ തീരുമാനം]KREWS ന്റെ 25.1.20ലെ പ്രൊഫോർമ ഇൻവോയ്സ് നം.324 പ്രകാരം 24 W LED Street Lighting Luminary Automatic Operation With All Fitting Accessaries Including Installation യൂണിറ്റ് വില 2704 രൂപയാണ്. 24 മാസത്തെ വാറന്റി.

നിർവ്വഹണ ഉദ്യോഗസ്ഥൻ:മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം: 371/ 21[SO]

തെരുവു വിളക്കുകൾ വാങ്ങലും മെയിന്റനൻസും

CFC ഗ്രാന്റ് അടങ്കൽ: 8000000

ചെലവ് :7999264

ഫയൽ നം:PW4-8421/19 V -1.M.B.No.126/20

ഫയൽ നം:PW4-15126/19

31.3.2020 തിയതി പ്രാബല്യത്തിൽ കരാർ ചമച്ചു.Agmt No:125/20.

1516 LED ലൈറ്റുകൾ ലഭ്യമാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻ വോയ്സ് നം. തിയതി | എണ്ണം | തുക |
|---|---|---|
| KREWS/A10/20-21/9.6.20 | 700 | 1892803 |
| KREWS/A67/20-21/12.8.20 | 250 | 676001 |
| KREWS/A78/20-21/20.8.20 | 566 | 1530467 |
| ആകെ | 1516 | 4099271 |

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ പി നം. 7/ 19 എസ്.പി.ഡി. തിയതി 26.4.2019 പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്.[ഖണ്ഡിക 19.3].41 ലക്ഷം

രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രൊജക്റ്റിന് ജെം മുഖേനയുള്ള വാങ്ങൽ രീതി പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.നഗരസഭ പ്രൊക്യൂർമെന്റ് കമ്മിറ്റി വൻ തുകയുള്ള ഈ പർച്ചേസ് സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി മിനിറ്റ് സിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ഇൻസ്റ്റലേഷനും വാറന്റി കാലയളവിലെ 2 വർഷം ഓൺ സൈറ്റ് സർവ്വീസും കമ്പനി വാഗ്ദാനം ചെയ്തിരുന്നു. 9/20 മുതൽ ഇൻസ്റ്റലേഷൻ നടത്തിയിട്ടുള്ളതായി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ഇൻസ്റ്റലേഷൻ നടത്തിയ തിയതി മുതൽ രണ്ടുവർഷത്തേക്ക് കേടുപാട് സംഭവിക്കുന്ന പക്ഷം മുനിസിപ്പാലിറ്റിയുടെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് 25 ദിവസത്തിനകം കരാറുകാരൻ പരാതി പരിഹരിക്കേണ്ടതാണെന്ന് കരാർ നിബന്ധന 10 ൽ പറയുന്നു. ഇത് പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല. 3.15.9.2011 ലെ 3055 / ഡി.എ3 / 2011 തസ്വഭവ സർക്കുലർ നിർദ്ദേശങ്ങൾ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവും ഉള്ള ആളുകളെക്കൊണ്ട് മാത്രമേ കരാറുകാരൻ പ്രവൃത്തികൾ ചെയ്യിക്കുവാൻ പാടുള്ളൂ. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് ഉറപ്പു വരുത്തിയിട്ടുള്ളതായി തെളിയിക്കുന്ന രേഖകൾ ഫയലിലില്ല.പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പരാതികളുടെ വിശദാംശം രേഖപ്പെടുത്താനായി ഒരു രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്. അത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. 29.4.21 ൽ PW 2 PW 4 15126 19 നം. കത്തു മുഖേന KR E Ws സെക്രട്ടറിക്ക് അസി. എഞ്ചിനീയർ നൽകിയ കത്തിൽ വിവിധ വാർഡുകളിലായി നിരവധി ലൈറ്റുകൾ തകരാറിലായതായും 2 ദിവസത്തിനകം തകരാറുകൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ടികത്തിന്മേൽ ഉണ്ടായ തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

5. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് 3.11.2020 പ്രാബല്യത്തിൽ പെരിഞ്ഞനം സർക്യൂട്ട് ടെക്നോളജി കുടുംബശ്രീ LED നിർമ്മാണ യൂണിറ്റുമായി കരാർ ഉണ്ടാക്കിയിരുന്നു. എഗ്രിമെന്റ് നം. 37/ 2020 - 21 .ഫയൽ നം. PW4/ 842119

വൗച്ചർ നം. 22001788 തിയതി 23.12.20 പ്രകാരം മെയിന്റനൻസിന് 1773600 രൂപ സർക്യൂട്ട് ടെക്നോളജിക്ക് നൽകിക്കാണുന്നു. അവരുടെ മെയിന്റനൻസ് ക്ലെയിം ബിൽ പരിശോധിച്ചതിൽ ക്രൂസ് കെ ജി എൽ LED സ്ഥാപിച്ച പോസ്റ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്. 24 W LED റിപ്പയർ ചെയ്തതിന് 400 രൂപ നിരക്കിൽ തുക കൈപ്പറ്റിയിട്ടുണ്ട്.ക്രൂസ് കെ.ജി. എൽ ഇൻസ്റ്റലേഷൻ നടത്തിയ പോസ്റ്റ് നമ്പരുകൾ അതാത് വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തി നൽകിയതും സർക്യൂട്ട് ടെക്നോളജി ബില്ലുകളും താരതമ്യം ചെയ്തതിൽ നിന്ന് 25 ക്രൂസ് കെ.ജി.എൽ പോസ്റ്റുകളിലെ എൽ.ഇ.ഡികൾ സർക്യൂട്ട് മെയിന്റനൻസ് നടത്തി പണം കൈപ്പറ്റിയിട്ടുണ്ട്. പോസ്റ്റു നമ്പരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | പോസ്റ്റ് നം. |
|---|---|---|
| 1. | 4 | CKC 8/14 |
| 2. | " | CKC11 |
| 3. | " | PER24 |
| 4. | 5 | MCC40/33 |
| 5. | 23 | ACR16 |
| 6. | " | ACR3 |
| 7. | 7 | MTR4 |
| 8. | " | MTR3/I |
| 9. | " | MTR15 |
| 10. | " | MTR3/7 |
| 11. | " | MMR8/L-3 |
| 12. | 9 | KNR58 |
| 13. | " | EKR24/2 |
| 14. | 10 | MSV-26 |
| 15. | 16 | MR15/28 |
| 16. | " | RS32/8 |
| 17. | " | TGM2 |
| 18. | " | TGM6/1 |
| 19. | " | TGM 7/3 |
| 20. | " | TGM13/15 |
| 21. | " | TGM7/19 |
| 22. | 1 | KBR37 |
| 23. | 2 | KIJ88/3 |
| 24. | 34 | KCP151/16 |
| 25. | 3 | MPR36 |

യഥാർത്ഥത്തിൽ ഇൻസ്റ്റലേഷൻ നടത്തി 2 മാസത്തിനകം തന്നെ ക്രൂസ് കെ ജി എൽ 24 വാട്ട് എൽ ഇ ഡി ലൈറ്റുകൾ തകരാറിലാകാൻ തുടങ്ങി എന്നതിന് വ്യക്തമായ തെളിവാണിത്. സർക്യൂട്ട് കമ്പനി തുടർന്നു സമർപ്പിച്ച 416400 രൂപയുടെ ബില്ലിലും മേൽ അപാകത ആവർത്തിച്ചിട്ടുണ്ട്. 45 പോസ്റ്റുകൾ ആവർത്തിച്ചത് പക്ഷേ ഓവർസിയർ കണ്ടെത്തി 45x400 = 18000 രൂപ കുറച്ചാണ് പേമെന്റ് നടത്തിയത്. 9 /2020 മുതൽ തന്നെ തകരാറുകൾ ഉണ്ടായിരുന്നിട്ടും 4/ 202 1 ലാണ് അസി.എഞ്ചിനീയർ ക്രൂസിന് കത്തു നൽകുന്നത്. കെ.ജി എല്ലുമായി ചമച്ച കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് പിഴവ് പറ്റിയതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.

സർക്യൂട്ട് ടെക്നോളജിക്കു നൽകിയ ആദ്യബില്ലിൽ അവർ മെയിന്റനൻസ് നടത്തേണ്ടതില്ലാത്ത പ്രവൃത്തിക്കു നൽകിയ 10000 രൂപ തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ക്രൂസ് കെ.ജി.എൽ കരാർ വ്യവസ്ഥകൾ ലംഘിച്ചുവെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.വാറണ്ടി കാലയളവിനുള്ളിൽ ഇൻസ്റ്റലേഷൻ നടത്തി തകരാറിലായ 24 W LED വിളക്കുകൾ മെയിന്റനൻസ് നടത്താൻ അടിയന്തിരനിർദ്ദേശം നൽകി ആയത് പ്രാവർത്തികമാക്കിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. കരാർ വ്യവസ്ഥ ലംഘിക്കപ്പെടുന്നുവെങ്കിൽ ആയത് റദ്ദാക്കി വസ്തുവകകൾക്കുണ്ടായ നഷ്ടം

സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വസൂലാക്കേണ്ടതാണ്.

7. നഗരസഭയിൽ തെരുവു വിളക്കുകൾക്കായി പോസ്റ്റ് നമ്പർ, ലൈറ്റ് നം സഹിതം വാർഡ് തിരിച്ച് കൃത്യമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.1516 LED ലൈറ്റുകൾ പുതിയത് സ്ഥാപിച്ചെങ്കിൽ അത്രയും തന്നെ പഴയ ലൈറ്റുകളും അനുബന്ധ സാമഗ്രികളും നഗരസഭയിൽ തിരിച്ചെത്തിക്കേണ്ടതും രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ മെറ്റീരിയൽസ് ഉണ്ടെങ്കിൽ ആയതിൽ ഉൾ ചേർക്കേണ്ടതുമായിരുന്നു.പ്രസ്തുത രേഖ /രജിസ്റ്റർ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.നഗരസഭ പ്രൊക്യൂർ മെന്റ് കമ്മിറ്റി വൻ തുകയുള്ള ഈ പർച്ചേസ് സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി മിനിറ്റ് സിൽ രേഖപ്പെടുത്തിയിട്ടില്ല.

8. എസ് ജെ ഇലക്ട്രോലിങ്ക്സ് മെയിന്റനൻസ് പ്രവൃത്തി കരാർ കാലയളവ് പൂർത്തിയാക്കാത്തതിനാൽ നഗരസഭ കരാർ അവസാനിപ്പിക്കാൻ തീരുമാനമെടുത്തു. 15.9.20 ലെ 13-ാം നമ്പർ തീരുമാനം മുഖേന കരാർ അവസാനിപ്പിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്ക് പുതിയ ടെണ്ടർ വിളിക്കുന്നതിനും തീരുമാനിച്ചു.തുടർന്ന് 30.9.20ലെ തീരുമാനം നം.12 മുഖേന 2021 മാർച്ച് 31 വരെയുള്ള 6 മാസത്തേക്ക് പോസ്റ്റൊന്നിന് 400 രൂപ നിരക്കിൽ മെയിന്റനൻസ് നടത്തുന്നതിന് സർക്യൂട്ട് ടെക്നോളജി എന്ന സ്ഥാപനത്തിന് അനുമതി നൽകി തീരുമാനിച്ചു.ഒപ്പം ഹൈമാസ്റ്റ് സോഡിയം വേപ്പർ ലാമ്പുകൾ ഒരെണ്ണം 1950 രൂപയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനും പാർട്ട്സ് മാറ്റേണ്ടവ മാറ്റി റിപ്പയർ ചെയ്യുന്നതിനും തീരുമാനമെടുത്തു. 6.9.18 ലെ സ.ഉ. [സാധാ] നം 2385/ 2018 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കൗൺസിൽ തീരുമാനം. പ്രസ്തുത ഉത്തരവിലാകട്ടെ തൃശ്ശൂർ ജില്ലയിൽ മാളയിലുള്ള ഒറിയോൺ LED യൂണിറ്റിനു മാത്രമാണ് അംഗീകാരം.[മേലുത്തരവിനെ ആധാരമാക്കി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ 30.6.20 ൽ കയ്പമംഗലം MLA ക്ക് നൽകിയ കത്ത് നം. 6781 /D /2018 KSHO കത്ത് ഫയലിലുണ്ട്].

ഉത്തരവിൽ മെയിന്റനൻസ് സംബന്ധിച്ച പ്രധാന നിബന്ധന ലൈസൻസും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്ക പാലിക്കണം എന്നുള്ളതാണ്.നിരക്ക സംബന്ധിച്ച് അത്തരം എന്തെങ്കിലും അന്വേഷണം നടത്തിയതായി ഫയലിൽ രേഖയില്ല. 24, 25. 9. 20 ന് സർക്യൂട്ട് ടെക്നോളജി സമർപ്പിച്ച നിരക്കുകൾ അതേപടി അംഗീകരിച്ചതായാണ് കാണുന്നത്.നിരക്കുകൾ സംബന്ധിച്ച് നെഗോഷിയേഷൻ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിച്ചതായി രേഖകൾ ഫയലില്ല. നഗരസഭാ പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഇതു സംബന്ധിച്ച് തീരുമാനം എടുത്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

9. സർക്യൂട്ട് ടെക്നോളജിയുമായുള്ള എഗ്രിമെന്റ് നം.37 /2020- 21 പരിശോധിച്ചതിൽ 3.11.20 കരാർ തയ്യാറാക്കിയെങ്കിലും നിബന്ധന 25 പ്രകാരം 30.10.2020 മുതൽ 31.4.2021 വരെ 6 മാസം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കരാറിലെ നിബന്ധന 7 പ്രകാരമുള്ള ഇലക്ട്രിക്കൽ േകാൺട്രാക്റ്റേഴ്സ് ലൈസൻസ് സ്ഥാപനത്തിനോ സ്ഥാപനം ഏർപ്പാടാക്കുന്ന സൂപ്പർവൈസർമാർക്കോ ഉണ്ടായിരുന്നതായി ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല. അംഗീകൃത ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിലാണ് ജോലികൾ നടന്നതെന്ന് തെളിയിക്കുന്ന രേഖയും ലഭ്യമായിട്ടില്ല.കരാർ പ്രകാരം പരിരക്ഷ ഉണ്ടെങ്കിലും നിയമാനുസൃത രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തി പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ടത് നഗരസഭയുടെ ഉത്തമതാൽപര്യം സംരക്ഷിക്കുന്നതിന് സഹായകമായിരിക്കും.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് [ നം.6 / 18.2.22 , നം.7 / 19.2.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22(G1) നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ഭാഗം 2 ക്രമ നമ്പർ 5 പ്രകാരമുള്ള 10000 രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ചു നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക 10000 രൂപ കഴിച്ച് ബാക്കി ചെലവു തുക 79,89,264 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം- അപാകതകൾ ; 1292048 രൂപ നിരാകരിക്കുന്നു.10726961 രൂപ തടസ്സത്തിൽ വെക്കുന്നു.

Project No.207/21 ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

വികസന ഫണ്ട് ജനറൽ അടങ്കൽ തുക :13000000

ചെലവ്:12019009

വൗച്ചർ നം:22000676/28.04.20 തുക 1564414

വൗച്ചർ നം:22001286/19.10.20 തുക 2357425

വൗച്ചർ നം:22001286/27.01.21 തുക 2923838

വൗച്ചർ നം:22002097/8.02.21 തുക 1970233

വൗച്ചർ നം:22002557/26.03.21 തുക 3203099

ഫയൽ PW1- 14022 /17

AS Amount:30000000

21.04.2018 ലെ കൗൺസിൽ തീരുമാനം നം 1 പ്രകാരം ഭരണാനുമതി ലഭിച്ചു.

TS No.116594/2018-19

LSGD/TS/2018-19/58368/22.2.2019

SoR:DsoR 2016

Cost Index:37.25%

T.S Amount:3കോടി

MB Nos: 219-19/20, 303-19/20, 33A-19/20, 92/20, 95/21,170/21 Etc

Notice Inviting Tender:23.2.2019

ഗംഗ കൺസ്ട്രക്ഷൻസ്:25382519.35

സഫ കൺസ്ട്രക്ഷൻസ്:25523437.48

28.5.19 ലെ 11ാം നമ്പർ തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗംഗ കൺസ്ട്രക്ഷൻസിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

എഗ്രിമെന്റ്:1/19-20dt.18.6.19

2017 - 18 ൽ ആവിഷ്കരിച്ച പ്രൊജക്ടിന്റെ നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഗംഗ കൺസ്ട്രക്ഷൻസിന്റെ മാനേജിഗ് പാർട്ട്ണർ മീനമാമുവിന്റെ PWD A Class Licence ന്റെ കാലാവധി 31.3.20 വരെയാണ്. എഗ്രിമെന്റ് രജിസ്റ്ററിൽ F4-1441/2000 നമ്പരുള്ള 494520 രൂപയുടെ ബാങ്ക് ഗ്യാരണ്ടി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഒരു വർഷത്തിനു ശേഷം പുതുക്കി വെയ്ക്കാമെന്ന് 13.6.19 ന് മീനാമാമുവുമായി കരാർ ചമച്ചിട്ടുണ്ട്. ബാങ്ക് ഗ്യാരണ്ടി പുതുക്കിയതിന്റെ വിവരം ഫയലിൽ/എഗ്രിമെന്റ് രജിസ്റ്ററിൽ ലഭ്യമല്ല. ബഹുവർഷ പദ്ധതിയായതിനാൽ കരാറുകാരന്റെ ലൈസൻസ്, ബാങ്ക് ഗ്യാരണ്ടി എന്നിവ പ്രവൃത്തി കാലാവധിയിലും കാലികമായിരിക്കേണ്ടതാണ്. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2.പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം അളവു പുസ്തകത്തിൽ ഓഡിറ്റ് തിയതിയിലും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അളവു പുസ്തകം നം./<br>പേജ്നം/തീയതി | മണ്ണിന്റെ അളവ് M3 |
|---|---|
| 219/19-20/2/20.11.209 | 243M3 |
| 219/19-20/63/23.4.2020 | 241M3 |
| 219/19-20/67/23.4.2020 | 66.552M3 |
| Total | 550.552m3 |

2019 -20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.83ൽ പ്രതിപാദിച്ച കുഴിച്ചെടുത്ത മണ്ണ് സംബന്ധിച്ച അപാകതകൾ പരിഹരിച്ചതായി രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയത് നിലനിൽക്കുന്നു. 2019 -20 ഓ. റി ഖ. 1.83 കാണുക.കുഴിച്ചെടുത്ത മണ്ണിന്റെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

3.മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തതവരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ചാത്തൻ മാസ്റ്റർ ഹാൾ പ്രവൃത്തിയുടെ 37.25 % കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല. ടാക്സ് വിഹിതം കൂടി ഉൾപ്പെട്ടതാണ് 37.25% കോസ്റ്റ് ഇൻഡക്സ്.27.2.2019 ലെ T S അനുസരിച്ചാണ് എഗ്രിമെന്റ്. എഗ്രിമെന്റിന്റെ ഭാഗമായ NIT നോട്ടീസ് വ്യവസ്ഥ 117 ൽ"The Rates Quoted For Various Items Of The Works Remain Unaffected By Any Changes That May Be Made From Time To Time In The Rates At Which The Above Levies Are To Be Made"എന്ന വ്യവസ്ഥയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾക്കും കരാർ വ്യവസ്ഥക്കും വിരുദ്ധമായി GST വിഹിതം ഉൾപ്പെടുന്ന 137.25[37.25%] എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക്ബില്ലിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 12% GST കൂട്ടിനൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.ഫസ്റ്റ് &പാർട്ട് ബിൽ

M.B.No.219/19-20

മൂല്യനിർണ്ണയം - 1432613.51 + 171913.82 ( 12 % GST)

2.സെക്കന്റ് &പാർട്ട് ബിൽ

M.B.No.92/19-20

മൂല്യനിർണ്ണയം -2104843.35 + 252581.20 ( 12 % GST)

3.തേർഡ് &പാർട്ട് ബിൽ

M.B.No.92/19-20

മൂല്യനിർണ്ണയം -2610570 + 313268 ( 12 % GST)

4.ഫോർത്ത് &പാർട്ട് ബിൽ

M.B.No.33/21

മൂല്യനിർണ്ണയം -1759137 + 211096 ( 12 % GST)

5.ഫിഫ് ത്ത് &പാർട്ട് ബിൽ

M.B.No.95/21

മൂല്യനിർണ്ണയം -2859910 + 343189 ( 12 % GST)

ആകെ GST തുക=1292048 രൂപ

കരാർ വ്യവസ്ഥ, നിലവിലെ സർക്കാർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി ഗംഗ കൺസ്ട്രക്ഷൻസിന് തൻ വർഷം വിവിധ ബില്ലുകളിലായി അനുവദിച്ച 12% GST തുക 12,92,048 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

4.മേൽ പാർട്ട് ബില്ലുകളിൽ നിന്നും ആദായ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്. കമ്പനിയാണ് കരാർ എടുത്തിരിക്കുന്നത് എന്നതിനാൽ 14.5.20 ന് മുമ്പ് നൽകിയ ബില്ലുകളിൽ 2% ശതമാനവും പിന്നീട് 1.5% ആണ് ഈടാക്കേണ്ടത്. [ഇൻകം ടാക്സ് കമ്മീഷണറുടെ 13.5.20 ലെ നിർദ്ദേശപ്രകാരം 14.5.20 മുതൽ 31.3.2021 വരെ കരാറുകാരിൽ നിന്ന് 0.75% വും കമ്പനിയിൽ നിന്ന് 1.5% വും ആണ് ഈടാക്കേണ്ടതാണ്.]
മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി [ നം. 19 / 26.2.22 ]ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 3 ൽ 1,2,3,4,5 പ്രകാരമുള്ള രൂപ 12,92,048 രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക 12,92,048 രൂപ കഴിച്ച് ബാക്കി ചെലവു തുക 107,26,961 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 ഷീ ലോഡ്ജ് പദ്ധതി - അപാകതകൾ ;714075 രൂപ നിരാകരിക്കുന്നു. 4468184 രൂപ തടസ്സത്തിൽ വെക്കുന്നു.

PROJECT NO:206/21 ഷീ ലോഡ്ജ്
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
വികസന ഫണ്ട് ജനറൽ അടങ്കൽ തുക :7200000
ചെലവ്:5182259
വൗച്ചർ നം:22001694/14.12.20 തുക 1440469
വൗച്ചർ നം:22002627/29.3.21 തുക 3741790
ഫയൽ PW1- 9184 /17
AS Amount:30000000
5.7.2017 ലെ കൗൺസിൽ തീരുമാനം നം. 9 പ്രകാരം ഭരണാനുമതി ലഭിച്ചു.
TS No.116590/2018-19
LSGD/TS/2018-19/134144/22.22019
SoR:DsoR 2016
Cost Index:37.25%
MB Nos: 120/21, 92/21,130/21
Notice Inviting Tender:23.2.2019
ഗംഗ കൺസ്ട്രക്ഷൻസ്:19996921.36
മിജോയ് മാമു കോടഞ്ചേരി:19780511.48
28.5.19 ലെ 10ാം നമ്പർ തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മിജോയ് മാമുകോടഞ്ചേരിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. 2017 - 18 ൽ ആവിഷ്കരിച്ച പ്രൊജക്ടിന്റെ നിർവ്വഹണം അന്തിമഘട്ടത്തിലാണ്.
ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. [A] ഇ-ടെന്ററിൽ പങ്കെടുത്തത് ഒരു കമ്പനിയും ഒരു വ്യക്തിയുമാണ് ; ഗംഗ കൺസ്ട്രക്ഷൻസും മിജോയ് മാമു കോടഞ്ചേരിയും . കുറവ് ക്വാട്ട് ചെയ്ത് ടെൻഡർ നേടിയ മിജോയ് മാമു കോടഞ്ചേരി ഗംഗ കൺസ്ട്രക്ഷൻസിന്റെ ഭാഗമാണെന്ന് ഫയൽ രേഖകൾ തെളിയിക്കുന്നു.മേൽ പ്രവൃത്തിയുടെ ഫസ്റ്റ് പാർട്ട് ബിൽ അനുവദിച്ചത് ഗംഗ കൺസ്ട്രക്ഷൻസിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ്. സൗത്ത് ഇൻഡ്യൻ ബാങ്ക് A/c No. 0161 07300000026 IFC SIBL0000161. നഗരസഭയുടെ മറ്റൊരു ബഹുവർഷ പദ്ധതിയായ ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം ഗംഗ കൺസ്ട്രക്ഷൻസാണ് ടെണ്ടർ എടുത്തിരിക്കുന്നത്. ഫയൽ PW1-14022/17 . മീനാ മാമുവിന്റെ കോൺട്രാക്ടേഴ്സ് ലൈസൻസാണ് കമ്പനിയെ പ്രതിനിധീകരിച്ച് ഹാജരാക്കിയിരിക്കുന്നത്. ടി ഫയലിൽ അവർ നോമിനിയായി വെച്ചിരിക്കുന്നത് മിജോയ് മാമു കോടഞ്ചേരിയെയാണ്. പ്രവൃത്തി ബില്ലുകൾ ടെണ്ടർ എടുത്ത് എഗ്രിമെന്റ് വെച്ച കരാറുകാരന്റെ അക്കൗണ്ടിലേക്കാണല്ലോ മാറി നൽകേണ്ടത്. ഷീലോഡ്ജിന്റെ ഫസ്റ്റ് ആന്റ് പാർട്ട് ബിൽ കരാറുകാരനായ മിജോയ് മാമുവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം കമ്പനി അക്കൗണ്ടിലേക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സെക്കന്റ് പാർട്ട് ബിൽ മിജോയ് മാമുവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത്. A/c No. 0161 073000000688 IFC SIBL0000161. പ്രവൃത്തി ബില്ലുകളിലെ തുക വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് നൽകുന്നത് നിലവിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. നഗരസഭയുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ ഇടപെടൽ ഉണ്ടായതായി ഫയലിൽ രേഖപ്പെടുത്തലില്ല. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
[B] ഫയലിൽ സൂക്ഷിച്ചിട്ടുള്ള മിജോയ് മാമുവിന്റെ B Class ലൈസൻസിന്റെ കാലാവധി 31.3.20 വരെയാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 4,94,520 രൂപയുടെ ബാങ്ക് ഗാരന്റിയുടെ No. 06BG000022020/4.2.20 കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയത് സമയബന്ധിതമായി പുതുക്കി വെയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പുതുക്കിയതായി രേഖയില്ല. ബഹുവർഷ പദ്ധതിയായതിനാൽ കരാറുകാരന്റെ ലൈസൻസ്,ബാങ്ക് ഗാരന്റി എന്നിവ പ്രവൃത്തി കാലാവധിയിലും Valid ആയിരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. മേൽ പ്രവൃത്തിയുടെ സെക്കന്റ് ആന്റ് പാർട്ട് ബിൽ അനുവദിച്ചതിൽ ഏതാനും ഇനങ്ങളിൽ അധിക തുക നൽകിയതായി കാണുന്നു.
[A]എഗ്രിമെന്റ് ഷെഡ്യൂൾ ക്രമ നം 10 ഇനം ,4.1.8 Providing And Laying In Position Cement Concrete.....MB NO. 92/21 Page No.17 ൽ 11.401m3 ന പകരം തെറ്റായി 35.915 M3നുള്ള നിരക്ക് നൽകിക്കാണുന്നു.
[B]എഗ്രിമെന്റ് ഷെഡ്യൂൾ ക്രമ നം 11 ഇനം 5.37.2 Providing And Laying In Position Ready Mixed M-25 Grade Concrete......MB NO. 92/21 Page No.18 ൽ 79.094 ന പകരം തെറ്റായി 80.366m3 നുള്ള നിരക്ക് നൽകിക്കാണുന്നു.

| നൽകിയ തുക | നൽകാവുന്നത് | വ്യത്യാസം |
|---|---|---|
| [A]<br>35.915*5950=213694.25/- | 11.401*5950=67835.95/- | 145858.30/- |
| [B]<br>80.366*10200=819733.20/- | 79.094*10200=806758.8/- | 12974.40/- |

| | | |
|---|---|---|
| | ആകെ തുക | 158832.70/- |

[A]+[b]=145858.30+12974.40= 158832.70 രൂപ കരാറുകാരന് അധികം നൽകിയതായി കാണുന്നു. ആയത് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ ശരിയാണോ എന്നുറപ്പു വരുത്തേണ്ടതും അളവു പുസ്തകത്തിൽ ക്യാരി ഓവർ ചെയ്ത അളവുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

3. മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തതവരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.VAT/GST വിഹിതം ഒഴിവാക്കി PWD പുറപ്പെടുവിച്ച കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ GST വിഹിതം പ്രത്യേകമായി അനുവദിച്ച് നൽകാം എന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയത്.VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 % ൽ നിന്നും 31.06 % ആയി മാറുകയുണ്ടായി.31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഷീ ലോഡ്ജിന്റെ എസ്റ്റിമേറ്റിൽ ജി.എസ് ടിക്ക് പ്രത്യേകമായി വിഹിതം വകയിരുത്തിയിട്ടില്ല.എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി GST വിഹിതം ഉൾപ്പെടുന്ന 37.25% എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ബില്ലിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 12% GST കൂട്ടിനൽകിയിട്ടുണ്ട്.

ഫസ്റ്റ് ഏൻഡ് പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 1286133രൂപ അധികമായി നൽകിയ 12% GST തുക 154336 രൂപയും സെക്കന്റ് ഏൻഡ് പാർട്ട് ബിൽ മൂല്യം 3340883 രൂപ അധികമായി നൽകിയ 12 % GST തുക 400906 രൂപയും ഓഡിറ്റിൽ നിരാകരിക്കുന്നു. ആകെ 555242 രൂപ തിരികെ ഈടാക്കേണ്ടതാണ്.

4. 24.7.2020ലെ സ . ഉ [കൈ] നം.111 / 2020 / തസ്വഭവ പ്രകാരം ഷീ ലോഡ്ജ് നിർവ്വഹണം സംബന്ധിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.പ്രസ്തുത ഉത്തരവ് നിർദ്ദേശം 2 ൽ പറയുന്ന ഏത് മാതൃകയിൽ നടപ്പിലാക്കാനാണ് നഗരസഭ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുന്ന ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

നിർമ്മാണം പുരോഗമിക്കുന്ന കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മിക്കുന്നതെന്ന് സെക്രട്ടറി കൂടി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് [ നം. 17 / 25.2.22 , നം. 52 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.[ 9.3.22 ലെ PW1 – 1796 / 22(G1) നം.കത്ത് ]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 2 പ്രകാരമുള്ള 1,58,832.70 രൂപ, ക്രമ നമ്പർ 3 പ്രകാരമുള്ള 5,55,242 രൂപ എന്നിവ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക[158832.70+555242] 714075 രൂപ കഴിച്ച് ബാക്കി ചെലവു തുക 44,68,184 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ്- വിഭാവനം ചെയ്ത രീതിയിൽ പൂർത്തിയാക്കാനായില്ല. അധികം നൽകിയ GST തുക 47851 രൂപ നിരാകരിക്കുന്നു.ബാക്കി ചെലവു തുക 230950 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പ്രൊജക്ട് നം. 288/ 21 [SO]
എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
ഫയൽ PW1- 565 /19
CFC ഗ്രാന്റ് അടങ്കൽ തുക:1084200
ചെലവ് :278801
വൗച്ചർ നം:22000689/7.05.20 തുക 278801
ഭരണാനുമതി:19.4.2018 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം
AS Amount:2600000
TS No.116655/2018-19/23.02.19
TS Amount:1500000
LSGD/TS/2018-19/145423/23.2.2019
SoR:DsoR 2016
Cost Index:37.25%
MB No: 57/2018-19

1.നഗരസഭയിലെ മാപ്രാണം സോണൽ ഓഫീസ്, വെജിറ്റബിൾ മാർക്കറ്റ്, മീറ്റ് മാർക്കറ്റ്, ട്രെഞ്ചിംഗ് യാർഡ് എന്നീ സ്ഥലങ്ങളിൽ ഷെഡ് നിർമിച്ച് 1 യൂണിറ്റ് = 3 എണ്ണം 2 യൂണിറ്റ് 4 എണ്ണം 7 യൂണിറ്റ് 14 എണ്ണം എന്നിങ്ങനെ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ IRTC മുണ്ടൂർ എന്ന അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യം വെച്ചത്. 28 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രൊപ്പോസൽ ആണ് IRTC സമർപ്പിച്ചത്.ആയതിൽ ട്രെഞ്ചിംഗ് യാർഡിലെ പ്രവൃത്തിയുടെ വിശദാംശമാണ് മുകളിൽ ചേർത്തത്.1.3.2019 ന് എഗ്രിമെന്റ് ഒപ്പുവെച്ചു.

22.3.2019 ന് വർക്ക് ഓർഡർ നൽകി.ആറുമാസം പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തിയുടെ അവസാന ചെക്ക് മെഷർ മെന്റ് 15.1.2020 ലാണ്'.മറ്റു സ്ഥലങ്ങളിൽ ഉദ്ദേശിച്ച പ്രവൃത്തി നടത്തിയതായി ഫയലിൽ രേഖകളില്ല. പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാതിരുന്നതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.വൗച്ചർ നം. 45 /8/ 19 ചെക്ക് നം ICICI589686/ 16.8.19 പ്രകാരം 750000 രൂപ മുൻകൂർ ആയി IRTC ക്ക് കൈമാറി.

1.3.2019 ലെ കരാർ നിബന്ധന പ്രകാരം GST 12% ഫൈനൽ ബില്ലിനൊപ്പം നൽകണമെന്നാണ്. ഫൈനൽ ബില്ലിൽ 5% മാണ് നൽകിയത്. ടാക്സ് പ്രൊവിഷൻ ഉൾക്കൊള്ളാത്ത 37.25 % കോസ്റ്റ് ഇൻഡക്സ് അനുസരിച്ചുള്ള പ്രവൃത്തിക്ക് GST ആനുകൂല്യം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് *243W* പ്രകാരമുള്ള പട്ടികയിൽ മുനിസിപ്പാലിറ്റികളുടെ ചുമതലകളായി [ മാലിന്യ

സംസ്കരണം അനിവാര്യ ചുമതല ] ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല.

ആകെ പ്രവൃത്തി മൂല്യം:957023.85

Add 5% Gst :47851

നിലവിലെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി കരാർ നിബന്ധന അംഗീകരിച്ചതിനും 5 % GST കൂട്ടി നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.ഉന്മൂർ മുഴി രീതിയിൽ വളം നിർമ്മാണം നടക്കുന്നതായി 28.2.22 ന് നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റിന്റെ വിപണനം നടത്തുന്നുണ്ടോ എന്ന് ഹെൽത്ത് സൂപ്പർവൈസർ വ്യക്തമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് [നം. 17 / 25.2.22 , നം. 52 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി [നം. 33 / 3.3.22] മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർച്ച് മാസമായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി പ്രവൃത്തികൾ സൈറ്റിലും ഓഫീസിലും ത്വരിതഗതിയിൽ നടക്കുന്നതിനാൽ എൻക്വയറികൾ വിശദമായി പരിശോധിച്ച് മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. [9.3.22 ലെ PW1 – 1796 / 22{G1} നം.കത്ത്]. ഈ റിപ്പോർട്ടിന് ആദ്യ മറുപടി ലഭ്യമാക്കുന്ന അവസരത്തിൽ വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 2 പ്രകാരമുള്ള 47851 രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ സൂക്ഷ്മ പരിശോധന നടത്താതെ ബിൽ അനുവദിച്ച നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക 47851 രൂപ കഴിച്ച് ബാക്കി ചെലവ് തുക 230950 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല,

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ചത് | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY-HUDCO | | 12400000 | 34173332 | 3586666 | | 4286666 |
| PMAY Loan | G.O.(Rt)No.842/2020 /LSGD/08.05.2020 | 1581000 | | 12894600 | 618435 | 2286400 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7929118 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 220465** |
| ആകെ | 8149583 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 8149583/-* |

*(വിവരങ്ങൾ ബാലൻസ് ഷീറ്റ് പ്രകാരം.) ഇതിൽ രൂപയുടെ നിക്ഷേപവും രൂപയുടെ ഇക്വിറ്റി ഷെയറും ഉൾപ്പെടുന്നു. ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**ഫിക്സഡ് ഡെപ്പോസിറ്റിന് തൻവർഷം ലഭിക്കേണ്ട പലിശ കണക്കാക്കി ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ടി തുക പലിശയിനത്തിൽ വരവായി എടുക്കേണ്ടതായിരുന്നു.എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-19 | 2006-07 | 26 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 1998-99 | 16 | 2002-03 | 145 | ലഭ്യമല്ല | ലഭ്യമല്ല |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 426705870.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 395693790.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം,<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2352343/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28733866/- |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | - | 39881/- | ശ്രീ.പ്രസാദ്.വി.എ.സ്.,അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-2 | - | 227241/- | ശ്രീ.പ്രസാദ്.വി.എ.സ്.,അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-3 | - | 21247/- | ശ്രീ.പ്രസാദ്.വി.എ.സ്.,അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-4 | - | 10000/- | ശ്രീ സുഭാഷ് എം.കെ മുനിസിപ്പൽ എഞ്ചിനീയർ |
| 3-5 | - | 171914 /- | ശ്രീ.രാജ്.ജെ.ആർ , മുനിസിപ്പൽ എഞ്ചിനീയർ |
| | - | 252581/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | - | 313268/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | - | 211096/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | - | 343189/- | ശ്രീമതി.ഗീതാകുമാരി സി,എസ് ,മുനിസിപ്പൽ എഞ്ചിനീയർ |
| | ആകെ | 1292048/- | |
| 3-6 | - | 158833/- | ശ്രീമതി.ഗീതാകുമാരി സി,എസ് ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 154336/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽഎഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | | 400906/- | ശ്രീമതി.ഗീതാകുമാരി സി,എസ് ,മുനിസിപ്പൽ എഞ്ചിനീയർ |
| | ആകെ | 714075 /- | |
| 3-7 | | 47851 /- | ശ്രീ.രാജ്.ജെ.ആർ , മുനിസിപ്പൽ എഞ്ചിനീയർ |
| | | 2352343/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-53 | 60169/- | ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി |
| 1-63-2 | 837072/- | ശ്രീ.ആർ.സജീവ് , ഹെൽത്ത് സൂപ്പർവൈസർ |
| | 812928/- | ശ്രീ.സ്റ്റാൻലി.പി.ആർ ഹെൽത്ത് സൂപ്പർവൈസർ |
| | 92072/- | ശ്രീ.സൈനുദ്ദീൻ കെ.എം.ഹെൽത്ത് |

| | | |
|---|---|---|
| | | സൂപ്പർവൈസർ |
| ആകെ | 1742072 | |
| 1-63-3 | 252000/- | ശ്രീ.സൈനുദ്ദീൻ കെ.എം.ഹെൽത്ത് സൂപ്പർവൈസർ |
| 1-80 | 161498/- | ശ്രീ.പ്രസാദ്.വി.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-81 | 85000/- | ശ്രീ.പ്രസാദ്.വി.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-82 | 62000/- | ശ്രീ.പ്രസാദ്.വി.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-84 | 487500/- | ശ്രീ.രാജ്.ജെ.ആർ , മുനിസിപ്പൽ എഞ്ചിനീയർ |
| | 975000/- | ശ്രീ.രാജ്.ജെ.ആർ , മുനിസിപ്പൽ എഞ്ചിനീയർ |
| | 1763600/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | 4763164/- | ശ്രീമതി.ഗീതാകുമാരി സി,എസ് മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 7989264/- | |
| 1-85 | 1392500/- | ശ്രീ.രാജ്.ജെ.ആർ , മുനിസിപ്പൽ എഞ്ചിനീയർ |
| | 2104844/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | 2610570/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | 1759137/- | ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] |
| | 2859910/- | ശ്രീമതി.ഗീതാകുമാരി സി,എസ് മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 10726961/- | |
| 1-86 | 4468184/- | ശ്രീമതി.ഗീതാകുമാരി സി,എസ് മുനിസിപ്പൽ എഞ്ചിനീയർ |
| 1-87 | 230950/- | ശ്രീമതി.ഗീതാകുമാരി സി.എസ് മുനിസിപ്പൽ എഞ്ചിനീയർ |
| 1-88 | 2955768/- | ശ്രീമതി.ഗീതാകുമാരി സി.എസ് മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 28733866/- | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | വിലാസം |
|---|---|
| ശ്രീ.കെ.എസ്.അരുൺ, മുനിസിപ്പൽ സെക്രട്ടറി, | CRAM 18 B,കൃഷ്ണകൃപ,പണിക്കേഴ്സ് ലൈൻ,മണ്ണംമൂല,പേരൂർക്കട |
| ശ്രീ.രാജ്.ജെ.ആർ, മുനിസിപ്പൽ എഞ്ചിനീയർ | ജെ.ആർ വില്ല, വിയ്യൂർ തൃശ്ശൂർ |
| ശ്രീ.സുഭാഷ് എം.കെ, മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] | മണ്ണാശ്ശേരി വീട് കൊരട്ടി പി.ഒ തൃശ്ശൂർ 680308 |
| ശ്രീമതി.ഗീതാകുമാരി സി,എസ് മുനിസിപ്പൽ എഞ്ചിനീയർ | ചന്ദ്രഗീതം തച്ചമ്പിള്ളി റോഡ് കൊഴക്കുള്ളി പി.ഒ |
| ശ്രീ.പ്രസാദ്.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | വെളക്കത്ത് ഹൗസ്, വെസ്റ്റ് കൊരട്ടി.പി.ഒ, മാമ്പ്ര, തൃശ്ശൂർ – 680308 |

(ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | വിലാസം |
|---|---|

| | |
|---|---|
| ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി, | CRAM 18 B,കൃഷ്ണകൃപ,പണിക്കേഴ്സ് ലൈൻ,മണ്ണംമൂല,പേരൂർക്കട |
| ശ്രീ.രാജ്.ജെ.ആർ , മുനിസിപ്പൽ എഞ്ചിനീയർ | ജെ.ആർ വില്ല, വിയ്യൂർ തൃശ്ശൂർ |
| ശ്രീ.സുഭാഷ് എം.കെ , മുനിസിപ്പൽ എഞ്ചിനീയർ[അഡീഷണൽ ചാർജ്] | മണ്ണാശി വീട് കൊരട്ടി പി.ഒ തൃശ്ശൂർ 680308 |
| ശ്രീമതി.ഗീതാകുമാരി സി,എസ് മുനിസിപ്പൽ എഞ്ചിനീയർ | ചന്ദ്രഗീതം തച്ചമ്പിള്ളി റോഡ് കൊഴക്കുള്ളി പി.ഒ |
| ശ്രീ.പ്രസാദ്.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | വെളക്കത്ത് ഹൗസ്, വെസ്റ്റ് കൊരട്ടി.പി.ഒ, മാമ്പ്ര, തൃശ്ശൂർ – 680308 |
| ശ്രീ.സൈനുദ്ദീൻ കെ.എം.ഹെൽത്ത് സൂപ്പർവൈസർ | കല്ലുപുരക്കൽ ഹൗസ് നമ്പിയങ്കാവ് മാടായിക്കോണം പി.ഒ |
| ശ്രീ.ആർ.സജീവ് , ഹെൽത്ത് സൂപ്പർവൈസർ | സരയു,അമലനഗർ.പി.ഒ, RRA No.27, ചൂരക്കാട്ടുകര,തൃശ്ശൂർ-680555 |
| ശ്രീ.സ്റ്റാൻലി.പി.ആർ ഹെൽത്ത് സൂപ്പർവൈസർ | പൊയ്യാറ,ശക്തിനഗർ, ഇരിങ്ങാലക്കുട നോർത്ത്- 680125 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.2-4178/76 - 01.06.76 |
| 72-73 | എൽ.എഫ്.ടി.2-2545/75 - 04.06.76 |
| 73-74 | എൽ.എഫ്.ടി.2-5231/75 - 25.02.77 |
| 74-75 | എൽ.എഫ്.ടി.2-586/76 - 13.03.76 |
| 75-76 | എൽ.എഫ്.ടി.2-108/77 - 16.08.77 |
| 76-77 | എൽ.എഫ്.ടി.2-1116/78 - 16.04.79 |
| 77-78 | എൽ.എഫ്.ടി.4 - 670/80 - 22.05.80 |
| 78-79 | എൽ.എഫ്.ടി.4 - 2226/80 - 19.12.81 |
| 79-80 | എൽ.എഫ്.ടി.4-116/82- 31.04.83 |
| 80-81 | എൽ.എഫ്.ടി.4-2638/83 - 24.04.85 |
| 81-82 | എൽ.എഫ്.ടി.4-2663/86 - 11.05.87 |
| 82-83 | എൽ.എഫ്.ടി.4-1943/87 - 11.10.88 |
| 83-84, 84-85 | എൽ.എഫ്.ടി.4-424/91 - 13.09.91 |
| 85-86 | എൽ.എഫ്.ടി.4 - 19.09.92 |
| 86-87 | എൽ.എഫ്.ടി.4-465/93 - 31.03.94 |
| 87-88, 88-89 | എൽ.എഫ്.ടി.4-2013/95 - 5.10.96 |
| 89-90, 90-91 | എൽ.എഫ്.ടി.4-1258/96 - 11.04.97 |
| 91-92 മുതൽ 95-96 വരെ | എൽ.എഫ്.ടി.4-35/09 - 11.05.10 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.4-1042/97 - 31.03.08 |
| 96-97 (വരവ്) | എൽ.എഫ്.ടി.4-437/09 - 12.10.10 |
| 97-98 (ചെലവ്) | എൽ.എഫ്<br>എൽ.എഫ്.ടി.4-138/09/ 12.10.10<br>.ടി.4-16<br>എൽ.എഫ്.ടി.4-138/09/ 12.10.10<br>69/99 - 09.06.2000 |
| 97-98 (വരവ്) | എൽ.എഫ്.ടി.4-138/09/ 12.10.10 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01 12.12.01 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.4-568/02 06.03.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.4-440/09 23.10.2010 |
| 2000-01 ചെലവ് | എൽ.എഫ്.ടി.4-1560/04 26.02.05 |
| 2001-02 | എൽ.എഫ്.ടി.4-1220/05-05.01.06/17.07.06 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-441/09/ 23.10.10 |

| | |
|---|---|
| 2001-02 (വരവ്) | എൽ.എഫ്.ടി.4-433/09/ 23.10.10 |
| 2002-03 (ചെലവ്) | എൽ.എഫ്.ടി.4-809/07 30.04.07 |
| 2002-03 (വരവ്) | എൽ.എഫ്.ടി.4-434/09/ 21.05.2010 |
| 2003-04 | എൽ.എഫ്.ടി.4-1093/09 04.02.2011 |
| 2004-05 | എൽ.എഫ്.ടി.4-1094/09-07.02.2011/16.08.2011 |
| 2005-06 | എൽ.എഫ്.ടി.4-1612/10/24.05.2011/21.10.11 |
| 2006-07 | എൽ.എഫ്.ടി.4-1013/2010/27.09.2011/21.10.11 |
| 2007-08 | എൽ.എഫ്.ടി.(എം)692/2011/03.11.2011 |
| 2008-09 | എൽ.എഫ്.ടി.(എം)2078/11/03.11.2011/06.07.2012 |
| 2009-10 | എൽ.എഫ്.ടി.(എം)2597/11 20.06.12/05.07.12 |
| 2010-11 (വരവ്) | എൽ.എഫ്.ടി.(എം)2598/11 20.06.2012/05.07.12 |
| 2011-12 | എൽ.എഫ്.ടി.(എം)56/13 09.04.13/16.08.13 |
| 2012-13 | എൽ.എഫ്.ടി.(എം)242/14 Dt.8.5.14/9.6.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.-932/15 Dt.16.10.15 |
| 2014-15 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 1403/16 Dt.06.08.16 |
| 2015-16 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 91/2017 തീയതി.30.01.2017 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ.- (എം)1541/17 തിയ്യതി:24/11/2017 |
| 2017-18 | കെ.എസ്.എ. ടി.എസ്.ആർ.- (എം)836/19 തിയ്യതി:09/07/2019 |
| 2018-19 | കെ.എസ്.എ. ടി.എസ്.ആർ.- (എം)321/20 തിയ്യതി:25/06/2020 |
| 2019-20 | കെ.എസ്.എ. ടി.എസ്.ആർ.(എം3)-1467/2021 തിയ്യതി:30.12.2021 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്റ്റിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്